ത്തിക്കണം. അതിന്റെ നാമം എന്തും ആയിക്കൊള്ളട്ടെ. അതിന്റെ ജനയിതാവ് ആരും ആയിക്കൊള്ളട്ടെ. നമ്മുടെ ലക്ഷ്യപ്രാപ്തി, അപൂർവ്വം ചില സന്ദർഭങ്ങളിൽ നമ്മുടെ ഭാവനാസാമ്രാജ്യത്തിൽ രൂപമെടുക്കുന്ന 'മാനുഷരെല്ലാരും ഒന്നുപോലെ ആമോദത്തോടെ വസിക്കുന്ന' ആ മാവേലി കാലത്തിലേക്കുള്ള—അഥവാ സമത്വത്തിലും, സ്വാതന്ത്ര്യത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ ഒരു സമുദായവ്യവസ്ഥിതിയിലേക്കുള്ള ആദ്യത്തെ പടിയായിരിക്കും. ജയ്ഹിന്ദ്.

---

## വികാസം.

—ഓം ചേരി—

ജീവിതസ്വപ്നം ഹാ! ഹാ! മിഥ്യയല്ലവയെല്ലാ-
മീവിധം യാഥാർത്ഥ്യമായ് ത്തീർക്കട്ടെ ഞാനെൻ തോഴീ!
മന്ദഹാസത്തിൻമണി ക്കുമ്പാന്ന സൂനങ്ങൾതൻ
സൗന്ദര്യസാരത്താലെന്നംഗകം വിളങ്ങട്ടെ.
ആത്മാവിന്നുണർവേകുമസ്സുഗന്ധത്താലിന്നെ-
ന്നാകാരമാധുര്യത്തിൽ മഞ്ജിമ നിറയ്ക്കട്ടെ.
നക്ഷത്രഖണ്ഡങ്ങളെ സൂര്യകുണ്ഡത്തിൽച്ചേർത്തി-
ട്ടക്ഷയപാത്രം വെള്ളിക്കട്ടിയാൽ തീർക്കട്ടേ ഞാൻ.
പ്രാണവായുവാണെനിക്കാഹന്ത കാണുന്നോരീ
സ്ത്രൈണസൗന്ദര്യം വിശ്വമാധുര്യ സാക്ഷാത്കാരം.
ദിവ്യമാധ്വിയാമതുമുഴവൻ പകന്നു ഞാൻ
ഭവ്യമാകുമാവെള്ളിച്ചഷകം നിറയ്ക്കട്ടെ.
പൈങ്കിളിച്ചാർത്തും മന്ദവാതവും പറന്നെത്തി-
പ്പങ്കവീശട്ടെ ഹൃത്തിൽ സത്യസംഗീതങ്ങളാൽ.
മാദകാനന്ദത്താലാസ്സന്ധ്യയിപ്പകലിനെ-
സ്സാദരമധരത്തിൽ ച്ചേർത്തുകണ്ണടയ്ക്കും പോൽ.
ഒന്നുഞാനുയർത്തുമിപ്പാനപാത്രവു—മപ്പോ-
ളൊന്നുയർന്നടങ്ങുമെൻ മാനസകവാടങ്ങൾ.
ആനന്ദപൂർണ്ണോജ്ജ്വല ദീപ്തിയാന്നുയരും ഞാൻ
വാനിലേയ്ക്കുടൻ; ഞാനീവിശ്വമായ്ത്തീരുംവേഗം.
ജീവിതസ്വപ്നം ഹാ! ഹാ! മിഥ്യയല്ലവയെല്ലാ-
മീവിധം യാഥാർത്ഥ്യമായ്ത്തീർക്കട്ടെ ഞാനെൻതോഴീ!

---

## ശവകുടീരത്തിൽ.

By

(എം. കെ. ഭാസി, I. U. C.)

'ലതിക'—മാമകഫുല്ല പ്രതീക്ഷതൻ
ലതിക പൂവിട്ട മോഹന കുട്മളം—
ഇവിടെ, യാണഹോ! നിത്യസുഷുപ്തിയി—
ലമരുമേകാന്ത ശാന്തി കുടീരകം.
അലയടിച്ചടിച്ചെത്തും വികാരമെൻ
ഹൃദയതീരം കരണ്ടുപിന്മാറവേ,
ഇവിടെ,യിച്ചെറു കല്ലറ മുന്നിലെൻ
കദനഭാരമിറക്കി വയ്ക്കട്ടെ ഞാൻ.
സുദൃഢരാഗവികാര വിവശമാം
ഹൃദയരക്തത്താലിന്നാദ്യ വേദിയിൽ
അവനതാസ്യനായ് നിന്നു ഞാനിങ്ങനെ
ലിഖിത മാക്കട്ടെന്നന്ത്യ സംഗീതകം.
മധുരമാകുമൊരായിരമാശകൾ
ജലകണികപോൽ പൊട്ടിത്തകന്നു ഹാ!
ഇവിടെയെൻ ചെറു'താജ്മഹാൾ'ക്കുള്ളിലാ—
യമരുന്നുണ്ടൊരു രാഗാർദ്രമാനസം.
അനഘമാകുമെൻ ബാഷ്പോപഹാരമി—
പ്രണയകോവിലിലർപ്പിപ്പൂ ഞാനിതാ.
ഇവിടമാണെൻെറ ശാന്തിനികേതനം
ഇവിടെയാണെൻെറ പ്രേമതീർത്ഥാടനം.

---

വിനോദവീഥി.

## "നാലുപേരു്"

By

(ആർ. പ്രസന്നൻ. Cl. ii, Gr. ii.)

"സുമേ! നീ കാളേജിൽനിന്നു് വരുവാൻ ഇത്ര താമസിക്കുന്നതെന്താ? അവിടത്തെ വിക്രമങ്ങളെപ്പററി ഞാനുമല്പം അറിഞ്ഞു. ഇതൊന്നും നമ്മുടെ തറവാട്ടിനു് ചേന്നതല്ല. കേട്ടോ! അതെപ്പോഴും ഓമ്മവേണം. ഛേ! 'നാലുപേരു്' കേട്ടാൽതന്നെയെന്തുപറയും?"

വിദ്യാലയത്തിൽനിന്നും താമസിച്ചുവന്ന മകളോടു് മാതാവു് പറയുന്ന വാക്കുകളാണിതു്. തറവാടിത്തത്തെപ്പററിയെല്ലാം പ്രസംഗിച്ചിട്ടും അവസാനം വന്നുചാടിയതു കണ്ടോ? എല്ലായിടത്തുമുള്ളതുപോലെ ഇവിടെയും നമ്മുടെ 'നാലുപേൎക്കു്' സ്ഥാനമുണ്ടു്. ജനങ്ങൾ, മററെന്തിനേയും കാൾ കൂടുതൽ ഭയപ്പെടുന്നതു് ഇക്കൂട്ടരുടെ അഭിപ്രായത്തേയാണു്.

'നാട്ടുകാരു്', 'അഞ്ചാളുകൾ' എന്നൊക്കെ നമ്മുടെ സംഭാഷണത്തിനിടയിൽ വന്നുപോകാറുണ്ടല്ലോ. അവരെല്ലാം ഈ നാലുപേരുടെ സഹോദരങ്ങൾ മാത്രമാണു്.

ഈ നാലാളുകളെ കാണ്മാൻ അത്ര പ്രയാസമൊന്നുമില്ല. നമ്മുടെ ചുററുമൊന്നു് കണ്ണോടിച്ചാൽ മാത്രം മതിയാകും. പ്രായേണ ഗ്രാമപ്രദേശങ്ങളിലായിരിക്കും ഈ സംഘത്തിലെ പ്രബലാംഗങ്ങൾ അധിവസിക്കുന്നതു്. ഗ്രാമക്ഷേത്രത്തിന്റെ മുമ്പിൽ ഒരു നെടുനെടുങ്കൻ ചരിത്രവും പേറിക്കൊണ്ടു നില്ക്കുന്ന ആ വയസ്സൻ അരയാലുവൃക്ഷത്തിന്റെ ചുവട്ടിൽ കൂടിയിരുന്നു്, വെടിപറയുന്ന അഞ്ചാറാളുകളെ നിങ്ങൾ കാണുന്നില്ലേ! മുന്നോട്ടു തള്ളിനില്ക്കുന്ന ഭാരിച്ച കുടവയറുമായുള്ള സംഘട്ടനത്തിൽ തോൽവിയടഞ്ഞ, ആ കറുത്ത കരയൻമുണ്ടിന്റെ മുന്തിയങ്ങനെ അഴിഞ്ഞു തൂങ്ങുന്നുണ്ടാവും. ഈയക്കിൽകരയൻ തോത്താണു്, ഉത്തരീയമായി ധരിച്ചിരിക്കുന്നതു്. ചമ്രംപടഞ്ഞിട്ടു് വട്ടംകൂടിയിരുന്നു് നാട്ടുകാൎയ്യങ്ങൾ തട്ടിമൂളിക്കുന്ന ഇവരാണു് മേൽപ്പറയപ്പെട്ട സംഘത്തിലെ അംഗങ്ങൾ. പട്ടണവാസികൾ കൂടുമ്പോൾ ചെറിയ ഒരു കാപ്പികുടി, കൂടിയുണ്ടാകാറുള്ളതുപോലെ ഇവരുടെ മുമ്പിലും കാണും, ഒരുപൊതി മുറുക്കാൻ. ഒലിച്ചിറങ്ങുന്ന രക്തവൎണ്ണമായ ചാറിനെ ഒന്നുകൂടി ഊററിവലിച്ചെടുത്തും, കൈകൊണ്ടോ, ഉത്തരീയം കൊണ്ടോ അവശേഷിക്കുന്ന ഭാഗം തുടച്ചും അവർ അങ്ങിനെ ആ സരസസംഭാഷണത്തിനു് രസം കൂട്ടുന്നുണ്ടാവും.

"നമ്മുടെ കൃഷ്ണപിള്ളയെ ഇന്നു് കാണാനില്ലല്ലോ. എന്തുകൊണ്ടെന്നറിഞ്ഞില്ല" എന്നിങ്ങനെ കൃഷ്ണപിള്ളയെക്കുറിച്ചുള്ള പ്രസ്താവം അയാളുടെ മുററത്തുനില്ക്കുന്ന പ്ലാവിനെപ്പററിയും, അതിന്റെ ഉയൎന്നുനില്ക്കുന്ന വേരിൽതട്ടി നിലത്തുവീണ ശങ്കരച്ചാരുടെ മകളുടെ ഭൎത്താവിന്റെ ഈയിടെയുള്ള രാത്രിസഞ്ചാരത്തിലേക്കുമായിരിക്കും ചെന്നുചാടുന്നതു്.

'സ്ത്രീമെമ്പറ'ന്മാരും ഈ സംഘത്തിൽ ഒട്ടുംകുറവല്ല. താരതമ്യേന ഇവരുടെ അഭിപ്രായപ്രകടനങ്ങൾക്കായിരിക്കും ഏറെ മൂൎച്ചയുണ്ടാവുക. അസ്തമനസൂൎയ്യന്റെ ചെങ്കതിരുകൾതട്ടി നദീജലം പുളകം കൊള്ളുമ്പോഴായിരിക്കും ഇവരുടെ അസംബ്ലി സാധാരണയായി കൂടാറുള്ളതു്. വീട്ടുജോലികളെല്ലാം തീൎത്തു്, എണ്ണ, സോപ്പു്, ഉമിക്കരി തുടങ്ങിയ ആയുധ

ങ്ങളുമേന്തിയായിരിക്കും ഇവരുടെ പുറപ്പാട്. ആററുകടവിൽ ഭംഗിയായി കെട്ടിയിട്ടുള്ള കല്പടകളായിരിക്കും ഇവരുടെ വിഹാര രംഗം. കറുത്തിരുണ്ട ഉമിക്കരിയാൽ ആവൃതമാക്കപ്പെട്ട ദന്തനിരയെ പുറത്തുകാട്ടിയും, മാരവില്ലിനെ നാണിപ്പിക്കുന്ന പുരികക്കൊടികളെ ഇടയ്ക്കിടെ ചഞ്ചലിപ്പിച്ചും, വളകളുടെ കിലുകിലാരവം പുറപ്പെടുവിച്ചും കൊണ്ടുള്ള ഇവരുടെ വിമർനവിഷബാംബുകൾ എത്രയെത്ര ദാമ്പത്യസൌധങ്ങളെയാണു് അടിയോടെ തകർക്കുന്നതു് ? മററാരാളെക്കൊണ്ടു നടത്തിക്കുന്ന മുതുകുതിരുമ്മലിൽ നിന്നനുഭവിക്കുന്ന ചെറിയസുഖം, ഇവരുടെ സംഭാഷണത്തിന് ഉന്മേഷമാണുണ്ടാക്കുക! പുതുതായി നിയമിക്കപ്പെട്ട നേഴ്സിൻെറ പഴയ പ്രണയകഥയും, ശാന്തിക്കാരൻ പോററിയും, തൂപ്പുകാരിയമ്മുവുമായി ഈയിടെ തുടങ്ങിയ അനാശാസ്യ ബന്ധവുമൊക്കെയായിരിക്കും ഇക്കൂട്ടരുടെ സംഭാഷണവിഷയം.

ഈ വിപുലസംഘത്തിൻെറ ശാഖകൾ പ്രാധാനപ്പെട്ട പട്ടണങ്ങളിലും സംസ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. കാളേജ്‌വിദ്യാർത്ഥികളുടെയിടയിലും, ഉയർന്ന ഉദ്യോഗസ്ഥഗൃഹങ്ങളിൽ തൊഴിലില്ലാതിരിക്കുന്ന 'കൊച്ചമ്മ'മാരുടെയിടയിലുമാണു് ഈ സംഘത്തിൻെറ പ്രവർത്തനം ഊർജ്ജിതമായി നടന്നുവരുന്നതു്.

തിരുവനന്തപുരം പാർക്കിൽ പോയാൽമതി ഇക്കൂട്ടരെ ഡസൻ കണക്കിനു് കണ്ടെത്തുവാൻ! സിഗററിൻെറ ധൂമഗന്ധത്തിനിടയിൽക്കൂടി പ്രവഹിക്കുന്ന പൌഡറിന്റെ നേരിയ പരിമളം ആസ്വദിച്ചു്, ഇടയ്ക്കിടെ എതിരെയിരിക്കുന്ന തരുണീമണികളെ കടാക്ഷശരങ്ങൾകൊണ്ടു മുറിവേല്പിച്ചും, കൊണ്ടായിരിക്കും ഇക്കൂട്ടരുടെ സംഭാഷണചക്രം മുന്നോട്ടു പോകുന്നതു്.

ഈ സംഘത്തെ' വളമിട്ടു വളർത്തിക്കൊണ്ടു പോകുന്നതു് രണ്ടാമത്തെക്കൂട്ടരാണ്. ഇതരജോലികൾ ഒന്നുംതന്നെയില്ലാത്തതിനാൽ തങ്ങളുടെ ശ്രദ്ധമുഴുവൻ ഈ സംഘത്തിൻെറ അഭിവൃദ്ധിക്കായി വിനിയോഗിക്കുവാൻ കഴിയുമെന്നുള്ളതാണു് ഇക്കൂട്ടർക്കുള്ള മേന്മ!

ഈ സംഘാംഗങ്ങൾ വരുത്തിക്കൂട്ടുന്ന വിനകളോ ? അതേപ്പററിയൊന്നും പറവാനില്ല. ഇവരുടെ അഭിപ്രായങ്ങൾ കാററാടിപോലെ മാറിക്കൊണ്ടിരിക്കും. "അഭിപ്രായങ്ങൾ ഒരിക്കലും ഇരുമ്പുലക്കകളായിരിക്കരുതു്" എന്നാണു് ഇവരുടെ മുദ്രാവാക്യം. ഈ സംഘത്തിൻെറ വിമർശന ഖഡ്ഗപാതമേററു് മുറിവേററ ഒരു സാധുസ്നേഹിതനെ എനിക്കറിയാം. സാമാന്യം ഭേദപ്പെട്ട ഒരു നായർ തറവാട്ടിലെയംഗമാണയാൾ. കൊല്ലൻെറ' മിടുക്കുകൊണ്ടോ, കുടുംബവേദനയുടെ കാർണ്ണ്യം കൊണ്ടോ

അയാരം B. A. ക്ലാസ്സ്‌വരെയെത്തി B. A. യ്ക്കും ആ വഷംതന്നെ ജയം നേടി. തുടങ്ങിയല്ലോ; നമ്മുടെ നാലുപേർ!

"കൊച്ചൻ ബഹുമിടുക്കനാണു്. ചെറുപ്പത്തിലേതന്നെ എനിക്കവനെയറിയാം" എന്നുതുടങ്ങുന്നതു് ഒരു പൂർവ്വകഥാപ്രസംഗത്തിന്നു് നാന്ദിയായിട്ടാണു്.

"ഓ! ഞാനോക്കുന്നു! ഈ പയ്യന്നു് അന്നു് ഏഴോ, എട്ടോ വയസ്സുകാണും. മൂപ്പരെക്കാണാനായി എനിക്കത്രെടം ഒന്നു പോകേണ്ടിയുണ്ടായിരുന്നു. ഞങ്ങരം പലതും സംസാരിച്ച കൂട്ടത്തിൽ മൂപ്പർ ഇവനെപ്പററിയും പറവാനിടയായി. മൂപ്പർ ഉടനെ പയ്യനെ വിളിച്ചു് അവൻെറ അഗാധപാണ്ഡിത്യം അതിഥിക്കു് കാട്ടിക്കൊടുക്കുവാൻ ആജ്ഞയും നല്കി. തുടങ്ങിയല്ലോ! ഇടവപ്പാതിപോലെ" ഞാൻതന്നെയിരുന്നു മിഴിച്ചുപോയി. കൊച്ചുപയ്യനെ! രാമായണഗ്രന്ഥം വായിച്ചു് ഒരു തടസ്സവും കൂടാതങ്ങ അത്ഥം പറകയാണു്. വാക്കുകരംക്കോ? ഒരു വിഷമവുമില്ല, അന്നേ ഇതെല്ലാം ഞാൻ നിരൂപിച്ചതാണു്. അവനിതാ ഇതിൻറപ്പുറത്തും കൈവരുത്തും."

ഇങ്ങിനെ ഒരു പ്രവചനത്തോടതു് അവസാനിക്കയായി. ഏഴെട്ടു പെൺമക്കളുള്ള ചില ദുർഭാഗ്യവാന്മാർ ചിലചില്ലറ വിവാഹാലോചനകളുമായി മൂപ്പരെ സമീപിക്കാതിരുന്നതുമില്ല. പക്ഷേ ഈ അസൂയാജനകമായ അവസ്ഥ അധികനാരം നീണ്ടുനിന്നില്ല. വീട്ടുകാരുടെ നിർബന്ധം കൊണ്ടോ, അതേ, വിദ്യാത്ഥിജീവിതത്തിലുള്ള ആശ പിന്നേയും അവശേഷിച്ചതിനാലോ, കഷ്ടകാലത്തിനയാരം F. L. നു് ചേന്നു. ആ പരീക്ഷയുമായുണ്ടായ ഏററുമുട്ടലിൽ ഇഷ്ടൻ പരാജയപ്പെട്ടു. അപ്പോഴാണു് ഈ നാലുപേർ സംഘാംഗങ്ങളുടെ തനിനിറം വെളിപ്പെട്ടതു്. ഫണവും വിടുർത്തിക്കൊണ്ടിറങ്ങിയല്ലോ അവർ!

"ഹേ! ചെറുക്കൻ ശുദ്ധമഠയനാ! കാണാപ്പാഠം പഠിച്ചു് ഇതുവരെയെത്തിയെന്നേയുള്ളു. വക്കീൽപരീക്ഷക്കു കള്ളസൂത്രം വല്ലതുമെടുത്താൽ പററുമോ? നാലുകയ്യു് ഉഴപ്പുമിട്ടുകൊണ്ടു് 'ചാചറാ' പറയാനുള്ളതല്ലേ-എന്നു് തീരെ അലക്ഷ്യമായി ചിലരും; കുറേക്കൂടി മയംവരുത്തി.

"ഹേ! അവൻ വെറും ശപ്പനാണു്. പട്ടണമല്ലയോ! അവിടെയും ഇവിടേയും നടന്നു് പഠിക്കാതെ കാലം കഴിച്ചുകൂട്ടി. അതുതന്നെ കാരണം" എന്നു മററുചിലരും!

ഒററഃത്താൽവി വരുത്തിവച്ച മാററങ്ങളാണിതു്. അടുത്തകൊല്ലം അയാം ജയിക്കുകയാണെങ്കിൽ ഇവയെല്ലാം പാടേ മാറുമെന്നുള്ളതിന്നു് സംശയമില്ലല്ലോ!

ഇങ്ങിനെയൊക്കെയാണെങ്കിലും ലോകചക്രത്തിൻെറ ശരിയായ തിരിച്ചിലിന്നു് ഇവർ അത്യാവശ്യമാണു്. ഇവൎക്കു് പ്രത്യേകിച്ചാരോടും ഒരു ദ്വേഷവും കാണുകില്ല; പരിതഃസ്ഥിതികൾക്കനുഗുണമായ വിധത്തിലായിരിക്കും ഇവരുടെ അഭിപ്രായപ്രകടനങ്ങൾ. നിങ്ങൾ ഒന്നതിരക്കി നോക്കണം! അല്ലെങ്കിൽ തങ്ങളുടെ കാൎയ്യംതന്നേ നോക്കിക്കൊണ്ടാൽമതി. വാസ്തവത്തിൽ, ഇവരുടെയഭിപ്രായത്തെ ഭയന്നാണു് മിക്കവാറും മാനമായിക്കഴിയുന്നതു്. ഇവരില്ലാത്ത ലോകമൊന്നു ഭാവനചെയ്തുനോക്കുക! വസ്ത്രം മാറുന്നപോലെയായിരിക്കും ഭാൎയ്യയേയും ഭൎത്താവിനേയും അന്നുമാറുക! വേശ്യാലയങ്ങളിലും, മദ്യഷാപ്പുകളിലും, തിങ്ങിക്കൂട്ടുവാൻ ആളുകൾ അന്നു മടിക്കയില്ല! അതിൻെറ അനന്തരഫലങ്ങൾ എത്ര ഭയങ്കരങ്ങളായിരിക്കും! സമുദായം തന്നെയന്ന് ഉലഞ്ഞു് താഴെവീഴും. പുരോഗമനക്കാർ എന്തുതന്നെ പറഞ്ഞാലും നമുക്കു് ഇവരെ തീററിപ്പോററിക്കൊണ്ടു തന്നെ പോകണം. സമുദായസൌധത്തിൻെറ നട്ടെല്ലുതൂണുകളാണവർ നാട്ടാചാരങ്ങളുടെ നാരായവേരുകളും!

അതുകൊണ്ടു്,

"നാലുപേർ" സംഘത്തിന്നു് "കീജേ!"

---

# ചിത്രകലയിൽ നമുക്കുള്ള അഭിരുചി.

By

**പി. കെ. രാമകൃഷ്ണൻ. ക്ലാസ് I**

ചിത്രങ്ങളും ചിത്രകാരന്മാരും നമ്മുടെ നാട്ടിൽ കുറവല്ല. പൂൎവ്വകാലം മുതല്ക്കു തന്നെ കേരളീയൎക്കു് വിഗ്രഹനിൎമ്മാണത്തിലും ചിത്രമെഴുത്തിലും അതിരററ കൗതുകവും പാണ്ഡിത്യവുമുണ്ടായിരുന്നു. അതിൻെറ പരിണതഫലങ്ങളുടെ അവശിഷ്ടങ്ങൾ ഇന്നും മലയാളക്കരയിൽ അങ്ങുമിങ്ങും കാണ്മാനുണ്ടു്.

രംഗവിലാസം കൊട്ടാരവും ശ്രീചിത്രാലയവും തിരുവിതാംകൂറുകാർക്ക് പ്രത്യേകിച്ചു് അഭിമാനം ജനിപ്പിക്കുന്ന രണ്ടു കലാലയങ്ങളാണു്. ശാന്തഗാംഭീര്യം തുളുമ്പുന്ന ബുദ്ധവിഗ്രഹങ്ങളും, പുരാണകഥകളെ ചിത്രീകരിക്കുന്ന ശിലാപ്രതിമകളും ഇവിടെ ഒട്ടനവധിയുണ്ടു്. ഏതൊരു കലാകാരൻെറയും ഹൃദയത്തെ ആനന്ദനിമഗ്നമാക്കുവാൻ പര്യാപ്തമായതും, അവൻെറ കലാപ്രകടനത്തിനു പ്രചോദനം നല്കുന്നതുമായ പ്രകൃതിരാമണീയകം ഇന്നാട്ടിനുണ്ടെന്നുള്ളതും പ്രസ്താവയോഗ്യം തന്നെ.

എന്നാൽ ഇന്നത്തെ ചിത്രകാരന്മാരുടെ നില, തികച്ചും പരിതാപകരമാണു്. ജന്മസിദ്ധമായ വാസനയുള്ളവർപോലും തൂലികയും ചായവുമായി പരിചയിക്കുവാനോ, നൈപുണ്യം സമ്പാദിക്കുവാനോ ശ്രമിക്കാത്തതിൻെറ രഹസ്യം എന്തായിരിക്കും? കലാകുതുകികൾ കുറഞ്ഞുവരുന്നതുകൊണ്ടോ, ഉദരപൂരണത്തിനു് ചിത്രമെഴുത്തു് പര്യാപ്തമല്ലാത്തതുകൊണ്ടോ ആയിരിക്കാം അങ്ങനെ സംഭവിക്കുന്നതു്. ഉത്തേജകമായ പ്രോത്സാഹനമില്ലാതെ മുമ്പോട്ടു പോകുവാൻ കഴിയാത്തതിൽ പാവപ്പെട്ട ചിത്രകാരനെ പഴിപറയേണ്ട കാര്യമില്ല

സ്വയം പര്യാപ്തതയുള്ള ചിത്രകാരന്മാർ ഇന്നു് തുലോം കുറവാണു്. ക്യാമറായുടെ സഹായത്താൽ ലഭിക്കുന്ന ഒരു ചിത്രത്തെ തുണ്ടുതുണ്ടുകളായി അളന്നു വിഭജിച്ചു് കേവലം ഒരു ഭൂപടം വരയ്ക്കുന്നപോലെ വലുതാക്കിയെഴുതി, പണം സമ്പാദിക്കുന്ന കലാകാരന്മാരാണു് ഇന്നധികവും കാണപ്പെടുന്നതു്. ഹൃദയസ്പൃക്കുകളായ രംഗങ്ങളെ വിഭാവനം ചെയ്തു് വർണ്ണസങ്കലനം കൊണ്ടു് തുണിയിലോ കടലാസിലോ അതിനെ പ്രതിബിംബിക്കുവാൻ അവൻ ശ്രമിക്കുന്നുമില്ല; അവനു് കഴിയുന്നുമില്ല. വിവിധവികാരങ്ങളെയും സൗന്ദര്യവൈരൂപ്യാദികളേയും തന്മയത്വമായി ചിത്രീകരിക്കുന്നതിനോ അനുരൂപമായ പശ്ചാത്തലം സൃഷ്ടിക്കുന്നതിനോ വെളിച്ചവും നിഴലും തെററുകൂടാതെ ചിത്രത്തിൽ പ്രദർശിപ്പിക്കുന്നതിനോ ഇന്നത്തെ കലാകാരന്മാർക്കു് അറിഞ്ഞുകൂടാ. ഒരു "സ്വഭാവോക്തി"യുടെ രീതിയിലാണു് ഇന്നത്തെ ചിത്രങ്ങളെന്നു് വേണമെങ്കിൽ പറയാം. പക്ഷേ അത്തരത്തിലെങ്കിലും സ്വന്തമായി ഒരു ചിത്രം ശരിയായി വരയ്ക്കുവാൻ അയാൾക്കു കഴിയാത്തതു കഷ്ടം തന്നെ.

കലാസ്വാദകന്മാരുടെ കുറവാണു് മറെറാരുവൈഷമ്യം. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർപോലും മനോഹരങ്ങളായ ആലേഖ്യങ്ങളിൽ സ്ഫുരിക്കുന്ന രമണീയതയാൽ ആകൎഷിക്കപ്പെടാത്തതു്, അവരുടെ വിദ്യാഭ്യാസകാലത്തിൽ ചിത്രകലയുമായി യാതൊരു ചേർച്ചയുമുണ്ടാകാത്തതുകൊ

ണ്ടായിരിക്കാം. ഏതായാലും വിദ്യാഭ്യാസത്തിൽ, ചിത്രകലക്കു് കുറച്ചു കൂടി പ്രധാനമായ ഒരു സ്ഥാനം നല്കുന്നതു നന്നായിരിക്കും.

ഇന്നു് തിരുവിതാംകൂറിലെ കലാകാരന്മാർക്കു് മുമ്പുപറഞ്ഞപോലെ, കേവലം സ്വഭാവോക്തി നിറഞ്ഞ ചിത്രങ്ങൾ സൃഷ്ടിക്കുവാനേ കഴിയൂ. അതു തന്നെയും അനുകരണമാണു്. യൂറോപ്യൻ ചിത്രകലയുടെ തണലിൽനിന്നുകൊണ്ടാണു് നമ്മുടെ കലാകാരന്മാർ ചിത്രമെഴുതുന്നതു്. എന്നാൽ ബംഗാളി ചിത്രങ്ങളെക്കാളും സ്ഫുടതരമായി അന്തഃസൗന്ദര്യത്തെ പ്രകാശിപ്പിക്കുന്ന ചിത്രങ്ങൾ നിർമ്മിക്കുവാൻ കഴിവുള്ളവർ ഒരു കാലത്തു് ഇവിടെ ഉണ്ടായിരുന്നു. ഇന്നു് ആ രീതി, നമുക്കു് അത്ര രസിച്ചില്ലെന്നു വന്നേക്കാം. എങ്കിലും ബാഹ്യമായ സൗന്ദര്യത്തെക്കാളും ആന്തരമായ സൗന്ദര്യത്തിനു് പ്രാധാന്യം കൊടുത്തു് എഴുതുന്ന ചിത്രങ്ങൾക്കു് മേന്മകൂടും. വികാരങ്ങളെയും വിചാരങ്ങളെയും കഴിയുന്നത്ര ചിത്രത്തിൽ പ്രദർശിപ്പിക്കുവാൻ നാം അഭ്യസിക്കേണ്ടിയിരിക്കുന്നു. ശ്രീചിത്രാലയത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന ചിത്രങ്ങളുടെ കൂട്ടത്തിൽ, പ്രസിദ്ധറഷ്യൻ ചിത്രകാരനായ റോറിച്ചിൻെറ "ദൂതനും," കൊടുങ്കാററിൽ കൂടിപ്പോകുന്ന യാത്രക്കാരും," മററും കാണേണ്ടതാണു്. ചിത്രകലയിൽ ഒരു നൂതന രീതിയാണു് അദ്ദേഹം സൃഷ്ടിച്ചിരിക്കുന്നതു്. ഉചിതമായ പശ്ചാത്തലവും, പ്രേക്ഷകൻെറ ഹൃദയം കൈവരുവാൻ തക്കകഴിവും, സർവ്വപരിശുദ്ധിയും, അതിനുണ്ടു്. പക്ഷേ അത്തരത്തിലുള്ള ചിത്രങ്ങൾ, തിരുവിതാംകൂറിലെ പട്ടിണിക്കാരനായ കലാകാരൻ എഴുതാത്തതു് എന്തുകൊണ്ടാണെന്നു് നിങ്ങൾ തന്നെ ചിന്തിച്ചുകൊള്ളുക.

ചിത്രകലയിൽ നമുക്കുള്ള അഭിരുചി ദൈനംദിനം കുറഞ്ഞുവരികയാണു്. അഭിനന്ദനത്തിനു് പാത്രമാകേണ്ട ചിത്രങ്ങളെയും, കലാകാരന്മാരേയും, കണ്ടുപിടിക്കേണ്ട കാലം കഴിഞ്ഞു. അവരെ പ്രോത്സാഹിപ്പിക്കുവാൻ നാം അമാന്തിക്കുന്നതു് വളരെ കഷ്ടംതന്നെ. വിശുദ്ധമായ ഒരു ഹൃദയത്തോടെ, മാനസിക വ്യാപാരങ്ങളെ ഒരു യമിയെപ്പോലെ ഒതുക്കിക്കൊണ്ടു്, ആനന്ദപൂർണ്ണനായി, തൂലിക പ്രവർത്തിപ്പിക്കുന്ന കലാകാരൻ ധന്യൻ തന്നെ. പക്ഷേ അയാൾക്കും ജഠരവും ജഠരാഗ്നിയുമുണ്ടു്. അതു നാം വിസ്മരിക്കരുതു്.

കണ്ണഞ്ചിപ്പിക്കുന്ന നിറപ്പകിട്ടു്, നമ്മെ വഞ്ചിക്കുവാൻ ഇനിയും അനുവദിക്കരുതു്. അനുഗുണങ്ങളായ വർണ്ണങ്ങളും, അളവും തോതും തെററാതെയുള്ള ഉള്ളടക്കവും, ഇല്ലാത്ത ഒരു ചിത്രവും ചിത്രമല്ല. പാലൊളിപരത്തികൊണ്ടു് അമ്പിളിയുദിക്കുന്ന രാത്രിയെ, മദ്ധ്യാഹ്നസൂര്യൻെറ

ഘോരാതപമേററു തപിക്കുന്ന പകലിനെപ്പോലെ ചിത്രീകരിക്കുന്ന ചിത്രകാരനെ മര്യാദയായി ഗുണദോഷിക്കണം. കാലാനുസൃതങ്ങളായ പരിഷ്കാരങ്ങളോടുകൂടി, ശോകാത്മകമായാലും ശരി; തോഷാത്മകമായാലും ശരി; സമൃദ്ധിയേയും സൗന്ദര്യത്തേയും പ്രദർശിപ്പിക്കുന്നതായാലും വേണ്ടതില്ല; പട്ടിണിയേയും വൈരൂപ്യത്തെയും പ്രകടിപ്പിക്കുന്നതായാലും വേണ്ടതില്ല; പ്രേക്ഷകനെ തൃപ്തിപ്പെടുത്തുവാൻ തക്കവസ്തുത, അനുരൂപമായ പശ്ചാത്തലത്തിൽ ലേഖനം ചെയ്താൽ മാത്രമേ നാം അതിനെ വാഴ്ത്താവൂ അത്തരം ചിത്രങ്ങൾ സൃഷ്ടിക്കുന്നതുകൊണ്ടും അത്തരം കലാസൃഷ്ടികളെ ആരാധിക്കുന്നതുകൊണ്ടും മാത്രമേ, നമ്മുടെ നാശോന്മുഖമായ ചിത്രകലാഭിരുചിയെ വീണ്ടെടുക്കാൻ കഴികയുള്ളു.

---

# വിദ്യാൎത്ഥികളായ നമ്മൾ.

പി. ഗംഗാധരൻ, ജൂനിയർ ബി. ഏ.

വിദ്യാൎത്ഥി പത്രാധിപർ.

സന്തോഷവും സന്താപവും നിറഞ്ഞ സാഹചര്യങ്ങളുടെ പടിവാതിലിലാണു് ലോകമിന്നെത്തിച്ചേൎന്നിരിക്കുന്നതു്. വിദ്യാൎത്ഥിലോകത്തിനെന്നല്ല, യാതൊരു ഘടകത്തിനും ആ മഹാ പ്രവാഹത്തിൽ നിന്നൊഴിഞ്ഞുമാറി നിൽക്കുവാൻ സാധിക്കയില്ല. മഹായുദ്ധമവസാനിച്ചതോടെ വിജയികൾ ന്യായാസനത്തിലേക്കും, പരാജിതർ പ്രതിക്കൂട്ടിലേക്കും കയറുകയെന്ന അന്തർദേശീയനിയമവും പതിവുപോലെ പരിപാലിക്കപ്പെട്ടുകഴിഞ്ഞു. മർദ്ദിത വിഭാഗത്തിൻെറ അവകാശസംരക്ഷണത്തിനു വേണ്ടി സമരംചെയ്തുവെന്നു് അഭിമാനിക്കുന്ന ബ്രിട്ടീഷുകാർ, കഴിഞ്ഞ പലശതവൎഷങ്ങളായി പാരതന്ത്ര്യമനുഭവിച്ചു വരുന്ന ഭാരതത്തിൻെറ കാര്യത്തിൽ കണ്ണടച്ചു കളയുന്ന നയം തുടരുവാൻ വിസ്മരിച്ചിട്ടില്ല. പക്ഷെ സഹനവിദഗ്ദ്ധരായ നമ്മുടെ ദേശീയ നേതാക്കന്മാരുടെ നിരന്തര സമരത്തിൻെറ ഫലമായി വിദേശികളുടെ കൈയ്യിൽ നിന്നു് സ്വാതന്ത്ര്യം പിടിച്ചുവാങ്ങുവാനുള്ള കരുത്തു നാം സംഭരിച്ചു. അങ്ങനെ വളരെ പ്രതീക്ഷകൾക്കും അവസരം നല്കിക്കൊണ്ടു് ബ്രിട്ടീഷ് ഭരണം കൈയ്യേററ ലേബർ ഗവണ്മെൻറിൻെറ മുന്നിൽ 'അലക്കുകാരൻെറ കഴുത'യെപ്പോലെ പുതിയ

യജമാനത്വം വകവച്ചുകൊടുത്തു കൊണ്ടു നില്ക്കുവാൻ പരതന്ത്രഭാരതം തയ്യാറില്ലെന്നു തെളിയിച്ചു. വർഗ്ഗീയഭിന്നതകളുടെ മൽപിടുത്തത്തിൽ നിന്നുകൂടി രക്ഷപ്പെട്ടാൽ, നമ്മുടെ മാതൃഭൂമി സ്വാതന്ത്ര്യത്തിൻെറ സുന്ദരവിഹായസ്സിലേക്കുയരുവാൻ കഴിയും. അതിനിനിയും താമസമുണ്ടാകാനിടയില്ലെന്നു് നമുക്കാശിക്കാം.

അനിരുദ്ധമായ പുരോഗതിയിൽകൂടി അനുനിമിഷം പാഞ്ഞുകൊണ്ടിരിക്കുന്ന ലോകത്തേക്കുറിച്ചു മനസ്സിലാക്കുകയെന്നതാണു് യഥാൎത്ഥമായ വിദ്യാഭ്യാസം. അങ്കഗണിതത്തിലെ സൂക്ഷ്മമായ അക്കങ്ങളെക്കൊണ്ടുള്ള ചെപ്പടിവിദ്യയോ, ശാസ്ത്രവിഷയങ്ങളുടെ ജാലവിദ്യയോ, കലാവിഭാഗത്തിൻെറ കൺകെട്ടോ മാത്രം കണ്ടുകൊണ്ട് ബാഹ്യലോകവുമായി വേർപെട്ടു നില്ക്കുന്നതല്ല, കലാലയ ജീവിതത്തിൻെറ ഉദ്ദേശ്യം. വളൎന്നു വരുന്ന ലോകത്തോടൊത്തു് നമ്മുടെ ഹൃദയവും വികസിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ വിദ്യാഭ്യാസത്തിൻെറ ആവശ്യം വേണ്ടതുപോലെ ഫലപ്രദമാകുന്നുവെന്നു് നമുക്കഭിമാനിക്കുവാൻ സാധിക്കുകയുള്ളു. ആ പ്രവാഹത്തിൻെറ മുന്നിൽ അണകെട്ടുവാനുള്ള ഏതു സംരംഭവും പ്രോത്സാഹനാൎഹങ്ങളല്ലെന്നു തന്നെയല്ല, പ്രതിഷേധാൎഹങ്ങളുമാണു്. സ്വതന്ത്ര പ്രവൎത്തനങ്ങളെ സാമുദായികനന്മയ്ക്കും, സൗകൎയ്യത്തിനും വേണ്ടി അടക്കി നിറുത്തേണ്ട അവസരങ്ങളുണ്ടു്. സ്വതന്ത്ര ചിന്തയെ കണക്കററു പ്രോത്സാഹിപ്പിക്കുന്നതു് ദോഷജനകങ്ങളാകുന്ന സന്ദൎഭങ്ങളുമില്ലാതില്ല. പക്ഷേ വിജ്ഞാന പരിപോഷണത്തിനു് വേണ്ടിയുള്ള ശ്രമങ്ങളെ തടയുന്നതു് ഒരിക്കലും ശരിയല്ല. പ്രതിനിമിഷം മാറിമറിഞ്ഞു കൊണ്ടിരിക്കുന്ന ലോകവ്യവസ്ഥിതിയെന്തന്നറിയുവാൻ ഒരു വിദ്യാൎത്ഥിക്കവകാശമുണ്ടു്. അതിനെപ്പററി ചിന്തിക്കുവാനവനൎഹതയുണ്ടു്; ചൎച്ചചെയ്യുവാനവനവകാശമുണ്ടു്. അവൻെറ സാംസ്കാരികാദൎശങ്ങളുടെ സമുപലബ്ധിക്കുള്ള ശ്രമങ്ങളിൽ അതു് ഉൾപ്പെടുന്നു. അതു് അവൻെറ മൌലികമായ അവകാശമാണു്. അത്തരത്തിലുള്ള പരിശ്രമങ്ങൾക്കു പ്രോത്സാഹനം നല്കുന്ന ഘടകങ്ങളായിട്ടാണു് കലാലയമാസികകളും വാദപ്രതിവാദ സംഘങ്ങളും മററും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. വിദ്യാൎത്ഥികളുടെ ചിന്താഗതികൾ ആ മഹനീയ ലക്ഷ്യത്തെ സമാദരിച്ചു രൂപം കൊള്ളേണ്ടതത്രേ. ബാഹ്യലോകത്തിലേക്കു പ്രത്യക്ഷപ്പെടുന്നതിനു മുൻപു് വിദ്യാൎത്ഥി വൃന്ദത്തിൻെറ സാഹിത്യപരമായുള്ള കഴിവുകൾക്കു അണിഞ്ഞൊരുങ്ങുവാനുള്ള അണിയറയാണവ. പക്ഷേ ഇന്നത്തെ ലോകപരിതഃസ്ഥിതിയിൽ നമ്മുടെ ഉദ്ദേശ്യം നാംഎത്രത്തോളം സഫലമാക്കുന്നുവെന്നുള്ള

ത്തു് ഗൗരവാവഹമായ പരിചിന്തനയ്ക്കു് അർഹമാണു്. നമ്മുടെ ചുററുപാടുകളെ തീരെ വിസ്മരിച്ചുകൊണ്ടുള്ള ജീവിതം സാദ്ധ്യമല്ല. കലയും ജീവിതവുമായി പരസ്പരം ബന്ധപ്പെട്ടുകഴിയുന്നതുകൊണ്ടു് പരിശുദ്ധമായ സാഹിത്യത്തിൽപോലും നമ്മുടെ പരിസരചിന്തകൾ പ്രതിഫലിച്ചു പോകും. രാഷ്ട്രീയകാര്യങ്ങൾ നമ്മുടെ ആശയവിനിമയത്തോടു് ഒട്ടിച്ചേരാതിരിക്കുകയുമില്ല. ഇന്നത്തെ പരിതഃസ്ഥിതിയിൽ നാം ഏറെക്കുറെ സാഹിത്യവും രാഷ്ട്രീയതയുമെല്ലാം കൈവെടിയേണ്ടിയിരിക്കുന്നു. പക്ഷെ വിദ്യാഭ്യാസത്തിൻെറ മൗലികമായ ഉദ്ദേശ്യങ്ങളോടു പ്രകടമായി ചെയ്യുന്ന ഒരു വെല്ലുവിളിയാണിതെന്ന് പറയാതിരിക്കുവാൻ നിവൃത്തിയില്ല.

ബാഹ്യലോകവുമായി യാതൊരു സമ്പക്ക്ത്തിനും അവസരം ലഭിക്കാതെ ചില 'കള്ളച്ചരക്കുകൾ' തലയിൽ കയററിയ പൊണ്ണതടികളായിട്ടാണ് കലാലയത്തിൽ നിന്നും ബിരുദം വാങ്ങിക്കൊണ്ടു് നാം പുറത്തിറങ്ങേണ്ടി വരുന്നതെങ്കിൽ, അതു വിദ്യാഭ്യാസം രാഷ്ട്രത്തോടു ചെയ്യുന്ന ഒരപരാധമെന്നേ പറയുവാനുള്ളു. ഈ അവസരത്തിൽ വിദ്യാർത്ഥികളുടെ ന്യായമായ അവകാശങ്ങളെക്കുറിച്ച് അധികൃതർ അനുകമ്പ പ്രകടിപ്പിക്കേണ്ടതാണ്. വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽക്കൂടി, സമാധാനപരമായും, സഹഭാവസമാർജ്ജനക്ഷമമായും പ്രവത്തിക്കേണ്ടതു വിദ്യാർത്ഥികളുടെ കടമയാണ്. സ്വാതന്ത്ര്യത്തിൻെറ വെളിച്ചത്തിൽ, രാഷ്ട്രത്തിൻെറ നന്മയെ ലാക്കാക്കി സദാ ചുമതലാബോധത്തോടുകൂടി, മുന്നോട്ടു പോകുവാൻ ഭാവിലോകവിധാതാക്കളായ വിദ്യാത്ഥികൾ കൈകോത്തു് സജ്ജരാകട്ടെ.

---

ചെറുകഥ

## മായാത്തചിത്രം!

കെ. എസ്സ്. നാരായണപിള്ള. ക്ലാസ്സ് 1

അന്നേദിവസവും പുലന്നു. ആ പ്രഭാതം ഒരുണർവുള്ളതായിരുന്നില്ല. പ്രാചി നവ്യകാന്തിപ്രസരത്താൽ മിന്നിത്തിളങ്ങിയില്ല. അവിടെ ഒരു മരവിച്ച രക്തവണ്ണം മാത്രം പരന്നിരുന്നു. ദുഃഖാചരണം നിർവഹിക്കുന്ന ഒരു തരുണിയെപ്പോലെ വാനം നേരിയ മേചകസാരിയണിഞ്ഞു്

മ്ലാനവദനയായി കാണപ്പെട്ടു. രാത്രിയിലുണ്ടായിരുന്ന ഇടവിടാതുള്ള വർഷം നിമിത്തം അന്തരീക്ഷം നിശ്ചലമായും ഭൂതലം നിർജീവമായും ചമഞ്ഞിരുന്നു. ഗ്രാമത്തിൻെറ നടുവിലൂടെ വളഞ്ഞു പിരിഞ്ഞുപോകുന്ന ആ പാത ഒരു ശ്മശാനംപോലെ ശൂന്യം!

ജോസഫ് തൻെറ ചെറു ഭവനത്തിൻെറ മുന്നിൽ നിരുന്മേഷനായി ഉലാത്തുകയാണ്. ഇടത്തെ കരത്തിലേന്തിയിരുന്ന ബൈബിളിൽ അദ്ദേഹത്തിൻെറ നയനങ്ങൾ അർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ അദ്ദേഹം വായനയിൽ ബദ്ധശ്രദ്ധനായിരുന്നില്ല. വിശാലമായ ഒരു ഭാവനാസാമ്രാജ്യത്തിൽ തൻെറ മസ്തിഷ്കം ഉഴറിപ്പാഞ്ഞു. അതിൻെറ മദ്ധ്യത്തിൽ അത്യുന്നതമായി പൊങ്ങി നിന്നിരുന്ന ധ്വജം തൻെറ സാമ്പത്തികപ്രശ്നമല്ലാതെ മറെറാന്നുമായിരുന്നില്ല. ആ സ്തംഭത്തിൻെറ മുകളിൽ ഒരു ദുർബലമായ കൊടിക്കൂറപോലെ ജോസഫ് ഉലഞ്ഞുകൊണ്ടിരുന്നു.

ഇടയ്ക്കിടെ അദ്ദേഹം സ്വന്തം വിരലുകൾ മടക്കി എന്തൊക്കെയോ പിറുപിറുക്കുന്നുണ്ട്. തൻെറ വരവുചിലവു കണക്കുകൾ. അവയല്ലാതെ അദ്ദേഹത്തിനു മറെറാന്നും ചിന്തിക്കാനില്ല. മറെറാന്നിനെക്കുറിച്ചും ചിന്തിക്കാൻ സമയമില്ലായിരുന്നു.

എങ്കിലും മിക്കസമയത്തും അദ്ദേഹത്തിൻെറ കയ്യിൽ ഒരു ബൈബിൾ കാണും. അതുണ്ടായിരിക്കുന്നതു് തനിക്കൊരു സമാധാനമാണ്. പക്ഷെ തൻെറ കണ്ണുകൾ ബൈബിളുമായി ഉരുമ്മുമ്പോൾ അദ്ദേഹത്തിൻെറ മനസ്സ് സാമ്പത്തികപ്രശ്നങ്ങളുമായി ഏറെദൂരം പൊയ്ക്കഴിയും. സർവ്വദാ ആ ചിന്തകളുടെ മുന്നിൽ അദ്ദേഹം അടിപണിഞ്ഞിരുന്നു.

ജോസഫ് തലപൊക്കി മുന്നോട്ടേക്കു നോക്കി; നനഞ്ഞുകുതിർന്നു നിൽക്കുന്ന അന്തരീക്ഷവും വിജനമായി നീണ്ടുകിടക്കുന്ന പാതയും—മേൽഭാഗത്തു് അങ്ങതാ, നരച്ച ആകാശം!

അദ്ദേഹത്തിൻെറ മുഖം മ്ലാനമായിരുന്നു...ഹൃദയം മരവിച്ചും.

ആ കുഴിഞ്ഞു താണ കണ്ണുകൾ ഭിത്തിയിൽ തൂക്കപ്പെട്ടിരുന്ന ഒരു ചിത്രത്തിൽ പതിഞ്ഞു—യേശുദേവൻ ഒരുക്കൻ മരക്കുരിശുമേന്തി മുട്ടിന്മേലിഴയുന്ന ദൃശ്യം!........അധഃപതിച്ച മനുഷ്യസമുദായത്തെയാകമാനം ഉദ്ധരിക്കുവാനായിരുന്നു, 'മനുഷ്യപുത്രൻ' ആ യാതനകളനുഭവിച്ചതു്. അതിനെയപേക്ഷിച്ച് കേവലമൊരു കുടുംബത്തെ പുലർത്തുവാൻ തനിക്ക് നേരിടേണ്ട വിഷമങ്ങൾ എന്തു നിസ്സാരം!—എങ്കിലും തനിക്കതു ദുർഭരമായി അനുഭവപ്പെടുന്നു!

ജോസഫിൻെറ മുഖം വക്രിച്ചു. അദ്ദേഹം വിരസതയോടെ കൈപ്പടം തിരുമ്മി...ആ ഹൃദയം നൊമ്പരപ്പെട്ടുന്നുണ്ടായിരുന്നു.

ചിന്തകളും അനിഷ്ടസ്മരണകളും അദ്ദേഹത്തിൻെറ മനസ്സിൽ തിളച്ചുപൊങ്ങി.

താൻ എന്തിനായിട്ടായിരുന്നു ക്രൈസ്തവമതം അംഗീകരിച്ചതു്? വെറുമൊരു ധനസമ്പാദനമാർഗ്ഗമന്വേഷിച്ചായിരുന്നില്ലെ ? അന്നു താൻ നിരാശ്രയനും നിർദ്ധനനുമായ ഒരു ബാലനായിരുന്നു. വിധവയായ ഒരു മാതാവുമുണ്ടു് തൻെറ ചുമലിൽ താനാകട്ടെ വെറുമൊരാറാംക്ലാസ്സു വിദ്യാർത്ഥി— കാര്യപരിചയമില്ലാത്ത ബാലൻ—നിസ്സഹായൻ! ആ സ്ഥിതിക്കു് തനിക്കാരുടെയെങ്കിലും സഹായം അപരിത്യാജ്യമായിരുന്നു. ആ പാതിരി തന്നെ വ്യാമോഹിപ്പിച്ചു: ഉപരിപഠനവും, ഉദ്യോഗവും! താൻ ആ മോഹവലയിൽ പെട്ടുപോയി. ക്രിസ്തുമതം അംഗീകരിച്ചു. എന്നാൽ ഒരു നിമിഷമെങ്കിലും ഒരു യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിക്കുവാൻ തനിക്കു് കഴിഞ്ഞിട്ടില്ല. ഒരു ദിനമെങ്കിലും സാമ്പത്തിക വൈഷമ്യങ്ങളിൽ നിന്നുയരാൻ സാധിച്ചിട്ടില്ല....നരകിച്ചുപോയ ജീവിതം!

"ഗോപീ...." അന്നു തൻെറ മാതാവു് ആർത്തയായി വിളിച്ചു. പൊട്ടിക്കരഞ്ഞു....അത്ര ദുസ്സഹമായിരുന്നു അവർക്കു മതപരിവർത്തനം! എങ്കിലും മകൻെറ സൌഭാഗ്യത്തിനായി അവരതു സമ്മതിച്ചു. അവരും ക്രിസ്ത്യാനിയായി. ആ വന്ദ്യയുടെ അന്നേവരെയുള്ള പ്രതീക്ഷകളെല്ലാം തകർന്നുപോയി.

ആ മാതാവിതാ മരണപ്രായയായി ശയ്യയെ അവലംബിച്ചിരിക്കുന്നു. അവരെ നേരാംവിധം ശുശ്രൂഷിക്കുവാൻ പോലും താനപര്യാപ്തൻ! ഹാ! അവരൊരു ദിവസമെങ്കിലും ശാന്തിയോടെ ജീവിച്ചിരുന്നുവോ ? ആ മതപരിവർത്തനത്തിൻെറ ഫലം എത്ര ദയനീയം!

അതെ, താൻ വഞ്ചിക്കപ്പെട്ടുകയായിരുന്നു. മിഷനിൽനിന്നും തന്നെ പഠിപ്പിച്ചു. എന്നാൽ അതു മിഷൻെറയൊ പാതിരിയുടെയൊ പണം കൊണ്ടായിരുന്നോ ? സാധുക്കളിൽനിന്നും പിഴിഞ്ഞെടുത്ത പണമല്ലെ അതു് ? അവർ പകരം തൻെറ സകല ഓജസ്സും ഊററിയെടുക്കയായിരുന്നു. തൻെറ ജീവിതം മുഴുവൻ നരകിപ്പിക്കയായിരുന്നു...നശിച്ച സമുദായ നീതികൾ !......

വെറുമൊരു പതിനെട്ടു രൂപാ ശമ്പളക്കാരൻ അദ്ധ്യാപകനായ തനിക്കു് ഒരു കുടുംബം പുലർത്തണം—മാതാവിൻെറ ദീനശുശ്രൂഷകൾ നടത്തണം—മകനെ പഠിപ്പിക്കണം—വിശേഷങ്ങളെല്ലാം ആഘോഷി

ക്കണം...അങ്ങനെ പലതും. ആ പതിനെട്ടുരൂപയിൽ നിന്നൊരു കയററ മുണ്ടാകയുമില്ല. ഒരു പിടിയുമില്ലാത്ത ജീവിതം—വീർപ്പുമുട്ടൽ-കൊല്ലാതെയുള്ള മരണവേദനകൾ!.........

ജോസഫിൻെറ കണ്ണുകൾ നിറഞ്ഞു. കരൾ ഞെരിഞ്ഞു. ഒരു വശത്ത് പുകപിടിച്ച ഭൂതകാലസ്മരണകൾ—വേറൊരു വശത്ത് മരിക്കാറായ മാതാവിനെപ്പററിയുള്ള വേദന—എല്ലാററിനും മദ്ധ്യേ സാമ്പത്തിക വൈഷമ്യങ്ങളും!...അദ്ദേഹം അക്ഷമനായി ഉലാത്തി.

"അപ്പാ..." അകത്തുനിന്നുമൊരു വിളി.

"അമ്മിണീ..." അദ്ദേഹം ഗൃഹത്തിനുള്ളിൽ കയറിച്ചെന്നു.

അദ്ദേഹത്തിൻെറ പുത്രിമാർ പിതാമഹിയുടെ ശയ്യക്കരികിൽ കുനിഞ്ഞുനിൽക്കയായിരുന്നു. പിതാവും അടുത്തുചെന്നു.

"അമ്മാ..." അദ്ദേഹം വിളിച്ചു. മാതാവ് ഏറെനേരം മകൻെറ മുഖത്ത് തുറിച്ചുനോക്കിക്കിടന്നു. എന്നിട്ടവർ നാലുപാടും കണ്ണോടിച്ചു.

"അപ്പു" അവർ മന്ദസ്വരത്തിൽ പറഞ്ഞു. അതു ജോസഫിൻെറ മകനെ ഉദ്ദേശിച്ചായിരുന്നു. അമ്മിണിയുടെ അനുജൻ. അവൻ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി വിദേശത്ത്—അവൻെറ അമ്മാമൻെറ ഗൃഹത്തിൽ പാർക്കുകയാണു്.

"അപ്പു വന്നിട്ടില്ല...എഴുത്തിടട്ടേ ?" ജോസഫ് ചോദിച്ചു. അവർ തലയാട്ടി—"വേണ്ട."

"വെള്ളം" ആ രോഗിണി ആവശ്യപ്പെട്ടു. അദ്ദേഹം മകളുടെ മുഖത്തു നോക്കി.

"പഞ്ചസാര ഒട്ടുമില്ലേ മോളെ ?"

"ഇല്ലപ്പാ"

അദ്ദേഹം എണീററു—പഞ്ചസാര ഉണ്ടാക്കാൻ വഴിയന്വേഷിക്കണം.

"അരിയൊണ്ടോ, അമ്മിണീ" അദ്ദേഹം വീണ്ടും ചോദിച്ചു.

"ഇല്ല."

"ആ കാർഡും വട്ടിയുമിങ്ങെടുക്കു മോളെ" അദ്ദേഹം പുത്രിയോടു പറഞ്ഞു.

"പണമൊന്നുമില്ലാതെ..." അവൾ സംശയം പ്രകടിപ്പിച്ചു.

"കടം ചോദിച്ചുനോക്കാം."

അമ്മിണിയുടെ നേത്രങ്ങളിൽ ജലം പൊടിച്ചു. കഴിഞ്ഞതവണ തന്നെ കടക്കാരൻ റേഷൻ കടംതരികയില്ലെന്നു പറഞ്ഞതാണ്. എങ്കിലും പട്ടിണിനിമിത്തം വീണ്ടുമിതാ കടം ചോദിക്കണം...പണമില്ലാത്തവനു, നാണവും പാടില്ലത്രേ!

അവരു വട്ടിയും കാർഡും കൊടുത്തു. അമ്മക്കു തൽക്കാലം കാഞ്ഞ വെള്ളം കൊടുക്കാൻ ആജ്ഞാപിച്ചിട്ട്, ജോസഫ് പടി കടന്നു... ഇട തൂന്നുള്ള മഴച്ചാററൽ!...എന്നാൽ ആ ദരിദ്രൻ കടക്കാരൻെറ മുന്നിൽ തൻെറ മാനവും ബലി കഴിച്ചിട്ടു വെറും കയ്യോടെ മടങ്ങുകയാണുണ്ടായതു്.

വൃദ്ധയ്ക്കാകട്ടെ രോഗം വർദ്ധിച്ചുവരുന്നു. നല്ല ബോധവുമില്ല. മൂർദ്ധന്യദശയിലെത്തിയ രോഗത്തിന് ധർമ്മാശുപത്രിയിലെ മരുന്നുകൊണ്ടെന്തു ഗുണമാണു് ? ഡാക്ടരെ വരുത്താതിരിക്കുന്നതു പോരായ്മയല്ലേ ?—അവർക്കിത്തിരി ചൂടുവെള്ളം കൊടുക്കാൻ പഞ്ചസാര വാങ്ങാനുള്ള കാശു പോലും കയ്യിലില്ല താനും !

"ഇനി എന്തു ചെയ്യാനാ മോളെ ?" അവർ രണ്ടുപേരുമായി തല പുകഞ്ഞാലോചിച്ചു. ഒരു പോംവഴിയും കണ്ടുകിട്ടിയില്ല.

"അച്ചനോടു വല്ലതും കടമായി ചോദിച്ചുനോക്കട്ടെ" അദ്ദേഹം പാതിരിയുടെ അടുക്കലേക്കാണു പോയതു്......മഹാസമുദ്രത്തോടു ദാഹശമനത്തിനു ജലമർത്ഥിക്കുന്നതുപോലെ ! ലഭിച്ചാൽ തന്നെയും മനംപുരട്ടുന്ന ഉപ്പുജലം !

പാതിരിയോടു് ജോസഫ് കേണപേക്ഷിച്ചു. അവർതമ്മിൽ വളരെയൊക്കെ സംസാരിച്ചിരുന്നു."

"മകനെ, ഒരു നിവൃത്തിയുമില്ലല്ലോ ; എനിക്കിപ്പോ, വളരെ ഞെരുങ്ങിയ സ്ഥിതിയാണു്'" പാതിരി മറിഞ്ഞു നോക്കി. ഒടുവിൽ വലുതായ പലിശ തരാമെന്ന കരാറിൽ കുറെ രൂപയും മേടിച്ചു് ജോസഫ് മടങ്ങി. പോരുന്ന വഴിക്കു് അപ്പുവിനൊരു ടെലഫോൺ സന്ദേശമയക്കാനും അദ്ദേഹം മറന്നില്ല ; ഉടൻ വന്നുചേരണമെന്നു്.

അദ്ദേഹം വീട്ടിലെത്തി. ആദ്യമായി മകളുടെ പക്കൽ കുറെ രൂപ കൊടുത്തു ! അരി, പഞ്ചസാര, മണ്ണെണ്ണ—ഇങ്ങനെ പല സാമാനങ്ങളും വാങ്ങണം...അനന്തരമദ്ദേഹം ഡാക്ടരെ അന്വേഷിച്ചു് ഓടുകയായി.

ഡാക്ടർ വന്നു. ഒന്നുരണ്ടു് ഇൻജക്ഷൻ നടത്തി. പലവിലക്കൂടിയ മരുന്നുകളും നിർദ്ദേശിച്ചു. പലതും വാങ്ങിച്ചു. അന്നു പലതവണയും

ഡാക്ടർ വരികയുണ്ടായി. എന്നാൽ വൃദ്ധയുടെ ഹൃദയത്തിൽ തിങ്ങിനിന്ന വ്യഥയെയും, വയോധിക്യത്തെയും ചികിത്സിക്കാൻ ഡാക്ടക്ക മരുന്നില്ലായിരുന്നു. ഒടുവിൽ അദ്ദേഹംതന്നെ പറഞ്ഞു: അവർ രക്ഷപ്പെടുകയില്ലെന്ന്.

ജോസഫും അതിലധികമൊന്നും പ്രതീക്ഷിച്ചിരുന്നില്ല. എങ്കിലും അദ്ദേഹവും പുത്രിമാരും വിങ്ങിവങ്ങിക്കരഞ്ഞു.

പാതിരി ആഗതനായി! മരിക്കാൻപോകുന്ന വൃദ്ധയ്ക്കു് മോക്ഷമാർഗ്ഗം സജ്ജമാക്കാൻ! എന്നാൽ അവരതു നിഷേധിച്ചു. അവർ തൻെറ അന്ത്യനിമിഷങ്ങളിൽ ഇതിൽനിന്നും വ്യത്യസ്തമായ ഒരു ശുശ്രൂഷയാണു പ്രതീക്ഷിച്ചിരുന്നതു്. മതപരിവർത്തനംമൂലം അതു നഷ്ടമായി. ആഹതാശ ഉടഞ്ഞ ഹൃദയത്തോടുകൂടി ചരമശ്വാസം വലിച്ചു. "ഗോപീ..." അതായിരുന്നു അവരിൽ നിന്നുയന്ന അവസാനത്തെ അവ്യക്തസ്വരം.

അപ്പനും മക്കളും ആത്മാർത്ഥതയോടെ വിലപിച്ചു.

മാനമായ വിധത്തിൽ ശവശരീരം അടക്കം ചെയ്തു. അതിനു പരിയായി ഒരു കുടീരവും കുരിശും പണികഴിച്ചു. എന്നാൽ ആ വിധത്തിലുള്ള ഒരു സംസ്കാരമല്ല ആ മാതാവു് ആശിച്ചിരുന്നതു്. അവരുടെ ഹൃദയം ഒരു ഹിന്ദു വനിതയുടേതായിരുന്നു.

അപ്പു ഗൃഹത്തിലെത്തുന്നതിനു മുൻപുതന്നെ എല്ലാ കർമ്മങ്ങളും നടന്നുകഴിഞ്ഞു. അവൻ പൊട്ടിക്കരഞ്ഞു. അപ്പുവും അമ്മിണിയും കൊച്ചനുജത്തി മേരിയും പരസ്പരം ആലിംഗനം ചെയ്തുകൊണ്ടു് തങ്ങളുടെ തീവ്രവ്യഥയെ അന്യോന്യം പകർത്തി...ചെറുപ്പത്തിൽ മാതാവു നഷ്ടപ്പെട്ട അവർക്ക് പിതാമഹിയായിരുന്ന താങ്ങും തണലും.........

ദിനങ്ങൾ ഇഴഞ്ഞുപൊയ്ക്കൊണ്ടിരുന്നു. അതോടൊപ്പം ജോസഫിൻെറ കടവും നിരാശയും വളന്നുവന്നു. അമ്മിണി!—അതായിരുന്നു അദ്ദേഹത്തിൻെറ മുമ്പിൽ ഉയന്നുവന്ന നൂതനപ്രശ്നം. അവളെന്നും ഒരു കൊച്ചു മകളല്ല; അവൾ വളന്നുപോയി. യുവത്വത്തിൻെറ തുടിപ്പു് അവളെ ആവരണം ചെയ്തു. അതോടൊപ്പം ആന്തരമായ തുടിപ്പും വർദ്ധിക്കുന്നുണ്ടായിരിക്കണം...അവളിന്നൊരു പരിപൂർണ്ണയുവതിയാണ്—അവളെ എന്നെന്നും ആവിധം സൂക്ഷിക്കുക സാദ്ധ്യമാണോ ?

പുത്രിയെ വിവാഹം ചെയ്യിപ്പിക്കണം. അതൊരു പിതാവിൻെറ കടമയാണു്. എന്നാൽ അതൊരു നിസ്സാരകാര്യമായിരുന്നില്ല ഒരു നല്ല തുക സ്ത്രീധനം കൊടുക്കണം. പിന്നെ കുറെയൊക്കെ പൊന്നാഭരണങ്ങളും.

ജോസഫ് മകളുടെ ഗാത്രം പരിശോധിച്ചു. കഴുത്തിൽ ഒരു പൊൻനൂലുപോലുമില്ല. എങ്കിലും...ആ മാറ്...അവൾ തീരെ വളൎന്നുപോയിരുന്നു.

ആഭരണങ്ങൾ നിൎമ്മിക്കണം—പിന്നെ സ്ത്രീധനം കൊടുക്കണം. എല്ലാററിനും പണമെവിടുന്ന് ? ആകെക്കൂടെ അദ്ദേഹത്തിനുണ്ടായിരുന്നതു് ആ ചെറു വീടുമാത്രം. അതു തൻെറ ഭാൎയ്യക്ക് സ്ത്രീധനമായി കിട്ടിയതാണു്. അതു വിററാൽ കേറിക്കിടക്കാൻ ഒരു കുടിപോലുമില്ല. പോരെങ്കിൽ ഇനിയുമൊരു മകൾകൂടിയുണ്ട്. അവളും വിവാഹംചെയ്തു കൊടുക്കേണ്ടവളാണു്.

എങ്കിലും നിവൃത്തിയില്ല. ഇന്നത്തെക്കാൎയ്യം നടക്കട്ടെ—പിന്നത്തേതു പിന്നെ...അദ്ദേഹം വീടു വിൽക്കാൻ തന്നെ നിശ്ചയിച്ചു.

അമ്മിണിക്കു കാൎയ്യം മനസ്സിലായി. ആ വീടു വിററാൽ അപ്പൻെറയും സഹോദരിയുടേയും ഭാവി ദാരുണമായിത്തീരും...അവൾ ഇതിഷ്ടിച്ചില്ല. തനിക്കുവേണ്ടി അവർ നശിക്കരുതു്. അവൾ അപ്പനോടു പറഞ്ഞു:

"അപ്പാ, എനിക്കു കല്യാണമൊന്നും വേണ്ട ; ഞാൻ മഠത്തിൽ പോകയാണു്."

ആ പിതാവു നടുങ്ങിപ്പോയി. അദ്ദേഹമവളെ തുറിച്ചു നോക്കി. ആ പ്രായത്തിൽ തൻെറ ഭാൎയ്യ ഒരമ്മയായിക്കഴിഞ്ഞു. മകളെ സ്ത്രീയുടെ പാവനപദമായ മാതൃത്വത്തിൽ നിന്നകററുന്ന കന്യാമഠത്തിലേക്കയക്കയോ ? അദ്ദേഹത്തിൻെറ ആത്മാവതനുവദിച്ചില്ല. അദ്ദേഹം പറഞ്ഞു, ഏതുവിധേനയും താനവളുടെ വിവാഹം നടത്തുമെന്നു്.

അമ്മിണി വഴങ്ങിയില്ല. അവൾ പറഞ്ഞതു് താൻ വിവാഹം തീരെ ഇഷ്ടപ്പെടുന്നില്ലെന്നാണു്; ഈശ്വരാരാധികയായി താൻ മഠത്തിൽ ജീവിച്ചുകൊള്ളാമെന്നു്...കദനഭാരത്തോടുകൂടി ജോസഫ് അതിനനുകൂലിച്ചു.

ഒരു പ്രഭാതത്തിൽ അമ്മിണി ആ കുടുംബത്തോടും ഗൃഹത്തോടും യാത്രപറഞ്ഞു് പടിയിറങ്ങിപ്പോയി—കന്യാമഠത്തിലെ കന്മതിലുകൾക്കുള്ളിൽ സ്വന്തം സ്ത്രീത്വം നരകിപ്പിക്കുവാൻ ! ആ കുടുംബമാകമാനം വാവിട്ടു കരഞ്ഞു.

കാലം മുന്നോട്ടു കുതിച്ചുപോയി. അമ്മിണിയെ മഠത്തിലയച്ചതു് ജോസഫിൻെറ സാമ്പത്തികസ്ഥിതിയെ ഗുണപ്പെടുത്തിയില്ല. വിവാഹ

ത്തിനാവശ്യമുള്ളതിലധികം പണം മഠാദ്ധ്യക്ഷക്ക് പല തവണയായി കൊടുത്തുകൊണ്ടിരുന്നു. പാതിരിയോടുള്ള കടപ്പാട് വളൎന്നുവന്നു. അതോടുകൂടി ജോസഫിൻെറ ആരോഗ്യവും ക്ഷയിച്ചുതുടങ്ങി.

അവസാനം അദ്ദേഹം തീരെ കിടപ്പിലായി. സ്കൂളിൽ പോകാൻ നിവൃത്തിയുണ്ടായിരുന്നില്ല. അദ്ദേഹം ജോലിയിൽനിന്നു വിരമിച്ചു. പകരം അപ്പു ആ ജോലിയിൽ നിയമിതനായി.

ജോസഫ് രോഗശയ്യയിൽ കിടന്നുകൊണ്ടു് മേരിയെ വീക്ഷിച്ചു. അവളും പ്രാപ്തയൗവനയായി. അവളും വിവാഹപ്രായയായി. താനക്കാര്യം ഇതുവരെ ചിന്തിച്ചിരുന്നില്ല.

അദ്ദേഹം അപ്പുവിനെ വിളിച്ചു ഗാഢമായി ആലോചിച്ചു. എല്ലാം മകനെ ചുമതലപ്പെടുത്തി. അയാൾ മേരിക്ക് പല വിവാഹാലോചനയും നടത്തി. ഒടുവിൽ ഒന്നു നിശ്ചയിച്ചു; വാക്കും കൊടുത്തു.

അടുത്തതായി വീടു വിൽക്കുന്ന പ്രശ്നമായി. വളരെയൊക്കെ വിലപേശലിനു ശേഷം ഒരാൾ ഏഴന്തുറുപ്പിക കൊടുക്കാമെന്നു സമ്മതിച്ചു. ആധാരം പതിക്കാൻ ദിവസവും തീൎച്ചപ്പെടുത്തി.

അങ്ങനെയിരിക്കെ ഒരുദിനം ജോസഫിന് ഒരു നോട്ടീസു വന്നു: പാതിരിയോടു വാങ്ങിയിട്ടുള്ള പണം പലിശചേൎത്തു് ഉടൻ കൊടുക്കണമെന്നും അല്ലാത്തപക്ഷം ജോസഫിൻെറ സൎവ്വ സമ്പത്തും ജപ്തിചെയ്തു് ആ തുക ഈടാക്കുമെന്നും.

ജോസഫ് നടുങ്ങി. സൎവ്വവും അവതാളത്തിലായി. ഈ സന്ധിയിൽ വച്ചു് പാതിരി ഈവിധം ചെയ്യുമെന്നദ്ദേഹം പ്രതീക്ഷിച്ചിരുന്നില്ല. തൻെറ ജീവിതമാകമാനം പാതിരിയുടെ മുന്നിൽപ്പണയപ്പെടുത്തി. ഇതാ അയാൾ തൻെറ സന്താനങ്ങളെപ്പോലും മൎദ്ദിക്കയാണു്! കോപവും താപവും ആ നിസ്സഹായനെ വരട്ടി.

അദ്ദേഹത്തിൻെറ രോഗം വൎദ്ധിച്ചുവന്നു. അപ്പു കഴിയുന്നിടത്തോളം നല്ല ഔഷധികളും ശുശ്രൂഷകളും നൽകി. രോഗം വാശിയായില്ല. ജോസഫ് മരിക്കുമെന്നു നിശ്ചയമായി. അദ്ദേഹത്തിൻെറ ആവശ്യപ്രകാരം അമ്മിണിയും ആഗതയായി.

ഒട്ടിയ കവിൾത്തടം—കുണ്ടിൽതാണ കണ്ണുകൾ—വളൎന്ന ശ്മശ്രുക്കൾ—പതറിയ തലമുടി—വിളറിയ കൃശഗാത്രം—ജോസഫ് അങ്ങനെ ശയിക്കയാണു്. മൂന്നു മക്കളും സമീപത്തു് ദുഃഖമഗ്നരായി നിന്നിരുന്നു.

അദ്ദേഹമവരെ മാറിമാറി നോക്കി. എന്നിട്ട് തൻെറ നേരെ ചുമരിൽ തൂങ്ങുന്ന ചിത്രത്തിലേക്ക് ദൃഷ്ടികളെ പായിച്ചു. യേശുക്രിസ്തു ഒരു മരക്കുരിശിൽ ആണികളാൽ തറക്കപ്പെട്ടു കിടക്കുന്ന നിണം പുരണ്ട ചിത്രം:—ആ ത്യാഗപൂർണ്ണമായ സംഭവം കൊണ്ടു് അദ്ദേഹം മനുഷ്യഹൃദയങ്ങളിൽ വരച്ച ക്രൈസ്തവമാർഗ്ഗത്തിലാണു താൻ ചേന്നതു്. എന്നാൽ അതിൻെറ പിന്നിൽ ആത്മാവിൻെറ ചലനമുണ്ടായിരുന്നില്ല. വെറും യാന്ത്രികമായ പരിവത്തനം—ഭൗതികാവശ്യങ്ങൾക്കായുള്ള പരിവത്തനം!...താനൊരുനാളും തൻെറ ആത്മാവിനുവേണ്ടി ജീവിച്ചിരുന്നില്ല. തൻെറ ആത്മാവിൻെറ ഗതിയെന്താണു്?

അദ്ദേഹം കണ്ണുകളുയത്തി. വിശുദ്ധ കന്യാ മറിയത്തിൻെറ പടം!... ആ പരിശുദ്ധിയുടെ പരമവിഗ്രഹമായ വനിതയും ഒരു മാതാവായിരുന്നു. തൻെറ മകളാകട്ടെ ആ പാവന പദവിയിൽനിന്നകററപ്പെട്ടവൾ! ഈശ്വരാരാധനയുടെ പേരിൽ ധനത്തിനായി മാത്രം വനിതകളുടെ സ്ത്രീത്വം നശിപ്പിക്കുന്ന മഠാദ്ധ്യക്ഷകളുടെ വഞ്ചനയ്ക്കു് അമ്മിണി അടിമപ്പെട്ടു... അതെ, തൻെറ കൊള്ളരുതായ്മകൊണ്ടു്!

അദ്ദേഹം അപ്പുവിൻെറ കാര്യം സ്മരിച്ചു. താൻ വേണ്ടുവോളം അനുഭവിച്ചിട്ടും തൻെറ അരിമപ്പുത്രനെ, തന്നെ നശിപ്പിച്ച ആ നരകിച്ച പരിതഃസ്ഥിതിയിൽ തന്നെ പ്രതിഷ്ഠിച്ചു. തൻെറ കെൽപില്ലായ്മമൂലം താനവനെ വഞ്ചിച്ചു.

പാവപ്പെട്ട മേരി! പാപമറിയാത്ത ആ ശുദ്ധഹൃദയ! ദുർഭാഗ്യവശാൽ അവളുടെ കല്യാണംപോലും തടസ്സപ്പെട്ടു. ഇനി എന്തെല്ലാം അപവാദശരങ്ങൾ തന്നെ സമുദായം അവളുടെ നേരെ അയക്കയില്ല!

ഒരദ്ധ്യാപകനായി, അനേകമനേകം യുവജനങ്ങളെ ഭാവിജീവിതത്തിനു പര്യാപ്തരാക്കാൻ ജീവിതം നയിച്ച തനിക്കു് സ്വന്തം സന്താനങ്ങളുടെ ജീവിതം ഭാസ്വത്താക്കാൻ കഴിഞ്ഞില്ല. അവരെ നാരകീയ ജീവിതത്തിൽനിന്നുയത്താൻ കഴിഞ്ഞില്ല!

അദ്ദേഹം സ്വജീവിതത്തിൻെറ ഓരോ വശവും അപഗ്രഥനം ചെയ്തുനോക്കി. മാതാവു്......ഭായ്യ...എവിടെയും പരാജയം—ഭീമമായ പരാജയം! അതിനുള്ള കാരണമെന്തായിരുന്നു? നിർദ്ധനതയും ചൂഷണവും. പാതിരിയും അദ്ദേഹത്തിൻെറ മിഷനും തൻെറ ജീവിതം മുഴുവൻ ഊററിക്കളഞ്ഞു. താൻ നിത്യാന്ധകാരത്തിൽ കിടന്നു പുളഞ്ഞു!

ജോസഫിൻെറ ഹൃദയാന്തർഭാഗത്തു് നിന്നും ഒരു നെടുവീർപ്പു പൊട്ടിപ്പുറപ്പെട്ടു. ദുർബലമായ ഒരു മൂകരോദനം! എന്നാൽ അതിനു

ള്ളിൽ ഗംഭീരമായ ഒരു ശക്തിയും വിപ്ലവജ്വാലയും ഒളിച്ചിരുന്നു. അത്തരം നെടുവീർപ്പുകളെല്ലാം ഒത്തുചേൎന്ന് ഒരു കൊടുംകാററായി തീരുന്ന പക്ഷം!... ...മതത്തിൻേറയും പ്രഭുത്വത്തിൻേറയും നാമത്തിൽ നടക്കുന്ന അഴിമതികളെല്ലാം പൊടിഞ്ഞുപോകും! മത്സരത്തെയും വഞ്ചനയെയും പുലത്തുന്ന സമുദായ നീതികളും ഭരണനിയമങ്ങളും തെറിച്ചുപോകും!....

അദ്ദേഹം നയനങ്ങൾ തിരിച്ച് പുത്രരെ ദീനമായി വീക്ഷിച്ചു: "അമ്മിണീ....അപ്പൂ...മേരീ..."

"കത്താവെ" ആ വരണ്ട ചുണ്ടുകളിൽനിന്നും അവസാന ശബ്ദങ്ങൾ ഉതിൎന്നു. ആ കണ്ണുകൾ എന്നെന്നേക്കുമായി അടഞ്ഞു. ആ ഹൃദയസ്പന്ദനം നിലച്ചു. ആ മുറിയിൽനിന്നും ആൎത്തനാദം അന്തരീക്ഷത്തെ തുളച്ചുപൊങ്ങി.

ശാരീരികാവശ്യങ്ങൾക്കായി ക്രിസ്തുമതം സ്വീകരിച്ച ജോസഫിൻെറ ശരീരം ക്രിസ്ത്യൻ ആചാരപ്രകാരം ഒരു ഞെരുങ്ങിയ പെട്ടിക്കുള്ളിലാക്കി സംസ്കരിക്കപ്പെട്ടു.

അദ്ദേഹത്തിൻെറ സന്താനങ്ങൾ ആ ഗൃഹത്തിൽനിന്നിറങ്ങി—അതു നിയമപ്രകാരം പാതിരിയുടെ വീടാണ്.

അവർ പിതാവിൻെറ ശവകുടീരത്തിൻെറ മുന്നിൽ മുട്ടിന്മേൽ നിന്നു് അശ്രുകണം പൊഴിച്ചു—അവൎക്കതിനുള്ള കടമയുണ്ടായിരുന്നു.

---

## എച്ച്. ജി. വെൽസ്

(ലോക മഹാചിന്തകനും സുപ്രസിദ്ധ ഗ്രന്ഥകാരനും)

BY

T. Thomas, Class II.

ഒരു ലോകമഹാചിന്തകൻ, സമുദായ പരിഷ്കൎത്താവ്, പ്രസിദ്ധഗ്രന്ഥകാരൻ ഭാവനാസമ്പന്നൻ, തികഞ്ഞ പ്രജായത്ത ഭരണവാദി, വിമൎശനപടു എന്നീ നിലകളിൽ വിശ്വവിഖ്യാതനായ എച്ച്. ജി. വെൽസിൻെറ നിൎയ്യാണം മനുഷ്യചിന്തയുടെയും വിജ്ഞാനത്തിൻെറയും പുരോഗതിയ്ക്കുനേരിട്ട അപരിഹരണീയമായ ഒരു നഷ്ടമാണ്. നാഗരികതയെ നാശത്തിൽനിന്നും പരിരക്ഷിയ്ക്കുവാൻ അനവരതം ശ്രമിച്ച ആ ലോകചിന്തകൻെറ പ്രത്യ

ക്ഷജീവിതം ശോകമൂകതയിൽ മുങ്ങിപ്പോയെങ്കിലും അദ്ദേഹത്തിൻെറ സമുദ്ധവും, ആശയബഹുലവുമായ ഭാവനകളും വിചാരങ്ങളും വിശ്വസാഹിത്യത്തിലെ അനശ്വരതങ്ങളായി എന്നന്നേയ്ക്കും പരിലസിക്കുമെന്നുള്ളതിൽ രണ്ടു പക്ഷമില്ല. മനുഷ്യസമുദായ സംസ്കാരത്തിൻെറ, ഗതിവിഗതികളെപ്പററി ആവേശത്തോടെ അവധാരണം ചെയ്തുകൊണ്ടിരുന്ന ആ മഹാനുഭാവൻെറ അന്ത്യജീവിതഘട്ടം ഹൃദയാശ്രുക്കളിൽ കുളിച്ച ഒന്നു തന്നെയായിരുന്നു. മനുഷ്യസമുദായത്തിനു പുരോഗതിയില്ല, നല്ല രക്ഷയില്ല, എന്നുതന്നെ നീറുന്ന ഹൃദയത്തോടുകൂടി അദ്ദേഹം പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ മരണം ചിന്താലോകത്തെങ്ങും നെടുവീർപ്പുകളും ദുഃഖപൂരിതമായ അന്തരീക്ഷവും സൃഷ്ടിക്കുന്ന ഒരു സംഭവംതന്നെയാണ്.

ഇക്കഴിഞ്ഞ ആഗസ്റ്റ് 13-ന് എച്ച്. ജി. വെൽസ് ലണ്ടനിലുള്ള തൻെറ വസതിയിൽവെച്ച് മരിക്കുമ്പോൾ അദ്ദേഹത്തിന് 79 വയസ്സു പ്രായമുണ്ടായിരുന്നു. അസുഖങ്ങളും, അസൌകര്യങ്ങളും നിറഞ്ഞ ഒരു കുടുംബത്തിൽ ജനിച്ചുവളന്ന അദ്ദേഹം ലണ്ടൻ സവ്വകലാശാലയിൽ നിന്നും ഒരുന്നത ബിരുദം നേടി അവിടുന്നുതന്നെ ഒരു ലക്ച്ചറർ സ്ഥാനം കരസ്ഥമാക്കി. അതിനുശേഷം പത്രപ്രവത്തനത്തിൽ പ്രവേശിക്കുകയും തദ്വാരാ വെൽസിൻെറ ചിന്തയുടേയും ഭാവനയുടെയും ചരിത്രത്തിൽ സാരതരങ്ങളായ ചില വ്യതിയാനങ്ങൾ ആവിർഭവിക്കുകയും ചെയ്തു. ഇതു മുതൽക്കാണ് അദ്ദേഹം "Pall Mall Gazette" തുടങ്ങിയ മാസികകളിലേയ്ക്കും മററും ലേഖനങ്ങൾ എഴുതിത്തുടങ്ങിയതു്. 1935 വരെ നീണ്ടു നിന്ന നിരന്തരമായ തൻെറ തൂലികാചലനത്താൽ വിശ്വസാഹിത്യഭണ്ഡാഗാരത്തിലെ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനം അദ്ദേഹത്തിൻെറ കൃതികൾ സമാജ്ജിച്ചിട്ടുണ്ടെന്നുള്ള വസ്തുത നിസ്തക്കംതന്നെ. നോവൽ, ചെറുകഥ, ചരിത്രം, ശാസ്ത്രം, വിമശനം, രാജ്യതന്ത്രം, തത്വചിന്ത, സമുദായശാസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയ ഓരോ രംഗത്തിലും അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യം വ്യാപരിച്ചു. ഒന്നാം മഹാ യുദ്ധത്തിനുശേഷം വെൽസിൻെറ പല കൃതികളിലും മുൻകാലത്തുനിന്നും വ്യത്യസ്തമായ ഒരു നിരീക്ഷണഗതി നമുക്കു കാണാവുന്നതാണ്. 1924 മുതൽ 33 വരെയുള്ള കൃതികൾ നാം പരിശോധിക്കുന്ന പക്ഷം വെൽസിൽ സംജാതമായ ചിന്താപരമായ പരിവത്തനത്തെയും, വ്യതിയാനത്തെയും നമുക്കു കാണാവുന്നതാണ്. 1935-നു ശേഷം വെത്സ് അധികം എഴുതിയിട്ടില്ല. 1942-ലാണ് തൻെറ ലോകപ്രസിദ്ധമായ 'The conquest of Time' എന്ന ഗ്രന്ഥം അദ്ദേഹം പ്രസാധനം ചെയ്തതു്. 1942 മുതൽ തികച്ചും വിശ്രമപരമായ ഒരു ജീവിതം അദ്ദേഹം നയിക്കുകയും ചെയ്തു.

ഒരു എഴുത്തുകാരനും ചിന്തകനും എന്ന നിലയിൽ വെത്സിൻെറ സേവനങ്ങളും ആദശ്ങ്ങളും മനുഷ്യജീവിതത്തിൻെറ ഓരോ കോടിയിലും പതിഞ്ഞിരുന്നു. ആചാരപരമായും, വിശ്വാസപരമായും മനുഷ്യസമുദായത്തിൻെറ പുനരുദ്ധാരണമായിരുന്നു വെത്സിൻെറ ജീവിതാദശം. കെട്ടിയുടെ നെടുനിദ്രയിൽ ആണ്ടുപോയ ലോകജനതയെ സമുദ്ധരിക്കുന്നതിനുവേണ്ടി പരിഷ്കരണ പദ്ധതികളും, ആശയങ്ങളും ക്രമാതീതമായി അദ്ദേഹം സംഭാവന ചെയ്തു. ഐവർ. ബ്രൌൺ വെത്സിനെപ്പററി ഇങ്ങനെ പറഞ്ഞിരുന്നു:—അദ്ദേഹത്തിന്റെ വിപുലങ്ങളും വിവിധ വിഷയകങ്ങളും ആയ കൃതികളുടെ പരമപ്രധാനമായ ഉദ്ദേശം മനുഷ്യസമുദായസംസ്കാരത്തെ അധഃപതനത്തിൽ നിന്നും രക്ഷിക്കുകയാണ്." ലോകം പുലത്തുന്ന അന്ധവിശ്വാസങ്ങളെയും, ദുരാചാരങ്ങളെയും, അനീതികളേയും, അദ്ദേഹം ശക്തിപൂവ്വം പ്രതിഷേധിക്കുകയും നിന്ദിക്കുകയും ചെയ്തു. സാമൂഹ്യവും വ്യക്തിപരവുമായ നിയമങ്ങളുടെയും ശാസനങ്ങളുടെയും നീതികെട്ട പ്രാകാരഭിത്തികൾ നൂതനവും, പുരോഗമനപരവും, സാന്മാഗ്ഗികവുമായ ആശയങ്ങളാലും, ആദർശങ്ങളാലും ഇടിച്ചു പൊളിക്കണമെന്ന് അദ്ദേഹം വാദിച്ചു. ആധുനിക നാഗരികതയിൽ നാശകാരികളായ അനേകം പുഴക്കുത്തുകൾ ഉണ്ടെന്നും, ദാരിദ്ര്യം, ദുഷ്പ്രഭുത്വം, അനാരോഗ്യം, അസമത്വം, അജ്ഞത, അന്ധവിശ്വാസങ്ങൾ തുടങ്ങിയവ മനുഷ്യസമുദായ സംസ്കാരത്തിൻെറ തീരാക്കളങ്കമായി നിലനില്ക്കുന്നുവെന്നും അദ്ദേഹം പ്രഖ്യാപിച്ചു. പ്രാകൃതികങ്ങളായ അന്ധശക്തികളുടെയും പരിതഃസ്ഥിതികളുടെയും, വ്യാപാരത്തിന്, അനുരോധമായി ഒരു ലക്ഷ്യവുമില്ലാതെ, ചുററിത്തിരിഞ്ഞു്, കുഴഞ്ഞു മറിഞ്ഞുകൊണ്ടു് കഴിയുകയാണ് ലോകമെങ്കിൽ, ധാമ്മിക ബോധം, സംസ്കാരം തുടങ്ങിയ പദങ്ങളൊക്കെ വ്യത്ഥങ്ങളായി പരിണമിക്കും എന്നുതന്നെ അദ്ദേഹം എഴുതി. ഈ യാഥാത്ഥ്യങ്ങളെ മനസ്സിലാക്കി, ജീവിതത്തെ സമഗ്രമായി നിരീക്ഷിച്ചു്, സത്യത്തെ നഗ്നമായി ഗ്രഹിച്ചു്, വത്തമാന സമുദായത്തിൻെറ അനാരോഗ്യങ്ങളെ വേരുവരെ ചുഴിഞ്ഞു ചെന്നുകണ്ടു്, അകൃത്രിമസുന്ദരവും, സമത്വപ്രതിഷ്ഠാപിതവുമായ ഭാവിരൂപവൽക്കരണത്തിൽ ജനതയെഒരുക്കുവാൻ അദ്ദേഹം വെമ്പൽ കൊണ്ടു. ചിരകാലമായി അടിയുറച്ചു നിലനിന്നു വരുന്നതും, സ്വേച്ഛാധികാരത്തിന്മേൽ കെട്ടിപ്പടുത്തിട്ടുള്ളതും, മനുഷ്യവഗ്ഗത്തിൻെറ സമാധാനഭരിതമായ നിലനില്പിനു തികച്ചും വിരുദ്ധമായതും, സാന്മാഗ്ഗിക തത്വങ്ങളെയും, നീതിധമ്മങ്ങളെയും, സദാ ആക്ഷേപിക്കുന്നതും ആയ ഇന്നത്തെ ജീണ്ണിച്ച സാമൂഹ്യഘടന അടിച്ചുടച്ചു്, അതിൻെറ സ്ഥാനത്തു് സുദൃഢവും, സാഹോദയ്യത്തിന്മേൽ അധിഷ്ഠിതവുമായ ഒരു നൂതന സംവി

ധാനരൂപവൽക്കരണത്തിൽ ബദ്ധശ്രദ്ധനായി അദ്ദേഹത്തെ കണ്ടപ്പോൾ സാക്ഷാൽ ലോകമഹാചിന്തകൻ എന്നുതന്നെ അദ്ദേഹത്തെ സർവ്വരും കൊണ്ടാടി.

പാശ്ചാത്യ ഗ്രന്ഥകാരന്മാരിൽ വെത്സിനെപ്പോലെ വിശ്വയശസ്സ് ആർജ്ജിച്ചിട്ടുള്ളവർ വളരെ ചുരുക്കം തന്നെ. ബർണാർഡ്ഷാ, റസ്സൽ, ഹക്സ്‌സിലി, ഹാൽഡയിൻ, ജോഡ്, വൈറ്റ്ഹെഡ് തുടങ്ങി ഇന്നു ജീവിച്ചിരിക്കുന്ന സുപ്രസിദ്ധ ഇംഗ്ലീഷ് ഗ്രന്ഥകാരന്മാരിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനത്തെയാണ് വെത്സ് അലങ്കരിക്കുന്നത്. "ഭാവനാപരനും, ചിത്രകാരനും, സമുദായതന്ത്രജ്ഞനുമായ വെത്സ് 20-ാം ശതകത്തിലെ ഏററവും വലിയ ഗ്രന്ഥകാരനായി പ്രശംസിക്കപ്പെടുന്നു" എന്ന് റസ്സൽ വെത്സിനെപ്പററി എഴുതുകയുണ്ടായി. 80 വർഷങ്ങൾക്കുള്ളിൽ 70-ൽ പരം മഹാഗ്രന്ഥങ്ങൾ അദ്ദേഹം എഴുതിത്തള്ളി. അദ്ദേഹത്തിന്റെ കൃതികൾ സാമുദായികം, ശാസ്ത്രീയം, രാഷ്ട്രീയം, എന്നീ മൂന്നു ഘടകങ്ങളായി തിരിക്കാവുന്നതാണ്.

വെത്സിൻെറ സാമുദായിക നോവലുകളും, ചെറുകഥകളും, സൌന്ദര്യാരാധകനായ ഒരു കലാകാരൻെറ സൃഷ്ടികളെക്കാൾ പുരോഗമനേച്ഛുവായ ഒരു മഹാചിന്തകൻെറ കൃതികളാണ്. "Mr. Polly, Kipps, Love and Lewishum, Work, Wealth and Happiness of Mankind," തുടങ്ങിയവ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. സമുദായത്തിൽ സഹജമായി ഉണ്ടായിക്കൊണ്ടിരിക്കുന്നതും, ഉണ്ടാകേണ്ടതുമായ മാതൃകാപരമായ പരിഷ്കൃതിക്ക് മാർഗ്ഗോപദേശം ചെയ്യുവാൻ അദ്ദേഹം ഉദ്യമിക്കുന്നു. മാനവസമുദായത്തിൻെറ നന്മയ്ക്കും, ഉൽക്കർഷത്തിനും, നിദാനമായ സാമ്പത്തികശാസ്ത്രത്തിന്മേൽ അധിഷ്ഠിതവും വിശ്വസമാധാനത്തിനും വിശ്വസാഹോദര്യത്തിനും വഴി തെളിക്കുന്നതും ആരോഗ്യപൂർണ്ണവുമായ ഒരു നൂതനസാമൂഹ്യഘടന അദ്ദേഹം വിഭാവനചെയ്യുന്നു. യാഥാസ്ഥിതികന്മാരുടെ ചവിട്ടടിയിൽനിന്നും പൂർവ്വാചാരങ്ങളും അന്ധവിശ്വാസങ്ങളും മററും, ഇളക്കിവിടുന്നതിന് പ്രേരണ നൽകത്തക്കവണ്ണമുള്ള പ്രമേയങ്ങളവതരിപ്പിക്കുന്നവയാണ് വെത്സിൻെറ നോവലുകളും ചെറുകഥകളും.

ശാസ്ത്രപരമായ വെൽസിൻെറ കൃതികൾ ലോകത്തെങ്ങും പ്രചാരമായിട്ടുണ്ട്. "The War in the Air, The first Men in the Moon, The World set free, Outlook for Homo Sapiens", എന്നീ ഗ്രന്ഥങ്ങൾ വിശ്വവിഖ്യാതങ്ങളാണ്. മനശ്ശാസ്ത്രലോകത്തു് പ്രചരിക്കുന്ന ചില മഹനീയ സിദ്ധാന്തങ്ങളെ അദ്ദേഹം നമ്മുടെ മുമ്പിൽ ആവിഷ്കരിക്കുന്നുണ്ട്.

അദ്ദേഹത്തിൻെറ "The World Set Free" എന്നുള്ള ഗ്രന്ഥത്തിൽ അണുകബോംബിനെപ്പററി ദീഘദശ്നം ചെയ്തിരിക്കുന്നു.

രാഷ്ട്രീയമായി പ്രാധാന്യം അർഹിക്കുന്ന കൃതികഠം നിരവധിയാണ്. പിൻതിരിപ്പൻ സാമൂഹ്യവ്യവസ്ഥിതികളുടെയും, രാഷ്ട്രീയ ഭരണാധികാരങ്ങളുടെയും കൂടപ്പിറപ്പായ താണതരം ക്രൂരതകളെയും, അഴിമതികളെയും അദ്ദേഹം വെറുപ്പോടുകൂടി വീക്ഷിക്കുന്നു "Outline of History" എന്ന തൻെറ പുസ്തകത്തിൽ ആധുനിക ലോകത്തിലെ വിജ്ഞാനം മുഴുവൻ ഒതുക്കുവാനുള്ള അദ്ദേഹത്തിൻെറ ശ്രമം ആശ്ചര്യകരമാണ്. ഏകദേശം 15 ലക്ഷം പ്രതികളോളം പ്രസ്തുതഗ്രന്ഥത്തിനുണ്ടായെന്നുള്ളതും പ്രസ്താവ്യമാണ്. ഇക്കാര്യങ്ങളിൽ വെത്സ് ഒരു സോഷ്യലിസ്റ്റായിരുന്നുവെന്നുള്ള വസ്തുത നാം മറക്കരുത്. ആധുനിക സോഷ്യലിസത്തിലും കമ്മ്യൂണിസത്തിലും വെൽസ് ഗുണങ്ങളും ദോഷങ്ങളും കണ്ടു. അദ്ദേഹത്തിന്റെ സോഷ്യലിസം രാഷ്ട്രീയവും സാമ്പത്തികവും എന്നതിനേക്കാഠം ശാസ്ത്രീയവും ജീവ വിജ്ഞാനപരവുമാണുതാനും.

മനുഷ്യരാശിക്കു നേരിട്ട ഒരു വമ്പിച്ച നഷ്ടം തന്നെയാണ് വെത്സിൻെറ മരണം. അദ്ദേഹത്തിൻെറ ദശ്നത്തിനും ഭാവനയ്ക്കും അവലോകനത്തിനും വഴി തെററിയെന്നു വരാം. പലപ്പോഴും അദ്ദേഹം കഠിനമായ വിമർശനത്തിനും ആക്ഷേപത്തിനും പാത്രീഭൂതനാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവ യാതൊന്നും തന്നെ തൻെറ വ്യക്തിമാഹാത്മ്യത്തിനോ ലോകമഹത്വത്തിനോ കോട്ടം വരുത്തുന്നതുമല്ല.

---

## ആത്മനിർവൃതി.

By

K. Ramakrishna Sastry. Class III

കല്യമാം കാല്യസ്മേരപ്പൊന്നാളിപ്പൂഞ്ചോലയിൽ
മെല്ലവേ ധരാദേവി സാനന്ദം നീരാടുമ്പോഠം,
വാസരവരേണ്യയാഠം വാസവഹരിത്തിങ്കൽ,
ഭാസുരപ്പൂന്തോപ്പുകഠം നിത്യവും നിമ്മിക്കുമ്പോഠം,
വല്ലികാ ലോലാംഗിമാർ തൂമഞ്ഞിൻ കണങ്ങളാൽ
സോല്ലാസം വെൺമുത്തണി ഞാത്തുകഠം ചാർത്തീടുമ്പോഠം,

തൂമണം തൂകിത്തൂകി, തൂമധു ചിന്നിച്ചിന്നി,
തൂമഞ്ജു കുഞ്ജങ്ങളിൽ സൂനങ്ങൾ മിന്നീടുമ്പോൾ,
വിണ്ടലപ്പൂപ്പന്തലിൽ മാർവില്പ്പൊൻതോരണം
ബന്ധുരാഭമായ് കേകീ പിഞ്ഛരംപോൽ വിളങ്ങുമ്പോൾ,
വാരൊളിത്തൂവെള്ളിച്ചാർ വെണ്മതിക്കിണ്ണം തൂവി
പാരെല്ലാം പാലാഴിയായ് ചാലവേ മാറീടുമ്പോൾ,
നീലവിൺ പൊയ്കയ്ക്കുള്ളിൽ·വെൺമുകിൽത്തുണ്ടങ്ങളാം
കോമള കളഹംസപ്പേടകൾ ക്രീഡിക്കുമ്പോൾ,
അന്തിവിൺഭിത്തിക്കു മേലംശുമാൻ ചെഞ്ചായത്താൽ
ചന്തമായ് ചേതോഹര രൂപങ്ങൾ ചമയ്ക്കുമ്പോൾ,
താരകാകുമാരികൾ വിണ്മണി മേടയ്ക്കുള്ളിൽ
ചാരുവാം മന്ദസ്മേരപ്പൂങ്കതിർ പൊഴിയ്ക്കുമ്പോൾ,
ആഴിയിലനാരതം വീചികൾ ഹർഷോദ്രേകാൽ
ആശ്ലേഷം ചെയ്തന്യോന്യം പുളകം പൂണ്ടീടുമ്പോൾ,
നിർവൃതിപ്രദായക നിർമ്മല ഗംഗയ്ക്കുള്ളിൽ
നിത്യവും മുഴുകി ഞാനാനന്ദക്കയം കാണും.
മാനസമണിത്തോണി സ്വച്ഛന്ദം ചരിച്ചീടും.
ആനന്ദവാരാന്നിധിപ്പൊന്നലച്ചാർത്തിൽ മന്ദം.
പരുഷം പ്രാപഞ്ചിക ജീവിതവ്യഥാ ഭാരം
ദൂരവേ പരിത്യജിച്ചെന്നെത്താൻ മറക്കും ഞാൻ.
നിസ്തുലാനന്ദത്തിൻെറ തള്ളലാലെൻ ഹൃത്തുടൻ
നർത്തനം ചെയ്യും പാര, മാത്മനിർവൃതി നേടും.

---

## ആത്മാത്ഥതയുടെ മറവിൽ

BY

കഴിത്തുറ പി. ഗംഗാധരൻ ജൂനിയർ ബി. ഏ. ക്ലാസ്സ്

ഭാരതം രാഷ്ട്രീയമായി ഒരു നവയുഗത്തിലേക്കു കാലുകുത്തിയിരിക്കുന്ന ഈയവസരം, വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു കാലഘട്ടമാണു്. ഇൻഡ്യാചരിത്രത്തിനു് ഒരിക്കലും വിസ്മരിക്കുവാൻസാധിക്കാത്ത പല ദേശീയ പരിവത്തനങ്ങളും ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണല്ലോ. ദീർഘകാ

ലം അനവരതം അശ്രാന്തയത്നം ചെയ്ത്, സമരം നടത്തി, സ്വാതന്ത്ര്യത്തിൻെറ പ്രവേശനദ്വാരത്തിൽ നാം എത്തിക്കഴിഞ്ഞു; അങ്ങനെ നമ്മുടെ പ്രിയപ്പെട്ട നേതാക്കന്മാർ രാജ്യത്തിൻെറ ഭരണസാരഥ്യം വഹിക്കുകയും ചെയ്യുന്നു

ഈ പരിവർത്തനങ്ങൾക്ക് ഇടയാക്കിയ സംഭവഗതികളിലേക്കു—'സാമ്രാജ്യ'ത്വത്തിൻെറ ഭിന്നിപ്പ് ഭരണത്തിൻെറ പുതിയ അദ്ധ്യായത്തിലേക്കു—കണ്ണോടിക്കുന്നതു് രസാവഹമായിരിക്കും

ഭാരതത്തിലെ നാല്പതുകോടി ജനങ്ങളുടെ ഭാവിഭാഗധേയം നിർണ്ണയിക്കുവാൻ മൂന്നു ഇംഗ്ലീഷുകാർ ഡൽഹിയിലും, സിംലായിലും വെച്ച് നടത്തിയ കൂടിയാലോചനകളും, അനന്തരസംഭവങ്ങളുമാണ് ഈ ലേഖനത്തിന്റെ വിഷയം. ക്യാബിനററു മിഷ്യൻ ഇൻഡ്യയിൽ വരാനുള്ള കാരണം, അവരുടെ പദ്ധതി, ആ പദ്ധതിയനുസരിച്ചു ഇൻഡ്യയിൽ നിന്നും ബ്രിട്ടീഷ് 'സാമ്രാജ്യ'ത്വം പാടേ നശിച്ചുവോ, ഇൻഡ്യാ പരിപൂർണ്ണ സ്വാതന്ത്ര്യം കൈപ്പററിയോ എന്നുള്ള സംഗതികൾ പരിചിന്തനാർഹങ്ങളാണ്.

ശക്തിപ്പെട്ടുവരുന്ന ഇൻഡ്യൻ ദേശീയത്വബോധം രാഷ്ട്രീയാന്തരീക്ഷത്തിൽ ഇതുവരെ ഉണ്ടാക്കിയിട്ടില്ലാത്ത ഒച്ചപ്പാടുകൾ സംജാതമാക്കിയെന്നുള്ളതു കേവലം ഒരു പരമാർത്ഥം മാത്രമാണ്. സ്വാതന്ത്ര്യത്തിന്റെ ധ്വനികൾ ഇന്നു എല്ലായിടത്തും മാറെറാലിക്കൊള്ളുന്നുണ്ട്. പൂർണ്ണസ്വാതന്ത്ര്യത്തിനുള്ള ഇൻഡ്യയുടെ അവകാശം ന്യായവും, വിളംബാസഹവുമാണെന്നു ഇന്നു പരിഷ്കൃതരാഷ്ട്രങ്ങൾ പോലും സമ്മതിക്കുന്നു. വിദേശീയാധിപത്യത്തിന്റെ പിടിയിൽനിന്നും ഒഴിഞ്ഞുമാറി, നമ്മുടെ സ്വാതന്ത്ര്യം സംരക്ഷിക്കുവാൻവേണ്ടി നാം പ്രയത്നിക്കുന്നു എന്നുള്ളതു് ഇതിനകം നാം പ്രകടമാക്കിക്കഴിഞ്ഞു.

വൈവസായികമായി ഇൻഡ്യ വളരെയൊന്നും പുരോഗമിച്ചിട്ടില്ല. ബ്രിട്ടീഷുകാരുടെ രണ്ടു ശതാബ്ദകാലംകൊണ്ടുള്ള ഭരണം മൂലം നാം സാമൂഹ്യമായും, സാമ്പത്തികമായും ഭയജനകമാകുംവണ്ണം, അധഃപതിച്ചിരിക്കുന്നു. വിദ്യാഭ്യാസപരമായും, തൊഴിൽപരമായാലും നമ്മുടെ നില വളരെ പിന്നോക്കമാണ്. ബ്രിട്ടീഷ്സാമ്രാജ്യത്തിൻെറ വെളിച്ചപ്പാടന്മാർ എന്തുതന്നെ ഉയർത്തിപ്പറഞ്ഞിരുന്നാലും, ഭൂരിപക്ഷം ജനങ്ങൾക്കും ഇനിയും വിദ്യാഭ്യാസം കിട്ടിയിട്ടില്ല. കൃഷകരുടെ നിലയും ഇതിൽ ഒട്ടും മെച്ചമല്ല തന്നെ. ശാസ്ത്രീയമായ രീതിയിൽ കൃഷി നടത്തുവാനുള്ള സൗഹചര്യങ്ങൾ ഇന്നു്ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഇല്ല. ബങ്കാൾക്ഷാമം വളരെ ആളുകളെ കൊന്നൊടുക്കി. അതിലും ഭയങ്കരമായ ഒരു ക്ഷാമത്തിൻെറ പിടിയ്ക്കകത്താണ് നാമിന്ന് നിലകൊള്ളുന്നതു്.

ബ്രിട്ടീഷ് സാമ്രാജ്യത്വം ഫാസിസത്തിനും നാസിസത്തിനും എതിരായി യുദ്ധം നടത്തി, അങ്ങനെ പ്രജായത്തഭരണസമ്പ്രദായം രാജ്യത്ത് നടപ്പിലാക്കുവാൻ പോകുന്നുവെന്നു പെരുമ്പറയടിച്ചു പരത്തി. ഫാസിസത്തിൻെറ ബദ്ധവൈരികളിൽ പ്രമുഖനായ പണ്ഡിതജവഹരിലാൽ നെഹ്രുവിനെ ഇരുമ്പഴികൾക്കുള്ളിലാക്കീട്ടുള്ള ഇവരുടെ യുദ്ധം ഫാസിസത്തിനെതിരായിട്ടുള്ളതാണെന്നു കാണുവാൻ വളരെ പ്രയാസമില്ല. ദേശീയപ്രസ്ഥാനങ്ങളുടെ പുരോഗമനത്തെ തടയുവാനുള്ള ഒരു നിലയാണ് ഇതെന്നു ക്ലേശിച്ച് ആലോചിക്കാതെ നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. 1942-ലെ സ്വാതന്ത്ര്യസമരം നമ്മുടെ അഭിവന്ദ്യരായ നേതാക്കന്മാരെ ഈ യുദ്ധകാലം മുഴുവൻ ജയിലിലേക്കു തള്ളിനീക്കി; അങ്ങനെ ഒരു രാഷ്ട്രീയ സ്തംഭനം നിലനിന്നുപോന്നു.

ഈ യുദ്ധത്തിൻെറയെല്ലാം പിന്നിൽ ഒരു സാമ്പത്തികയാഥാർത്ഥ്യം ഒളിഞ്ഞുകിടപ്പുണ്ട്. സാമ്പത്തികാസമത്വങ്ങൾ കൊണ്ടാണ് യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെടുന്നതെന്ന് വിശ്വസിക്കുന്ന ഒരു വലിയ വിഭാഗം ആളുകൾ ഇന്നുണ്ട്. കഴിഞ്ഞ യുദ്ധത്തിൻെറ അവസാനത്തിൽ രാഷ്ട്രങ്ങളുടെ സാമ്പത്തികനില ശോചനീയമാംവിധം അധഃപതിച്ചു. ഐക്യരാഷ്ട്രങ്ങൾ യുദ്ധത്തിൽ ഫാസിസത്തിന്നെതിരായി വിജയിച്ചു എങ്കിലും, ദേശീയ പ്രസ്ഥാനങ്ങളുടെ നിലവിളി എല്ലായിടത്തും മാറെറാലിക്കൊള്ളുന്നുണ്ട്. നിരവധിപൌരസ്ത്യരാജ്യങ്ങളിൽനിന്നും സ്വാതന്ത്ര്യത്തിൻെറ സ്വരം പൊങ്ങി. ഇൻഡ്യയുടെ പ്രശ്നവും ഒട്ടും അപ്രധാനമല്ല. ഇങ്ങനെ തീവ്രമായ സ്വാതന്ത്ര്യതൃഷ്ണകൊണ്ട് ഉദ്ബുദ്ധരായ അനേകം രാഷ്ട്രങ്ങൾ ഒന്നിച്ച് ബ്രിട്ടീഷ് 'സാമ്രാജ്യത്വത്തെ പ്രഹരിക്കുവാൻതുടങ്ങി'.

ലോകത്തെ ആകെപ്പാടെ പങ്കുവെച്ചെടുക്കുവാൻ പ്രകടിതമായ ഔത്സുക്യം എല്ലാ രാഷ്ട്രങ്ങളുടെയും കണ്ണ് തുറപ്പിച്ചു. സാമ്രാജ്യത്വത്തിൻെറ പഴയ രീതി വച്ചുപുലർത്തിക്കൊണ്ടു പോകുവാൻ ഇനി സാദ്ധ്യമല്ല എന്ന് അവർ കരുതി. രാഷ്ട്രീയപ്രബുദ്ധതകൊണ്ട് ഇളകിമറിഞ്ഞ ഒരന്തരീക്ഷം ഇൻഡ്യയിലും സംജാതമായി; അങ്ങനെ ഇൻഡ്യൻ പ്രശ്നം അടിയന്തിരമായിത്തീർന്നു.

ലോകത്താകമാനമുള്ള രാഷ്ട്രീയപ്രസ്ഥാനങ്ങൾ ഒരു സജീവസമരത്തിനു തയ്യാറെടുക്കുന്ന അപൂർവ്വസംഭവത്തെ പരിസരം അങ്ങനെ സൃഷ്ടിച്ചു. ബ്രിട്ടനിൽ യാഥാസ്ഥിക കക്ഷിക്കു പരാജയം സംഭവിച്ചു. അവരുടെ രാഷ്ട്രീയനയത്തിലും പരിപാടിയിലും അവിടത്തെ ജനതയ്ക്കു വിശ്വാസമില്ലാതായിത്തീർന്നു അതുകൊണ്ട് ലേബർകക്ഷിക്കു അവർ ഭൂരിപക്ഷം

നൽകുകയും, അങ്ങനെ ഒരു ലേബർ ഗവണ്മെൻറ സ്ഥാപിക്കപ്പെടുകയും ചെയ്തു. തൊഴിലാളി ഗവണ്മെൻറിനു ഇൻഡ്യൻ സ്വാതന്ത്ര്യത്തെ സംബന്ധിച്ചിടത്തോളം ചില പ്രത്യേക താല്പര്യങ്ങൾ ഉണ്ട്. 1945-46, ഈ സംവത്സരങ്ങൾ നമ്മുടെ ദേശീയജീവിതത്തിലെ ഒരു സുപ്രധാന ഘട്ടത്തെയാണ് കുറിക്കുന്നതു്. നേതാജി സുഭാസ് ബോസിൻെറ നേതൃത്വത്തിൽ സംഘടിക്കപ്പെട്ട ഇൻഡ്യൻ ദേശീയസേന, രാഷ്ട്രീയാന്തരീക്ഷത്തിൽ പല സാരമായ മാററങ്ങളും ഉണ്ടാക്കി. ഐ. എൻ. ഏ. നേതാക്കന്മാരുടെ വിചാരണ കുഴപ്പങ്ങളെ ഉച്ചകോടിയിലേക്ക് ഉന്നയിച്ചു.

ഇങ്ങനെ പ്രക്ഷുബ്ധമായ ഒരു അന്തരീക്ഷത്തിലാണ്, ലേബർ ഗവണ്മെൻറ കാബിനററുമിഷ്യനെ ഇൻഡ്യൻ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കുവാൻ ഇങ്ങോട്ടു് അയച്ചതു്; അവർ ഇൻഡ്യയിലേക്കു പറന്നെത്തുകയും ചെയ്തു.

ഭാരതീയ ജനകീയ സംഘടനകളിൽ വച്ചു് ഏററവും പ്രാതിനിധ്യം വഹിക്കുന്ന ഏകസംഘടനയാണല്ലോ ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ്. അടുത്ത ഇൻഡ്യയിലെ പ്രമുഖ സംഘടനയാണ് മുസ്ലീം ലീഗ്. കാൺഗ്രസ്സ് ഇൻഡ്യയുടെ പരിപൂർണ്ണസ്വാതന്ത്ര്യത്തിനു വേണ്ടി നിലകൊള്ളുന്നു. ജാതിമതചിന്തകൾക്കതീതമായി, ഒട്ടുവളരെക്കാലംകൊണ്ടു് ഒരു 'ഐക്യഭാരതം' സൃഷ്ടിക്കുന്നതിനുവേണ്ടി തീവ്രയത്നം ചെയ്യുന്ന പ്രമുഖദേശീയ സംഘടനയായ കാൺഗ്രസ്സിനും, ലീഗിനും പല പ്രധാനസംഗതികളിലും വളരെ അഭിപ്രായവ്യത്യാസങ്ങളുണ്ടു്. മുസ്ലീം ലീഗ് പാകിസ്ഥാൻ അഥവാ, "ഇൻഡ്യയുടെ വടക്കുപടിഞ്ഞാറും, വടക്കുകിഴക്കും പരമാധികാരത്തോടുകൂടിയ മുസ്ലീംസ്റ്റേററുകൾ സ്ഥാപിക്കണമെന്നാണ്" വാദിക്കുന്നതു്. പാകിസ്ഥാൻ സ്ഥാപനത്തിന് വിഘാതമായി നിൽക്കുന്ന പ്രതിബന്ധങ്ങൾ നിരവധികളാണ്. വർഗ്ഗീയമായ അടിസ്ഥാനത്തിൽ കെട്ടിപ്പടുത്തിട്ടുള്ള ലീഗിന് ഉദ്ദേശ്യപ്രാപ്തിയിൽ എത്തിച്ചേരുന്നതിനു മുമ്പു് പല ആപത്സന്ധികളേയും തരണം ചെയ്യേണ്ടതായിട്ടുണ്ടു്. ഹൈന്ദവ ഭൂരിപക്ഷത്തിൻെറ ഭരണത്തിൻകീഴിൽ അവർക്ക് അനുഭവിക്കേണ്ടി വരുമെന്ന് കരുതുന്ന കഷ്ടപ്പാടുകളെ ഭയന്ന് അവർ പാകിസ്ഥാൻ സ്ഥാപനത്തിനുവേണ്ടി അനവരതം ഉററു ശ്രമിക്കുന്നു. അപ്രകാരം ഉയർന്നുവരുന്ന വർഗ്ഗീയബോധം ലീഗിൻെറ പിന്നിൽ ഉണ്ടു്.

കാൺഗ്രസ്സിനെയും, ലീഗിനെയും രഞ്ജിപ്പിക്കുവാനുള്ള ശ്രമം ഏറ്റെടുത്തുകൊണ്ടായിരുന്നു മിഷ്യൻെറ പുറപ്പാടു്.

ഈ രണ്ടു പ്രമുഖ സംഘടനകളുടെ രഞ്ജിപ്പ്, വാസ്തവത്തിൽ ഭാരതത്തിൻെറ കൈവല്യം കൈവരുത്തുമെന്നുള്ളതിന് സംശയമില്ല. പക്ഷേ ക്യാബിനററ മിഷ്യൻെറ പദ്ധതി, ആ സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ ഉപകരിച്ചില്ല.

"മേയ് 16-ാനു-ക്കും അതിന്നുശേഷവുമുണ്ടായ പ്രഖ്യാപനങ്ങൾ പ്രകാരം മിഷ്യൻെറ പദ്ധതിയിലുള്ള പ്രധാനതത്വങ്ങൾ-തീർപ്പുകളുടെയും നിശ്ചയങ്ങളുടെയും—താഴെ കാണുന്നവയാണ്.

1. അഖിലേന്ത്യാ യൂണിയൻെറ രൂപീകരണം. അതിൽ ബ്രിട്ടീഷ് ഇൻഡ്യയും നാട്ടുരാജ്യങ്ങളും ഉൾപ്പെടും.

2. ബ്രിട്ടീഷിൻഡ്യക്ക് മൂന്നു നിലയിലുള്ള പടവ്.

(a) അഖിലേന്ത്യാ യൂണിയൻ.

(b) സംസ്ഥാനഗ്രൂപ്പുകൾ.

(c) സംസ്ഥാനങ്ങൾ.

3. സംസ്ഥാനഗ്രൂപ്പുകൾ രൂപീകരിക്കും. അവയിൽ

(a) ഹിന്ദുഭൂരിപക്ഷപ്രദേശം.

(b) വടക്കുപടിഞ്ഞാറൻ മുസ്ലീം ഭൂരിപക്ഷപ്രദേശം.

(c) വടക്കുകിഴക്കൻ മുസ്ലീംഭൂരിപക്ഷപ്രദേശം.

ആരംഭത്തിൽ ഇങ്ങനെയുള്ള രൂപീകരണം നിർബന്ധമാണ്. എന്നാൽ ഭരണഘടന സ്ഥാപിക്കുകയും, അതിൻകീഴിൽ ആദ്യത്തെ തെരെഞ്ഞെടുപ്പ് നടക്കുകയും ചെയ്താൽ പിന്നെ ഗ്രൂപ്പുകൾ മാറണമെങ്കിൽ മാറാം; പുറത്തു പോകണമെങ്കിൽ പോകാം.

4. ജനപ്രതിനിധി സഭ. അതിൽ 389 മെമ്പർമാർ ഉണ്ടായിരിക്കുന്നതാണ്. (തെരഞ്ഞെടുക്കുന്നവർ 292; മുസ്ലിമീങ്ങൾക്കും അല്ലാത്തവർക്കും ഇത്രയിത്ര സ്ഥാനമെന്നു ജനസംഖ്യയുടെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തീട്ടുണ്ട്.)

രാജാക്കന്മാരുടെ പ്രതിനിധികൾ യൂണിയൻ ജനപ്രതിനിധി സഭ ഒന്നിച്ചു യോഗം ചേരും.

പ്രധാനസാമുദായിക കാര്യങ്ങളിൽ രണ്ടു പ്രധാന സമുദായങ്ങളുടെയും ഭൂരിപക്ഷ സമ്മതം കൂടാതെ ഒരു തീരുമാനവും ചെയ്വാൻ പാടില്ല

5. നാട്ടുരാജ്യങ്ങൾ. അഖിലേന്ത്യാ യൂണിയനുമായി നാട്ടുരാജ്യങ്ങൾ സഹകരിക്കുന്നതിനടിസ്ഥാനം ഉണ്ടാക്കേണ്ടതു് അവരുടെ സ്വമനസ്സാലെയുള്ള കൂടിയാലോചനകൾ വഴിയ്ക്കാണ്.

അധീശാധികാരം ഇൻഡ്യക്കു സ്വാതന്ത്ര്യം ലഭിക്കുന്നതോടെ ഇല്ലാതാവുന്നതാണു്.

6. ന്യൂനപക്ഷങ്ങൾക്കു സംരക്ഷണം.

7. ഇൻഡ്യാ- ബ്രിട്ടീഷ് കരാറ്

അധികാരം കൈമാറുന്നതിൽ നിന്നുളവാകുന്ന കാര്യങ്ങളെ ഉൾക്കൊണ്ടുകൊണ്ടു ബ്രി: ഗവണ്മെൻറുമായി ഒരു കരാറുചെയ്യാൻ ഇൻഡ്യ തയ്യാറാവുക കൂടി വേണം.

8. ഇടക്കാലഘട്ടം.

പ്രമുഖരാഷ്ട്രീയ സംഘടനകളുടെ ആനുകൂല്യത്തോടുകൂടി ഇടക്കാല ഗവണ്മെൻറു രൂപീകരിക്കുന്നതാണു്.

ഇത്രയുമാണു്, ചുരുക്കത്തിൽ കാബിനററു മിഷ്യൻെറ പ്ലാനനുസരിച്ചുള്ള ഭാവിഭരണഘടന.

ഈ പദ്ധതിയിൽ വിവരിക്കുന്നപ്ലാൻ ഇൻഡ്യക്കു പൂർണ്ണസ്വാതന്ത്ര്യം നൽകുന്നുണ്ടോ ? ബ്രിട്ടീഷ് പട്ടാളത്തെ നിശ്ശേഷം നീക്കംചെയ്യുന്നുണ്ടോ ? ബ്രിട്ടീഷ് പരമാധികാരം ഇൻഡ്യൻ ജനതക്കൈപ്പററുന്നുണ്ടോ ? ഇല്ല എന്നു പറയുവാൻ മാത്രമേ നിവൃത്തിയുള്ളു. വൈസ്രായിയുടെ വീറേറാ അധികാരം നിലനില്ക്കുന്നു. അങ്ങനെ ബ്രിട്ടീഷ്കാരൻ സർവ്വാധികാരങ്ങളും ഇവിടെ പഴയതുപോലെതുടരും.

ജനങ്ങളാൽ 'ജനാധിപത്യാടിസ്ഥാന'ത്തിൽ തിരഞ്ഞെടുക്കുന്ന പ്രതിനിധികളടങ്ങുന്ന പരമാധികാരമുള്ള ഒരു സഭയാണോ,ഈ പദ്ധതി നിർദ്ദേശിക്കുന്ന ജനപ്രതിനിധിസഭ. അല്ല, വെള്ളക്കാരൻ പുതിയരീതിയിലുള്ള ഭരണത്തിന്റെ ഒരു 'മാതൃക' വൈസ്രായിയെ പ്രസിഡന്റാക്കിയുള്ള ഒരു ഇടക്കാലഗവണ്മെൻറു രൂപീകരിക്കുവാനുള്ള പദ്ധതിയാണിതു്. ഈ ഇടക്കാല ഗവണ്മെൻറിൻെറ കാലാവധി തിട്ടപ്പെടുത്തീട്ടില്ല. ജനപ്രതിനിധിസഭയുടെ ഭരണഘടനാനിർമ്മണത്തിൽ വല്ല കുഴപ്പവും പിണഞ്ഞാൽ, മിഷ്യൻ നിർദ്ദേശിക്കുന്ന ഇടക്കാലം ഒരു ദീർഘകാലത്തേക്കു നീണ്ടുനിന്നു പോകും. ജനപ്രതിനിധി സഭയുടെ പരമാധികാരത്തിനുള്ള അതിരുകളെപ്പററി നാം ചിന്തിക്കണം; അതിൻെറ കഴിവുകളെപ്പററി നോക്കണം.

വേറൊന്നു ആലോചിക്കേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യത്തിൻെറയും, ജനാധിപത്യത്തിൻെറയും ബദ്ധവൈരികളായ ബ്രിട്ടീഷുകാരുടെ നേതൃത്വത്തിലാണു് ഇടക്കാലഗവണ്മെൻറു വിളിച്ചു കൂട്ടിയിരിക്കുന്നതു എന്നുള്ളതു് പ്രത്യേകം ശ്രദ്ധാർഹമായ ഒരു സംഗതിയത്രേ. ഇതിനെല്ലാം ഉപരിയായി,

വെള്ളക്കാരനായ വൈസ്രോയിയേയും, ബ്രിട്ടീഷ് പട്ടാളത്തെയും, നാം സൂക്ഷിക്കണം. ഈവക സുപ്രധാനങ്ങളായ പരമാൎത്ഥങ്ങളെ മനസ്സിലാക്കിയിട്ടുവേണം, മിഷ്യൻപദ്ധതിയെ സ്വീകരിക്കേണ്ടിയിരുന്നതു്.

ബ്രിട്ടീഷുകാരുടെ ഇൻഡ്യൻനയം നമ്മെ പലതും പഠിപ്പിച്ചിട്ടുണ്ട്. "അവകാശങ്ങളെ കാത്തു സൂക്ഷിക്കുവാനും ആക്രമണങ്ങളെ ചെറുത്തുനിൽക്കാനും" അവരുടെ യുദ്ധങ്ങൾ നമ്മെ പഠിപ്പിച്ചു. ഭരണഘടനാനിൎമ്മാണ സമിതി വളരെ ഗൗരവമൎഹിക്കുന്ന നിരവധി കാൎയ്യങ്ങൾ ആലോചിക്കും; പല ഒത്തുതീർപ്പുകളുടെയും ഫലമായി, അവസാനത്തിൽ സ്വാതന്ത്ര്യമോ, പ്രജായത്തഭരണമോ, ദേശീയൈക്യമോ സ്ഥാപിക്കാതെ പിരിയും. അങ്ങിനെ ജനതയെ വഴിതെററിക്കുകയും, സ്വാതന്ത്ര്യത്തിലേക്കുള്ള പ്രയാണത്തിൽ നിന്നും നമ്മെ ബഹുദൂരം പുറകോട്ടു് വലിച്ചുമാററുകയും ചെയ്യും.

ഈ പശ്ചാത്തലത്തിൽ മിഷ്യന്റെ പദ്ധതി വിജയിച്ചാലും, ഇല്ലെങ്കിലും, സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള യഥാൎത്ഥയുദ്ധം ഉണ്ടാകാനിരിക്കുന്നതേയുള്ളൂ. ഇൻഡ്യൻ ഭിന്നിപ്പുകളെ ചൂഷണം ചെയ്യുവാനുള്ള മിഷ്യന്റെ കുതന്ത്രങ്ങൾ കുറച്ചുകാലം ഫലിച്ചു എന്നു വരാം; പക്ഷേ, അതുകൊണ്ടുമാത്രം ഇൻഡ്യൻ കുഴപ്പങ്ങൾക്കു പരിഹാരം കണ്ടുപിടിച്ചുവെന്നു സമാശ്വസിക്കുന്നതു് ബുദ്ധിശൂന്യമാണ്.

കഴിഞ്ഞ സംഭവങ്ങൾ നമ്മെ പല പാഠങ്ങളും പഠിപ്പിച്ചു, രാഷ്ട്രീയമായി നമ്മെ അവ പ്രബുദ്ധരാക്കി. ബ്രിട്ടന്റെ ഈ അനാശാസ്യമായ പെരുമാററം നമ്മിൽ പല പരിവൎത്തനങ്ങളും സംജാതമാക്കി. ഇങ്ങനെ വെള്ളക്കാരന്റെ ആത്മാൎത്ഥതയെന്നു് പറയുന്ന മറയുടെ പിന്നിൽ എന്തെന്തു് അസംബന്ധങ്ങളാണ് മറഞ്ഞുകിടക്കുന്നതെന്നു് ഈ വക പദ്ധതികളിൽ നിന്നു് മനസ്സിലാക്കാം.

രാഷ്ട്രീയ രംഗത്തു നമ്മുടെ നില തുലോം സ്തുത്യൎഹമാണ്.

ഇൻഡ്യയിൽ നാമിന്നു പരിവൎത്തനങ്ങളുടെ മദ്ധ്യത്തിലാണ് നിൽക്കുന്നതു്. എല്ലാ ജനവിഭാഗത്തിന്റെ ഇടയിലും, പാശ്ചാത്യഹസ്തങ്ങളിൽ നിന്നും രക്ഷപ്പെട്ടുകൊള്ളാനുള്ള ഭീകരമായ തൃഷ്ണ പ്രകടമായി നിഴലിച്ചു കാണുന്നുണ്ടു്. ഈ അതിഭീമമായ ശക്തിപ്രവാഹം, വെള്ളക്കാരന്റെ കുതന്ത്രങ്ങളെ തട്ടിനീക്കുകയും, സ്വാതന്ത്ര്യസമരത്ത അടിച്ചു നിലത്തു വീഴ്ത്താമെന്നുള്ള വ്യാമോഹം അസാദ്ധ്യമാണെന്നു തെളിയിക്കുകയും ചെയ്യു.

സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരം, ഈ ഭരണഘടനാപരമായ പദ്ധതി സ്വീകരിച്ചതുകൊണ്ടു അവസാനിച്ചില്ല. സ്വാതന്ത്ര്യസമരം തുടൎന്നുകൊണ്ടേ ഇരിക്കും. അനുഭവത്തിൽ നാം ഈ പദ്ധതിയെ നിഷേധി

ക്കുന്നു. മിഷ്യൻെറ പദ്ധതിയനുസരിച്ചു ബ്രിട്ടീഷ് സാമ്രാജ്യത്വം സ്ഥാനമൊഴിയുന്നില്ല; ഭാരതീയർക്കു പരമാധികാരം പകൎന്നുകൊടുക്കുന്നുമില്ല. ക്യാബിനററു മിഷ്യൻെറ പ്ലാൻ ഇൻഡ്യക്കു സ്വാതന്ത്ര്യം നൽകാനുള്ള ഒന്നല്ല, പ്രത്യുത പഴയ ഭിന്നിപ്പു ഭരണത്തിൻെറ സുഗമമായ പ്രവൎത്തനത്തെ പ്രേരിപ്പിക്കുന്നതും സഹായിക്കുന്നതുമായ ഒരു പദ്ധതിയാണ്.

ഗാന്ധിജി കൂടിയാലോചനകളുടെ അവസാനഘട്ടത്തിൽ പറഞ്ഞതു് "താൻ മുമ്പു് വെളിച്ചം കണ്ടേടത്തു്, ഇരുട്ടാണിപ്പോൾ കാണുന്നതെ"ന്നാണ്. ജനസാമാന്യത്തിനുള്ള നൈരാശ്യമാണദ്ദേഹം പ്രകടമാക്കിയതു്.

ജയ്ഹിന്ദ്.

---

# പ്രതീക്ഷ

BY

വെള്ളനാട്ടു ചന്ദ്രശേഖരൻ നായർ, ബി. ഏ. ജൂനിയർ.

മാരുതമണിക്കുഞ്ഞിൻ ലോലമാം വിലാസത്തിൽ,
ചാരുകുഡ്മളമൊന്നങ്ങീവിധം നിനച്ചുപോൽ:—
"നാളെയസ്സുദിനത്തിൽ പൊൻപുലരിയിൽ പ്രേമ-
വ്രീളയായ് ചമഞ്ഞൊരു കന്യകപോലാകും ഞാൻ.
തൂമണം മുറ്റമേനി മുഴവൻ പരത്തും ഞാൻ
കോമളവർണ്ണത്താലെൻ പൂമേനിപുതച്ചിടും ;
കാമ്യമാം വിഭാതത്തിൽ പൊൻപനിനീർ ചാർത്തീടും;
മാമകാംഗങ്ങൾ തോറും കോൾമയിർ പരന്നീടും
അന്നുഞാൻ ലത്തീടും തന്മധു നുകരുവാൻ
വന്നണഞ്ഞീടും മദോന്മത്തരാം മധുപന്മാർ.
പച്ചിലപ്പൂംപട്ടിനാൽ എൻമുഖം മറച്ചുകൊ-
ണ്ടച്ചെറു വിടന്മാർക്കെൻ കടക്കണ്ണെറിഞ്ഞിടും
ഘോരമീരജനിതന്നന്ത്യമായെങ്കിൽ പുലർ-
താരമൊന്നുദിച്ചെങ്കിൽ ! ലോകമൊന്നുണന്നെങ്കിൽ...!!

---

# കലാപ്രണയി.

By

(T. J. S. GEORGE, II U. C.)

അവനെ തടയരുതേ! അവൻ എന്തും ചെയ്തുകൊള്ളട്ടെ. അവനെ തടയരുതേ!...............

ലോകം കരുതും അവൻ ഒരു ഭ്രാന്തനാണെന്ന്,—അവൻെറ ജീവിതം ശോകാത്മകമായിരിക്കുമെന്ന്. പക്ഷേ, അവൻെറ നിശ്ചയം സുദൃഢമാണ്. അവൻെറ മനസ്സ് അചഞ്ചലമാണ്. നിരർത്ഥകമെന്നു തോന്നുന്ന പലതും അവൻ ചെയ്യും.

അവൻെറ ജീവിതം കാററത്ത് പറക്കുന്ന പഞ്ഞിപോലെയാണ്. അവനു നടക്കണം. ലോകം ചുററണം. ആളുകളെ മനസ്സിലാക്കണം. ഒരിടത്തും ദീർഘകാലം താമസിക്കാൻ അവനിഷ്ടമില്ല. അവന് സൗന്ദര്യം കാണണം. അതു് ആസ്വദിക്കണം. ആത്മാർത്ഥതയാണ് അവനാവശ്യം. സത്യത്തെയാണ് അവൻ നേടുന്നതു്. നന്മയെയാണ് അവൻ പ്രതീക്ഷിക്കുന്നതു്. ലോകത്തിൻെറ ദൂഷിച്ചവശം അവന് നിശ്ചയമില്ല. വക്രത അവൻ പരിശീലിച്ചിട്ടില്ല. അവൻെറ ജീവിതോദ്ദേശ്യം ഒന്നുമാത്രം—സൗന്ദര്യാരാധന! സുന്ദരികളെ അവന് കാണണം; അവരുടെ സൗന്ദര്യം ആസ്വദിക്കണം. അങ്ങനെ മദിക്കണം. പ്രകൃതി അവനെ സന്തോഷിപ്പിക്കും. മനസ്സിനു കുളിർമ്മ നല്കുന്ന പലതും പ്രകൃതിയിൽ കാണാൻ അവന് കഴിയും. അവൻെറ ഹൃദയം വികാരനിർഭരമാണ്; അവൻ നിർവ്വികാരനമാണ്. അവൻെറ മനസ്സ് ദുർബലമാണ്; വെണ്ണപോലെ മൃദുവാണ്. അതിന് സഹനശക്തി കുറയും. വിശാലമായ ഭാവനാസമുദ്രത്തിലാണ് അവൻെറ ചെറുവഞ്ചി പൊന്തിക്കിടക്കുന്നതു്. അതങ്ങനെ മറിഞ്ഞും തിരിഞ്ഞും, പൊങ്ങിയും താണും, ആടിയും കുഴഞ്ഞും, കാററിനനുകൂലമായി പൊയ്ക്കൊണ്ടിരിക്കും. യാഥാർത്ഥ്യങ്ങളാകുന്ന പാറകളിൽ തട്ടിയാൽ അതു തകർന്നുപോകും. അവൻെറ വിഹാരരംഗം ഈ ലോകമല്ല.

അവന് സ്വപ്നം കാണണം. ഏകനായ് ചിന്തിക്കണം. സ്വച്ഛന്ദമായ് വിഹരിക്കണം. അങ്ങനെ ജീവിതം ആനന്ദമയമായി കഴിക്കണം. അവനു സ്നേഹിക്കണം. അവൻ സ്നേഹിക്കപ്പെടണം. അങ്ങനെ ജീവിതം സംഭവബഹുലമാക്കണം. കലാസ്വാദകരെ അവന് ആവശ്യ

മുണ്ടു്. അവൻെറ ജീവിതം അവൻെറ കലയാണു്. അതാണു് അവൻെറ സർവ്വസ്വവും. എന്നാൽ മററുള്ളവർ അതിൻെറ സൗന്ദര്യം മനസ്സിലാക്കണം. അതിൻെറ ആകർഷകത്വം കണ്ടറിയണം......അതു് ആസ്വദിക്കാൻ കഴിയാത്തവരെ അവൻ വെറുക്കും. അവർ കരുതും അവൻ ഒരു മഠയനാണെന്നു്. അവൻെറ ജീവിതം ഒരു വലിയ പരാജയമായിരിക്കുമെന്നു്. ഒരു പക്ഷേ അതു ശരിയായിരിക്കാം............

അവൻ ഒരു ശിശു. ആത്മാർത്ഥതയുടെ ലോകത്തിൽ ആനന്ദത്തിൻെറ ചിറകുകൾ വിരിച്ചു് അവൻ പറന്നു നടക്കും. നിഷ്കളങ്കതയുടെ രാജ്യത്തിൽ സ്നേഹം കൊണ്ടുള്ള സൗധം അവൻ കെട്ടിപ്പടുക്കും. സാഹോദര്യത്തിൻെറ നഭസ്സിൽ സ്വാതന്ത്ര്യത്തിൻെറ പൂർണ്ണചന്ദ്രൻ അവൻ ദർശിക്കും. താഴ്മയുടെ പടിക്കെട്ടിൽ കൂടി നിത്യതയിലേക്കു് അവൻ പ്രവേശിക്കും. അവൻ ഒരു ശിശു. ഭാവനാലോകത്തിൽ, എവിടേയ്ക്കെന്നില്ലാതെ, പറന്നുകൊണ്ടിരിക്കുന്ന ഒരു ശുകം. അവൻ ലോകം കണ്ടിട്ടില്ല; അഥവാ, അതിൻെറ ഒരു വശം മാത്രമേ കണ്ടിട്ടുള്ളൂ. ലോകരുടെ മുമ്പിൽ അവൻ തെററുകാരനാണു്. അവർ അവനെ അപലപിക്കും. അവനെ സമുദായം ഭ്രഷ്ടനാക്കും—അപ്പോഴും അവൻ കലയെ മുറുകെപ്പിടിക്കും—അവൻെറ സ്വന്തം കലയെ.

ഏതോ അജ്ഞാതസ്ഥലത്തു നിന്നാണു് അവൻ വന്നതു്. ഏകാന്തതയിൽ നിന്നു്—നിസ്സഹായതയിൽ നിന്നു്—മൂകതയിൽ നിന്നു്. അവൻ പ്രകൃതിയുടെ സന്താനമാണു്; സൗന്ദര്യത്തിൻെറ കാമുകനാണു്; ആത്മാർത്ഥതയുടെ ആസ്ഥാനമാണു്. അവൻെറ നാടു് ലോകമാണു്. അവൻെറ ചുററിനുമുള്ളതുകൊണ്ടു മാത്രം അവൻ തൃപ്തിയടയുകയില്ല. അവൻ വെളിയിലിറങ്ങി നടക്കും. അവനു ഭയമില്ല. അവൻെറ കലയെ, അവൻെറ ജീവിതസർവ്വസ്വമായ കലയെ, പരിപോഷിപ്പിക്കണമെങ്കിൽ അവനു് ലോകം കാണണം; മനുഷ്യനെ മനസ്സിലാക്കണം; ചുററുപാടുകൾ ഗ്രഹിക്കണം. ചിന്തയോടും കരുതലോടും അവൻ മുന്നോട്ടു പോകും. അതാണു് അവൻെറ ജീവിതം. അവനു് സൌന്ദര്യം കണ്ടാൽ മാത്രം മതിയാവുകയില്ല. അതു് ലോകത്തിനു് കാട്ടിക്കൊടുക്കണം. അതാണു് അവൻ ചെയ്യുന്ന സമുദായസേവനം. ആദർശങ്ങൾ അവൻ മനസ്സിൽ വച്ചുകൊണ്ടിരിക്കയില്ല. അതു മററുള്ളവരെ അറിയിയ്ക്കാൻ അവൻ ബദ്ധപ്പെടും. അവൻ ചിന്തകനാണു്; ചിത്രകാരനാണു്; കവിയാണു്; ആദർശവാദിയാണു്.

അവനും വേണം കീർത്തി. പേരും പെരുമയും അവന് ആവശ്യമുണ്ട്. ഇടുങ്ങിയ ജീവിതം അവന് ഇഷ്ടമില്ല. വെളിച്ചം മാത്രമല്ല അവൻ ആസ്വദിക്കുന്നതു — ഇരുട്ടിൻെറ ഭയങ്കരതയും അവൻ വർണ്ണിക്കും. ആത്മാർത്ഥത മാത്രമല്ല അവൻെറ ചിന്താവിഷയം—ചതിവിൻെറ മൂർച്ചയും അവൻെറ ഹൃദയത്തിൽ വികാരങ്ങളെ ഉദ്ദീപിപ്പിക്കും. ശുദ്ധത മാത്രമല്ല അവൻെറ ആരാധ്യവസ്തു—വഞ്ചനയുടെ കരാളഹസ്തങ്ങളും അവൻെറ ഹൃദയത്തെ ഗ്രസിക്കും. ദുഃഖവും, സന്തോഷവും; സ്വാതന്ത്ര്യവും, പരാധീനതയും; സൗന്ദര്യവും, വൈരൂപ്യവും; ദസ്സഹവും, വെറുപ്പും; എല്ലാം അവൻെറ മനസ്സിനെ ഇളക്കിവിടുവാൻ പര്യാപ്തമാണ്. പൂനിലാവു് നിറഞ്ഞ രാത്രിയും, ക്രൂരിരുട്ടിലെ പേമാരിയും അവനെ ആകർഷിക്കും. കുബേരൻെറ മണിമഞ്ചവും, ദരിദ്രൻെറ ചെററക്കുടിലും അവനെ വികാരനിർഭരനാക്കും. ഇരക്കുന്ന യാചികയും, മരിക്കുന്ന വൃദ്ധനും അവൻെറ മനസ്സിനെ മരവിപ്പിക്കും. കരയുന്ന കുട്ടിയും, ചിരിക്കുന്ന വേശ്യയും അവനെ ചിന്താവശഗനാക്കും. വിണ്ണിൽ വിളങ്ങുന്ന താരങ്ങളും മണ്ണിൽ ജനിക്കുന്ന പുഷ്പങ്ങളും അവന് ഒന്നുപോലെ ആസ്വാദ്യമാണ്. അവയെല്ലാം അവൻെറ കലയെ—അവൻെറ ജീവിതസഖിയെ—പ്രീണിപ്പിക്കാനുള്ള ഓരോ പ്രചോദനമാണ്.

……………………അങ്ങനെ കുതിച്ചു പായുന്ന ഈ നിരുപദ്രവജീവി. അരനിമിഷം തിരിഞ്ഞു നോക്കാതെ അവൻ മുമ്പോട്ടു പോകയാണ്. ദൂരെ ചക്രവാളത്തിൽ ഒരു വെള്ളിനക്ഷത്രം അവൻ കണ്ടു കഴിഞ്ഞു. ഭാവനയിൽ. അതിനെ പിടിക്കുവാൻ വേണ്ടി അവൻ ഓടും. എത്ര ദൂരം വേണമെങ്കിലും ഓടും.……പക്ഷേ ദുർബലഹൃദയനാണ് അവൻ യാത്രാമദ്ധ്യേ പട്ടിണിയുടെ ഒരു നെടുവീർപ്പു കേട്ടാൽ അവൻ നില്ക്കും; വീണ്ടും ഓടും. ദാരിദ്ര്യത്തിൻെറ ഒരു ഇഴഞ്ഞ ദീർഘനിശ്വാസം കേട്ടാൽ അവൻ യാത്ര നിർത്തും; വീണ്ടും തുടരും. മർദ്ദിതനായി മരിക്കുന്ന മനുഷ്യൻ കണ്ണിൽ പെട്ടാൽ അവൻ നിർന്നിമേഷനായി നില്ക്കും; പിന്നെയും പോകും. മുൻപോട്ട്…മനംമയക്കുന്ന ആ ഗാനാലാപം അവൻആസ്വദിക്കും. സുസ്മേരവദനയായ ആ കോമളാംഗിയെ അവൻ നോക്കും. സുഗന്ധവാഹിയായ മന്ദമാരുതൻ അവനെ ആനന്ദിപ്പിക്കും. വിശാലങ്ങളായ വയലുകൾ കണ്ടാൽ അവന് ദേഹമാസകലം കോരിത്തരിക്കും. പാടുന്ന കുയിലും ആടുന്ന മയിലും അവൻെറ ഹൃദയം കവരും. മേഘക്കൂട്ടങ്ങൾക്കിടയിൽ കൂടി നവോഢ കണക്കെ ഒളിഞ്ഞു നോക്കുന്ന അമ്പിളിയെ കാണുമ്പോൾ

അവൻ രോമാഞ്ചം കൊള്ളും. എല്ലാം അവൻ ആസ്വദിച്ചാനന്ദിക്കും, വീണ്ടും അവൻ മുൻപോട്ടേയ്ക്കോടും. എന്തിനോ? എവിടേയ്ക്കോ?

അവനെ തടയരുതേ! നിങ്ങൾക്ക് നല്കുവാനല്ല ഏതോ ഒരു ദിവ്യസന്ദേശം അവൻെറ പക്കൽ ഉണ്ട്. അവനെ തടയരുതേ..........

---

## ഓണം കഴിഞ്ഞുപോയി

കെ. രസരി.

ഓണംകഴിഞ്ഞുപോയ് മാവേലി, നാടിനെ
കാണുവാൻവന്നിട്ട യാത്രയായി
സംതൃപ്തിയല്പവും തൻമുഖാബ്ജത്തലി-
ല്ലെന്തോവിഷാദം കലൻ്നുകാണ്മു.
എങ്ങുമില്ലാശിച്ച കാഴ്ചകളെങ്ങനെ
മങ്ങാതിരിക്കുമാ മോഹനാസ്യം.

കാലത്തിലാണ്ട കനകദിനങ്ങൾ തൻ
ലോലസ്മരണാപരമ്പരകൾ
ഓരോന്നുമോളങ്ങളുണ്ടാക്കിമന്ദമ-
ക്കാരുണ്യരാശിതൻ ഹൃത്തടത്തിൽ.
അന്നത്തെനാളുകളാനന്ദമൂറുന്ന
പൊന്നിൻ കിനാവുകളായിരുന്നു.

മഞ്ഞണിഞ്ഞുള്ള പുലരിയുമന്തിയും-
മഞ്ജിമയിൽ മുങ്ങിനിന്നിടുമ്പോൾ,
കോൾമയിർ കോരിത്തരിക്കും വസന്തവും
ഹേമന്തവും പുഞ്ചിരിച്ചിടുമ്പോൾ,
പീലിവിടർത്തി മയിലുകളാടുന്ന
ചേലെഴുംമാസങ്ങളെത്തിടുമ്പോൾ.

ആനന്ദദീപ്തിയിൽ പാരിടമൊക്കെയും
വാനവലോകമായ് മാറിപ്പോകും.
എങ്ങുംപുളകവും തൂമന്ദഹാസവു-
മെങ്ങും സസന്തോഷഗീതകവും.

ഇന്നിതാ ലോകം കൊടുംയാതനാരക്ഷ-
സ്സിന്നൊരു നർത്തന ശാലയായി.

എങ്ങും വിശപ്പിലെരിയും ജനത്തിൻെറ
വിങ്ങിക്കരച്ചിലും വീർപ്പുമട്ടും,
എങ്ങും സമരാങ്കണത്തിൽ നിന്നംബരേ
പൊങ്ങും ദയനീയ ക്രന്ദനങ്ങൾ,
എങ്ങുമതൃപ്തിയും നൈരാശ്യവും;...ദുഃഖ-
രംഗമീലോകം ദുരന്തദൃഷ്ടം.

കണ്ണീരൊലിക്കുന്ന കഷ്ടതയേറുന്ന
പുണ്ണരിച്ചീടുന്ന യാചകരെ,
കത്തിയെരിയും വയറുമായ് ദാരിദ്ര്യ-
വിത്തുവിതയ്ക്കും കൃഷീവലരെ,
പട്ടിണിയിൽക്കൂടി സ്വർഗ്ഗം യജമാനു
കെട്ടിപ്പടുക്കും തൊഴിലുകാരെ,
പാരതന്ത്ര്യത്തിൻെറ ക്രൂർമ്മുള്ളു മാറവുവാൻ
പാരം പണിപ്പെടും സോദരരെ,
കാണവേ കണ്ണുനിറഞ്ഞുപോയ്, മാവേലി
ക്ഷീണഹൃദയനായ് നിന്നുപോയി.

---

# ചക്കിനു വച്ചതു് കൊക്കിനു്

Mathew Kodoor, Class IV.

അന്നത്തെ സായാഹ്നം അത്യന്തം രമണീയമായിരുന്നു. പക്ഷികളുടെ മാധുര്യഗാനങ്ങളാൽ വിഹായസ്സ് ഗീതതരംഗിതമായിച്ചമഞ്ഞിരുന്നു. മന്ദമാരുതൻ വൃക്ഷലതാദികളിൽ തട്ടി യഥേഷ്ടം പ്രവഹിച്ചു. ബാലികാ ബാലന്മാർ ഓരോ വിനോദങ്ങളിലേർപ്പെട്ടു കഴിഞ്ഞു.

ഈ സമയം ഞാൻ, വരാന്തയിൽ ഒരു കസാലയിൽ കിടക്കുകയായിരുന്നു. സാധാരണ ആയിടയ്ക്കു പതിവുണ്ടായിരുന്ന ദിനാന്ത സഞ്ചാരം ചില പ്രത്യേക കാരണങ്ങളാൽ അന്നു വേണ്ടെന്നു വച്ചതിനാലാണു് ആ

അവസരത്തിൽ ഞാൻ വീട്ടിലുണ്ടായിരുന്നതു്. തലേദിവസത്തെ 'നഗരനായാട്ടു്', അയൽ വീട്ടിലെ തോമ്മാച്ചൻെറ കല്യാണക്കാര്യം, പുതിയ ഉദ്യോഗത്തിൻെറ ആകർഷകത, സ്നേഹിതൻ ഇട്ടൂപ്പിൻെറ പൊടിചികിത്സകൾ, ചർച്ചിലിൻെറ പരാജയം, ആററം ശക്തിയുടെ സാദ്ധ്യതകൾ, ക്രിസ്മസ്കാർഡ് അയക്കേണ്ടതിൻെറ ആവശ്യം; എന്നിങ്ങനെ വിവിധങ്ങളായ ചിന്താശകലങ്ങൾ പല ചിത്രത്തിലെന്നപോലെ എൻെറ ഹൃദയത്തിൽകൂടി അപ്പോൾ പാഞ്ഞുപൊയ്ക്കൊണ്ടിരുന്നു.

"ഇതാ ഒരു സാറ് പടിക്കൽവന്നു നില്ക്കുന്നു." എന്നു് വേലക്കാരൻകൊച്ചൻ അപ്പോൾ എന്നെ അറിയിക്കുകയാൽ ദിവാസ്വപ്നങ്ങളിൽനിന്നും ഞാൻ ഉണന്നു അവൻെറ 'സാറിനെ' കൂട്ടിക്കൊണ്ടു വരുവാൻ അവനു് അനുമതി നല്കി. അദ്ദേഹം എൻെറ മുമ്പിലേക്ക് ആനീതനായി. അടുത്തുണ്ടായിരുന്ന ഒരു കസാലയിൽ അദ്ദേഹത്തെ ഞാൻ ഉപവിഷ്ടനാക്കി.

ആഗതനും ഞാനും കേവലം അപരിചിതരല്ലായിരുന്നു. അയൽ വീട്ടിലെ തോമ്മാച്ചൻെറ കല്യാണക്കാര്യം സംബന്ധിച്ചാണു് അദ്ദേഹവും ഞാനും ആദ്യമായി കണ്ടുമുട്ടിയതു്. പലപ്പോഴും അദ്ദേഹം പത്രങ്ങളിൽ 'Matrimonial Burean എന്ന തലക്കെട്ടിൽ പരസ്യങ്ങൾ പുറപ്പെടുവിച്ചിരുന്നു. അതിനാൽ അവിവാഹിതനായ എനിക്കു് വല്ല വിവാഹാലോചനയുമായിട്ടായിരിക്കും അദ്ദേഹത്തിൻെറ അപ്പോഴത്തെ വരവെന്നു് ഞാൻ അഭ്യൂഹിച്ചു. വേണ്ട ഒഴിവുകഴിവുകൾ ആലോചിച്ചു തുടങ്ങി.

"അല്ല, ചാക്കോച്ചൻ പിന്നെന്താണു് ഇങ്ങോട്ടൊക്കെ കടന്നതു്"" ഞാൻ അങ്ങു ചോദിച്ചു.

"ഓ! വിശേഷമൊന്നുമില്ല. എന്താണു് ഇന്നു് ഇവിടെത്തന്നെ ഇരുന്നുകളഞ്ഞതു്. "Evening walk" നു് company ഒന്നും കിട്ടിയില്ലായിരിക്കും. ഇതാണു് ഞാൻ പറയുന്നതു് ഉദ്യോഗം കിട്ടിയില്ലെങ്കിലും കല്യാണം കഴിക്കണമെന്നു്. പിന്നെ നടക്കാൻ പോയില്ലെങ്കിലും ഇവിടെ ഇങ്ങനെ ഏകാന്തതയിൽ കഴിച്ചുകൂട്ടണമോ.?"

"ശരിയാണു്. വിവാഹം കഴിക്കണമെന്നാണു് എൻെറയും ആഗ്രഹം. പക്ഷെ ഞാനെന്തു ചെയ്യാനാണു്. നിങ്ങളോടു കാര്യം അങ്ങു തുറന്നു പറയാമല്ലോ! ജ്യേഷ്ഠന്മാർ രണ്ടുപേർ നില്ക്കുന്നു. അവൻ 'side' തരുന്ന ലക്ഷണമൊന്നുമില്ല പിന്നെ നാലഞ്ചു കൊല്ലം കൊണ്ടു് സംഗതികൾ ശരിപ്പെട്ടു വരുമെന്നാണു് പ്രതീക്ഷിക്കുന്നതു്. എന്താ? അതുപോരായോ?"

"നല്ല ചോദ്യം ! മനുഷ്യർ ഇങ്ങനെ ശുദ്ധഗതിക്കാരാകുമോ? വിവാഹം എന്നു പറയുന്നതു് സൗകര്യം നോക്കി നടത്തേണ്ടതാണു്. ഇക്കാലത്തു് വല്ലവരും ജ്യേഷ്ഠൻ കല്യാണം കഴിച്ചോ ഇല്ലയോ എന്നു് ആലോചിക്കാറുണ്ടോ ? ഉദ്യോഗം ഒക്കെ കിട്ടിയ മുറയല്ലേ ! ഇതാ ഞാൻ ഒരു കാര്യം പറയാം. അതിനാണു് ഇപ്പോൾ ഇങ്ങോട്ടു കയറിയതു്. നല്ലോരു chanee വന്നിരിക്കയാണു്. നമ്മുടെ M. L. A. മാമ്മച്ചൂന്റെ മകൾ തങ്കമ്മക്കു് ഇന്നലെ ചില കല്യാണക്കാർ വന്നിരുന്നു. വിവരം അറിഞ്ഞു് ഞാൻ അവിടെ എത്തി. മാമ്മച്ചനെ കണ്ടു് ഞാൻ ഇക്കാര്യമൊക്കെ തുറന്നങ്ങു പറഞ്ഞു. M. L. A. ക്കു് നന്നാ ബോധിച്ചു. പിന്നെ വന്ന കല്യാണക്കാരെ സൂത്രത്തിലൊക്കെ വിരട്ടിവിട്ടു. ഇനി നിങ്ങൾ ഒരു വാക്കു തന്നാൽ മതി. ബാക്കി കാര്യം ഞാൻ ഏററു. സ്ത്രീധനം ഒക്കെ നാം ആവശ്യപ്പെടുന്നതു്. തങ്കമ്മയാണെങ്കിൽ, ശീലവും നന്നു്, കോലവും നന്നു്, ഇൻററർമിഡിയററു പരീക്ഷ പാസ്സായിട്ടുണ്ടു്. കണക്കിനോ മറേറാ Distinction' ഉണ്ടു്. പിന്നെ M. L A. ശ്രമിച്ചാൽ മുറയ്ക്കു പ്രമോഷ്യൻ വാങ്ങിത്തരുന്നതിനും വലിയ പ്രയാസമില്ല. എല്ലാംകൊണ്ടും ഈ ബന്ധം തരക്കേടില്ല. ഇതൊക്കെ ഞാൻ പറയാതെ തന്നെ അറിയാമല്ലോ."

"ഇതിലധികവും അറിയാം. തങ്കമ്മ 'koshy' ആണെന്നു് ഈയിടെ ആരോ പറഞ്ഞ വിവരവും ഞാൻ അറിഞ്ഞു. അതൊക്കെപ്പോകട്ടു്. എന്റെ സ്ഥിതിയൊക്കെ നേരത്തേ തന്നെ ഞാൻ പറഞ്ഞല്ലോ. വിവാഹമൊക്കെ നാലുകൊല്ലത്തേക്കു 'csotpone' ചെയ്തിരിക്കയാണു്. ശല്യം ഒന്നും ഉടനടി കഴികയില്ല. വീട്ടിലുണ്ടായിരുന്നതൊക്കെ കൊണ്ടു പഠിച്ചു ഉദ്യോഗത്തിൽ ഈയിടെ പ്രവേശിച്ചതല്ലേയുള്ളു. കയ്യിൽ കുറെ പണം ഒക്കെ ആകട്ടു്."

"കൊള്ളാം ! നിങ്ങൾ ആൾ തരക്കേടില്ല ! നാലു കൊല്ലം പോലും. അപ്പോഴേക്കും തങ്കമ്മയുടെ കല്യാണവും കഴിഞ്ഞു് കുറഞ്ഞതു് നാലുകുട്ടികളും സമയവും കാലവും ആരെയും കാത്തിരിക്കുകയില്ല പിന്നെ നിങ്ങളുടെ ഇഷ്ടംപോലെ. ഉടനെ മറുപടി പറയണമെന്നില്ല. ആലോചിച്ചു പറഞ്ഞാലും മതി."

"ആലോചിക്കാൻ ഇനിയും ഒന്നുമില്ല. പെണ്ണിന്റെയും ബസ്സിന്റെയും പുറകേ അത്ര ദൂരം ഓടരുതെന്നാണു് എന്റെ പ്രമാണം. ഒന്നുപോയാൽ മറെറാന്നു്."

* * * * *

ചാക്കോച്ചന്റെ മുഖത്തു് നിരാശയുടെ ഒരു നേരിയ ഛായ പ്രതിഫലിച്ചു കാണായി. ദൃഷ്ടികളെ നാലുപാടും അലസമായി അദ്ദേഹം പായിച്ചു തുടങ്ങി. ചുവരിൽ തൂക്കിയിരുന്നതിൽ ഒരു ചിത്രം അദ്ദേഹത്തിന്റെ സവിശേഷമായ ശ്രദ്ധയെ ആകർഷിച്ചതുപോലെ എനിക്കു തോന്നി. അതു പരമാർത്ഥമാണെന്നു ഉടനടി എനിക്കു ബോദ്ധ്യമായി. അദ്ദേഹം പെട്ടെന്നു് എഴുന്നേററു ചെന്നു് ആ ചിത്രം കയ്യിലെടുത്തു.

'ഇതാരുടെ ചിത്രമാണു്' അയാൾ സകൌതുകം ചോദിച്ചു. "അതെന്റെ സഹോദരിയുടെ ചിത്രമാണു്. ഇപ്പോൾ ഇവിടെയില്ല. ബാംഗ്ലൂരിൽ 'oncle' ന്റെ വീട്ടിൽ പോയിരിക്കയാണു്" എന്നു ഞാൻ പ്രതിവചിച്ചു.

അദ്ദേഹം ആ പടത്തിൽ സൂക്ഷിച്ചുനോക്കിക്കൊണ്ടു്, "എന്തൊരു പ്രസന്നത, മുഖകാന്തി വേണ്ടതുപോലെയുണ്ടു്, പെൺകുട്ടികളായാൽ ഇങ്ങനെ വേണം........." എന്നിങ്ങനെ പറഞ്ഞുതുടങ്ങി. അപ്പോൾ അദ്ദേഹത്തിന്റെ കരണത്തിനിട്ടു് രണ്ടെണ്ണം കൊടുക്കണമെന്നങ്ങു തോന്നിപ്പോയി. പിന്നെ ആ മര്യാദയെ പരിഗണിച്ചു് അക്രമരാഹിത്യം അവലംബിക്കേണ്ടി വന്നു.

"Sister ന്റെ വിവാഹം കഴിഞ്ഞിട്ടില്ലല്ലോ" ചിത്രത്തിൽ നിന്നും കണ്ണെടുക്കാതെ വീണ്ടും ഒരു ചോദ്യം. എനിക്കു വല്ലാത്ത ദേഷ്യം തോന്നി. എന്നാൽ മറുപടി പറയുന്നതിനു മുമ്പിൽ അയാൾ ഒരു ഫോട്ടോ എടുത്തു എന്റെ നേരെ നീട്ടി. ഞാൻ അതിൽ സൂക്ഷിച്ചു നോക്കി. അതൊരു യുവാവിന്റെ ചിത്രമായിരുന്നു.

"പുള്ളിയെ അറിയുമോ? കഴിഞ്ഞ കൊല്ലം ബി. എൽ. പരീക്ഷ പാസ്സായതാണു്. കോശി എന്നാണു പേരു്. എന്താ പിടിച്ചോ" അയാൾ തുടർന്നു.

"എന്നെ സംബന്ധിച്ചടത്തോളം cister എന്തു പറയുമോ?" ഞാൻ മറുപടി നല്കി.

"എന്നാൽ Sister ഉടനെ വരാൻ ഒരു കമ്പിഅയക്കണം; ചിലവിനു് ഇതാ 50 രൂപാകൂടി ഇരിക്കട്ടെ. ഞാനിതാ ഇപ്പോൾ ഇറങ്ങുന്നു. പിന്നീടു ഒന്നും സംസാരിക്കാതെ അദ്ദേഹം അവിടെനിന്നും പോയി.

ചാക്കോച്ചനെ ഇളിഭ്യനാക്കാൻ ഇതുതന്നെ തരം എന്നു ഞാൻ നിശ്ചയിച്ചു. എന്തെന്നാൽ Sister-നു് അപ്പോൾ 46 വയസ്സ് കഴിഞ്ഞി

രുന്നു. 25 കൊല്ലങ്ങൾക്കു മുമ്പു് എടുപ്പിച്ച ഫോട്ടോയാണു് ചാക്കോച്ചൻ കണ്ടെത്തിപ്പോയതു്. ചിരി അടക്കിക്കൊണ്ടു് ഞാൻ തപാലാഫീസിലേക്കു പോയി.

'Sister ഉടൻതന്നെ തിരിച്ചു വരണമെന്നു്' കമ്പിയടിച്ചു. 'നാലാംദിവസം വരുന്നതാണു്' എന്നു മറുപടിയും ലഭിച്ചു. വിവരം ഞാൻ ചാക്കോച്ചനെ അറിയിച്ചു. അന്നു സ്റ്റേഷ്യനിൽ വന്നേക്കാമെന്നു് അയാൾ ഏല്ക്കുകയും ചെയ്തു.

അന്നേക്കു നാലാംദിവസം രാവിലെ ഞാൻ തീവണ്ടി സ്റ്റേഷ്യനിലെത്തി. 'ചെമ്പു തെളിയുമ്പോൾ ചാക്കോച്ചൻ എന്തുചെയ്യും!' ഞാൻ ചതിച്ചു. ആ മുഹൂർത്തത്തിൽ ചാക്കോച്ചനും അവിടെ ഹാജരായി. എന്താ വണ്ടിവരാൻ താമസമുണ്ടോ അയാൾ ചോദിച്ചു.

*                    *                    *                    *

അധികം നേരം ഞങ്ങൾക്കു കാത്തു നില്ക്കേണ്ടിവന്നില്ല. കൃത്യം 9 മണിക്കു് തീവണ്ടി ഞങ്ങളുടെ മുമ്പിൽ വന്നു നിന്നു. Sister അതിൽനിന്നും ഇറങ്ങി അങ്ങോട്ടും ഇങ്ങോട്ടും നോക്കിത്തുടങ്ങി. എന്നെക്കാണുകയാൽ ഉടൻതന്നെ അടുത്തെത്തി.

"എന്താണു സംഗതി. ഇത്ര പെട്ടെന്നു വരാൻ കമ്പിയടിച്ചതെന്തിനാണു്" ഒരു അമ്പരപ്പോടുകൂടി Sister ചോദിച്ചു.

"കുറച്ചു ദിവസമായില്ലേ പോയിട്ടു്. പറയത്തക്ക വിശേഷം ഒന്നുമില്ല." ഞാൻപറഞ്ഞു

അപ്പോൾ ചാക്കോച്ചന്റെ മുഖം കാണേണ്ടതായിരുന്നു. നേരിട്ട പ്രമാദം അയാൾ ഗ്രഹിച്ചു. എങ്കിലും ഇതൊന്നും അദ്ദേഹം കൂട്ടാക്കുന്നില്ല എന്നു് എനിക്കു തോന്നി.

"എന്നാൽ നമുക്കു് കോശിയുടെ വസതിയിലേക്കു പോകരുതോ?" ഹാസ്യരസത്തിൽ ഞാൻ ചോദിച്ചു.

"വേണ്ടാ. അദ്ദേഹം ഞാൻ വന്ന കാറിൽത്തന്നെ ഇരിക്കുന്നു നമുക്കു് അങ്ങോട്ടു പോകാം" ഒരു നേരിയ പുഞ്ചിരിയോടുകൂടി അദ്ദേഹം പറഞ്ഞു.

ഞങ്ങൾ നടന്നു് സ്റ്റേഷ്യനു വെളിയിലിറങ്ങി. കാറിനു സമീപത്തേക്കു ഞങ്ങൾ നടന്നു. ഒന്നും മനസ്സിലാകാതെ Sister ഞങ്ങളെ അനുഗമിച്ചു. പെട്ടെന്നു് ഞങ്ങൾ കാറിനെ സമീപിച്ചു. ഞാൻ അതിൽ സൂക്ഷി

ച്ചു നോക്കി. ഹാ! ഞാൻ അവിടെ ആരെയാണു് കണ്ടതു്! എൻെറ കണ്ണുകൾ എന്നെ വഞ്ചിക്കുന്നു എന്നു് എനിക്കു തോന്നി. അറുപതിൽ പരം വയസ്സ് പ്രായം വരുന്ന ഒരു കിഴവൻ അതിലങ്ങനെ ഇരിക്കുന്നുണ്ടു്. ഞാൻ അമ്പരന്നുപോയി.

'എന്താ സ്യാലൻ തരക്കേടില്ലേ?' പൊട്ടിച്ചിരിച്ചുകൊണ്ടു് ചാക്കോച്ചൻ ചോദിച്ചു. എൻെറ മുഖം വാടിപ്പോയി. വിവരം എല്ലാം ചാക്കോച്ചൻ അവരെ അങ്ങു ഗ്രഹിപ്പിച്ചു. അവരും വല്ലാതെ ചിരിച്ചുപോയി. ഏതായാലും വിവാഹം ഉടനെതന്നെ നടത്തണമെന്നു് അവർ അങ്ങു തീരുമാനിക്കയും ചെയ്തു.

"സംഗതി ഇങ്ങനെ വരുമെന്നു് ചാക്കോച്ചൻ എങ്ങനെ മനസ്സിലാക്കി" ഒരു കൃത്രിമ ചിരിയോടുകൂടി ഞാൻ ചോദിച്ചു.

"ഏതാനും നിമിഷങ്ങൾക്കു മുമ്പുവരെ ഞാനീവിവരം അറിഞ്ഞിരുന്നില്ല. അന്നു ഞാൻ കാണിച്ച ഫോട്ടൊ ഇദ്ദേഹത്തിൻെറ മകൻേറതായിരുന്നു. ഇദ്ദേഹത്തിൻെറ ഭാര്യ മരിച്ചിട്ടു് ഇപ്പോൾ ഏഴെട്ടു കൊല്ലമായി. എവിടെയെങ്കിലും ഒരു വിവാഹം നിശ്ചയിച്ചുകൊടുക്കണമെന്നു് എന്നോടു കുറച്ചുനാളായി പറയുന്നുണ്ടു്. എന്നാൽ ഇപ്പോൾ മകൻെറ ഭാവി വധുവിക്കൊണാൻ ഇറങ്ങി പുറപ്പെട്ടതാണ്. അപ്പോഴാണു് മകൻെറ കല്യാണക്കാര്യം ഇങ്ങനെ വന്നു കലാശിച്ചതു്. അതിനെന്താ? 'ചക്കിനു വച്ചതു് കൊക്കിനു്' അല്ലാതെന്തു?്"

*     *     *     *     *

ഇപ്പോൾ ഞാനും ചാക്കോച്ചനും വലിയ ആത്മാർത്ഥതയിലാണു്. പലരും കല്യാണം ആലോചിക്കുന്നുമുണ്ടു്. ചിലരെക്കാണുമ്പോൾ എന്നോടും അദ്ദേഹം Recommend (ശുപാർശ) ചെയ്യുന്നുണ്ടു്. M. L. A. മാമ്മച്ചൻെറ മകൾ തങ്കമ്മയെ വിവാഹം കഴിച്ചിട്ടില്ല. അവൾ കുതിരവണ്ടിയിൽ കോളജിൽ പോകുന്നതും മിക്കപ്പോഴും കാണുന്നുണ്ടു്. പുതിയ ഒരു വാച്ചു് കെട്ടിയതിൽപിന്നെ കൈ വെളിയിലേക്കു ഇട്ടുകൊണ്ടിരിക്കുന്നതും കാണുന്നുണ്ടു്. ഉം! നാലുകൊല്ലംകൂടി കഴിയട്ടെ!

---

# പ്രതിഫലം.

സി. പി. രാമകൃഷ്ണപിള്ള.

മഴചൊരിഞ്ഞു, പുഴ കവിഞ്ഞു കുളിരിളകും കാലം
കിടുകിടുത്തു ചെളിയിൽ നിന്നു പണിയെടുത്തു ഞങ്ങൾ
ഇരുളിനുള്ളിലൊതുങ്ങി ലോകമുറങ്ങിടുന്നനേരം
ഇരുളുവെളിവറിഞ്ഞിടാതെ പണിയെടുത്തു ഞങ്ങൾ.
തമ്പുരാനും പ്രിയതമയുമരമനയിൽ സൗഖ്യം
തടവി നിദ്രാലോലുപരായ് വാണിരുന്നനേരം
പുൽക്കുടിലിലേകനായി "ച്ചാത്തനെ" വെടിഞ്ഞും
ഒത്തുപോയി രണ്ടുഃപരും പണിയെടുത്തു ഞങ്ങൾ.
അലസതയിൽ ധനികലോകമമന്നിരുന്നനേരം,
കനൽചൊരിഞ്ഞു ദിവസകരനുയന്നു നിന്നനേരം,
അമൃതവഷ്സമമതേററു പണിയെടുത്തു ഞങ്ങൾ
തമ്പ്രാനന്നു വേണ്ടപ്പെട്ടോരായിരുന്നു ഞങ്ങൾ !

*   *   *   *   *   *

ഹരിതകാന്തിയണിഞ്ഞു നെല്ലിൻ കതിരു ചൂടീ പാടം
കിളികൾ വന്നു നെന്മണികൾ കൊത്തിടാതിരിക്കാൻ,
കാലികളാ വിളവുകേറി തിന്നിടാതിരിക്കാൻ,
പകലിരവു ഭേദമററു കാത്തിരുന്നു ഞങ്ങൾ
ചെറുമരെല്ലാം തമ്പുരാനു വേണ്ടവരാണെന്നും !

*   *   *   *   *   *

കനകകാന്തിയണിഞ്ഞു നെല്ലിൻ കതിരുകൾ വിളഞ്ഞു.
യൗവ്വനത്തിൻ ഭാരമാന്നു മാറിടമൊതുക്കി
തരളരായിത്തലകുനിച്ച യുവതിവൃന്ദംപോലെ
കരളിനൊരു പുളകമാലയരുളി നെല്ലിൻക്കൂട്ടം.
ചെറുമരത്തു കൊയ്തെടുക്കാനരിവാളന്തിയെത്തി
അന്നതുമെതിച്ചെടുക്കാൻ രാവിലെത്തി ഞങ്ങൾ
തമ്പ്രാനന്നും വേണ്ടപ്പെട്ടോരായിരുന്നു ഞങ്ങൾ !

*   *   *   *   *

നാടടക്കം പനിപിടിച്ചു, ഞാനുമതിൽപ്പെട്ടു
പണിയെടുത്താലൊരുതരത്തിൽ കഴിഞ്ഞുകൂടാം, പക്ഷെ

പണിതില്ലെങ്കിൽ പട്ടിണിയാണെന്നറിഞ്ഞു ഞങ്ങൾ
ഇതുവരെയും തമ്പുരാൻെറ പണിയാളരാം ഞങ്ങൾ
ഒരു നേരത്തെ "ക്കരിക്കാടിക്കാ"യ് പലതരമിരന്നു
കരുണയ്ക്കായിക്കമ്പിൾകാട്ടി നിന്നിരന്നു ഞങ്ങൾ;
കഠിനതരകദനമൊഴന്ന കരൾനിറയെക്കിട്ടി
എരിഞ്ഞു കത്തും വിശപ്പടക്കാനൊരു വകയുമില്ലാ-
തുരുകി ഞങ്ങൾ നീറിടുന്നതാരുമില്ല കാണ്മാൻ !
തമ്പ്രാനിന്നു ഞങ്ങളൊരു ഭാരമായിത്തീൻ !

* * * * *

പതിവായ് വേലക്കിറങ്ങി ഞങ്ങൾ നിന്നിരുന്നകാലം,
ഇരവു പകലോത്തിടാതെ പണിയെടുത്തകാലം
തമ്പ്രാനന്നു വേണ്ടപ്പെട്ടോരായിരുന്നു ഞങ്ങൾ !
പണിയെടുക്കാനരുതാതായി, പട്ടിണിയുമായി;
ചാറെടുത്ത പിശിടുപോലെ ത്യക്തരായി ഞങ്ങൾ
തമ്പ്രാനിന്നു വേണ്ടാത്തോരായ്-തീൻപോയി ഞങ്ങൾ !

* * * * * *

ദൈവമില്ലേ, കാലഗതി ചഞ്ചലവുമല്ലേ !
ഇന്നുകാണുന്നീനിലകളൊന്നു മാറുകില്ലേ !

---

## "വന്ദേമാതരം."

പി. വേലപ്പൻനായർ, മഞ്ഞാട്.

മേനോൻെറ മനം നോവിക്കത്തക്ക ഒരു വാത്തയായിരുന്നു അതു്. ഭരണക്രൂടത്തെ ഭക്തിപൂർവ്വം ബഹുമാനിക്കുന്ന ഒരാളാണു് താൻ. തന്റെ മകൻ ചില "ആഭാസ"ന്മാരുടെ ക്രൂടെ നടന്നു് ജേ വിളിച്ചും, ക്ലാസ്സിൽ കയറാതേയും കാലം കഴിക്കുക. പ്രിൻസിപ്പാൾ അതേപ്പററി തനിക്കു നേരിട്ടെഴുതുക. അഭിമാനിയായ ഒരുദ്യോഗസ്ഥനു് ഇതിൽപരം അപമാനം വരാനുണ്ടോ ?

"രവീ ഇവിടെ വരൂ." മേനോൻ ഗൗരവസ്വരത്തിൽ ആജ്ഞാപിച്ചു. മുഷിഞ്ഞ ഖദർ ജൂബ്ബായും ധരിച്ചു് അതുപോലെ മുഷിഞ്ഞ

ഒരു മുണ്ടുമുടുത്തു് സുമുഖനായ ഒരു യുവാവു് മുറിയുടെ മൂലയ്ക്കു തലയും താഴ്ത്തി നിലയായി.

"രവീ നീ ഇന്നലെ കാളേജിൽ പോയോ."

"ഇല്ല."

"എന്തുകൊണ്ടു പോയില്ല? ജേ വിളിച്ചു നടന്നു. ജേ വിളിച്ചു്, വലിയ കൊലക്കൊമ്പന്മാരൊക്കെ വിളിച്ചിട്ടു് ഫലം ഗോപി. ഇനി നീയാ വിളിച്ചു് സ്വാതന്ത്ര്യം വാങ്ങിക്കുന്നതു്."

മാതൃഭൂമിയോടു് തനിക്കുള്ള കൎത്തവ്യത്തിൻെറ മാഹാത്മ്യത്തെപ്പറ്റി ച്ചിന്തിച്ചു് ആ യുവാവിൻെറ മുഖത്തു് സ്വരാജ്യസ്നേഹത്താൽ ഉദ്ദീപിതമായ യുവചൈതന്യം കളിയാടി. മേനോൻ തുടൎന്നു. "ഇതിൻെറയൊക്കെ നൂറുമടങ്ങു് ഭയങ്കരമായിരുന്നു വൈക്കം സത്യാഗ്രഹം. അതിനു് പ്രത്യേകമായ ഒരുദ്ദേശ്യവുമുണ്ടായിരുന്നു. ഞങ്ങളെല്ലാം അതിൽ പങ്കെടുത്തവരാണു്. അതേപ്പററി ചില കുബുദ്ധികൾ പറഞ്ഞ ഏഷണിമൂലം ഇന്നിതുപോലെയും ആയി. അല്ലെങ്കിൽ ഞാനിപ്പോൾ ഏതുദ്യോഗത്തിൽ ഇരിക്കേണ്ടതാണെന്നറിയാമോ? ആ ശങ്കരപ്പിള്ളയും കുറുപ്പും എല്ലാം എൻെറ ജൂനിയേഴ്സാണു്. അനുഭവം വച്ചുകൊണ്ടാണു് മററുള്ളവർ പറയുന്നതെന്നു് വിചാരിക്കണം."

"അച്ഛനങ്ങിനെയായിരുന്നെങ്കിൽ മകൻെറ പ്രവൃത്തിയും തരക്കേടില്ല." രവി വിചാരിച്ചുപോയി.

"നിൻെറ ജ്യേഷ്ഠനെത്തന്നെ നോക്കു്. അവനെ എവിടെയും എല്ലാവൎക്കും എന്തു ബഹുമാനമാണെന്നറിയാമോ? അവനും നിന്നെപ്പോലെ കാളേജു കഴിഞ്ഞിട്ടാണുദ്യോഗത്തിനു പോയതു്. കഴിഞ്ഞ ഒന്നാം തീയതി അവനു പ്രമോഷൻ കിട്ടി. ഇപ്പോഴവിടത്തെ സൂപ്രണ്ടാണു്. സായ്പന്മാൎക്കുപോലും അവനെ വലിയ കാൎയ്യമാണു്. അവനെക്കണ്ടെങ്കിലും നിനക്കു് പഠിക്കരുതോ. കുട്ടികളായാൽ കുറച്ചു ഗുരുത്വം വേണം.

"ഓ അല്ലെങ്കിൽ തന്നെ ഞാൻ ഒന്നും പറയുന്നില്ല. നിനക്കു കാൎയ്യം മനസ്സിലാക്കത്തക്ക പ്രായമായി. ഇതുവരെ എൻെറ നിലയ്ക്കു തക്കവണ്ണം ഞാൻ നിന്നെ വളൎത്തി. ഇനി നിൻെറ പാടു്. ജേ വിളിച്ചോ, ലാത്തികൊണ്ടോ എങ്ങിനേയോ നടന്നോ—ഒരു കാൎയ്യം കൂടി ഇവിടെ താമസിച്ചുകൊണ്ടു് ഇങ്ങിനെ കാൺഗ്രസുകാരനായി നടക്കാൻ ഒക്കുകയില്ല."

* * * * *

കാലം പിന്നെയും കഴിഞ്ഞു. കഥകൾ നിറഞ്ഞ വർഷം നാലുപോയി. ഭാരതരാഷ്ട്രീയാന്തരീക്ഷം പ്രക്ഷുബ്ധമായി. അടിമത്തത്തിൻെറ ഇരുമ്പുചങ്ങലകൾ പൊട്ടിച്ചെറിയാൻ ഭാരതീയർ ഉദ്യുക്തരായി. വിദേശഗവർമ്മെൻറ് മർദ്ദനപരിപാടികൾ കൈക്കൊള്ളാൻ ഒട്ടംതന്നെ താമസിച്ചില്ല. വെടിവയ്പും ലാത്തിച്ചാർജ്ജും. അനവധി ഭാരതീയർ സ്വാതന്ത്ര്യസമരത്തിൽ വീരസ്വർഗ്ഗം പ്രാപിച്ചു. ആയിരക്കണക്കിനു സ്വരാജ്യസ്നേഹികളുടെ രക്തം ധാരധാരയായി ഒഴുകി ഭാരതജനനിയുടെ 'മുഖം' കോപം കൊണ്ടെന്നപോലെ അരുണമായി. നേതാക്കന്മാരെല്ലാം ബന്ധനസ്ഥരായി.

ശ്രീയുത് രവീന്ദ്രനാഥിൻെറ നേതൃത്വത്തിൽ ബാംബേ നഗരവാസികളും പ്രതിഷേധപ്രകടനങ്ങൾക്കു തയ്യാറായി. രവിയുടെ വ്യക്തിമാഹാത്മ്യം, മാതൃഭൂമിയോടു തനിക്കുള്ള കർത്തവ്യം നിറവേററുന്നതിന് അവസാനത്തെ തുള്ളി രക്തം പോലും ചിന്നിക്കാൻ തയാറായ ആ ധീരൻെറ സ്ഥൈര്യം, മഹാത്മാവിനോടും, അദ്ദേഹത്തിൻെറ മഹനീയാദർശങ്ങളോടും ഉള്ള അകൈതവമായ ഭക്ത്യാദരങ്ങൾ ഇവ രവിയെ ഒരുത്തമ നേതാവാക്കിത്തീർത്തു. നേതാക്കളുടെ ബന്ധനത്തെ പ്രതിഷേധിച്ച് ഒരു ദിവസം പരിപൂർണ്ണമായ ഹർത്താൽ അനുഷ്ഠിക്കാൻ രവി ആവശ്യപ്പെട്ടു. നഗരവാസികൾ അപ്പടി അനുസരിച്ചു. മുദ്രാവാക്യങ്ങളുടെ ഉൽഘോഷത്താൽ ബോംബേ നഗരം ശബ്ദായമാനമായിത്തീർന്നു. വാഹനങ്ങളുടെ ഗതാഗതം തടയപ്പെട്ടു. പട്ടാളലോറികളും, പോലീസ്കാറുകളും യാത്ര നിർത്തിവയ്ക്കേണ്ടിവന്നു. ഈ വാർത്ത അധികാരികളെ കോപകലുഷിതരാക്കി. സ്ഥലത്തെ പോലീസിനെക്കൊണ്ട് പ്രകടനക്കാരെ അമർച്ചചെയ്യാൻ അസാദ്ധ്യമെന്ന് അവർക്ക് അനുഭവപ്പെട്ടിട്ടുണ്ട്. സംഭവങ്ങളുടെ സ്ഥിതിഗതികളെപ്പററി സെൻട്രൽ ഗവർമ്മെൻറിനു ഫോൺചെയ്തു. ലഹളകൾ അമർച്ചചെയ്യാൻ അതിസമർത്ഥനെന്നു പേരുകേട്ട ഒരു ഭാരതീയനെത്തന്നെ ബാംബേയിലേക്കു നിയമിച്ച് ഉടൻ ഉത്തരവായി. പുതിയ ഉദ്യോഗസ്ഥൻ അന്നുതന്നെ ചാർജ്ജെടുത്തു. നയതന്ത്രവിശാരദനും കർമ്മകുശലനുമായിരുന്നു അദ്ദേഹം.

വന്ന ഉടൻതന്നെ അദ്ദേഹവും രവീന്ദ്രനാഥുമായി ഫോണിൽ ഒരു സംഭാഷണമുണ്ടായി. അദ്ദേഹം സ്പെഷ്യൽപോലീസിൻെറ മേലധികാരിയാണെന്നല്ലാതെ അദ്ദേഹത്തിൻെറ പേരോ മററു വിവരങ്ങളോ രവിക്കറിഞ്ഞുകൂടായിരുന്നു. ഹർത്താലും മററും നിർത്തി ജനങ്ങൾ നിശ്ശബ്ദം വീടുകളിലേക്കു മടങ്ങിപ്പോകണമെന്നും അല്ലെങ്കിൽ ഉടൻതന്നെ പോലീ

സുവെടിവയ്പ്പു തുടങ്ങുമെന്നും അദ്ദേഹം ഭീഷണിപ്പെടുത്തി. പക്ഷേ ഭീഷണികളിൽ കലുങ്ങുന്ന ഒരു ഹൃദയമല്ലായിരുന്നു രവിയുടേതു്. ഭാരത സ്വാതന്ത്ര്യമാണു തങ്ങളുടെ പരമമായ ലക്ഷ്യമെന്നും, അധികാരികളുടെ നിഷ്ഠൂരുണമായ വെടിവയ്പിൽ വീരസ്വർഗ്ഗം പ്രാപിച്ച ഭാരതമാതാവിന്റെ ധീരസന്താനങ്ങളോടുള്ള, ഭക്തി പ്രദശിപ്പിക്കാൻ ഒരു ദിവസത്തെ ഹ ത്താൽ അനുഷ്ടിക്കേണ്ടതു് ഏതു ഭാരതീയന്റേയും കത്തവ്യം മാത്രമാ ണെന്നും, ലാത്തിച്ചാർജ്ജോ വെടിവയ്പോ യാതൊന്നും തന്നെ തങ്ങളെ ആ ഉദ്യമത്തിൽ നിന്നും പിന്തിരിക്കാൻ ശക്തമായിത്തീരുന്നതല്ല എന്നുമായി രുന്നു രവിയുടെ സുധീരമായ മറുപടി. "എന്നാൽ തയാറായിക്കൊള്ളുക." എന്നു പറഞ്ഞു് സംഭാഷണം അവസാനിച്ചു.

സമയം സന്ധ്യയോടടുത്തു. സഹസ്രകിരണന്റെ സായാഹ്നരശ്മിക ളാൽ ബാംബേ നഗരം പൂർവ്വാധികം ശോഭായമാനമായിത്തീർന്നു. പതി നായിരത്തിലധികം വരുന്ന ഒരു പുരുഷാരം പോലീസ് ഹെഡ്ക്വാർട്ടേ ഴ്സിലേക്കു പുരോഗമിക്കുകയായിരുന്നു. മുദ്രാവാക്യങ്ങളുടെ ശബ്ദം വാ നോളമുയന്നു. അന്തിക്കതിരോന്റെ ചെങ്കതിരുകൾ അവർ വഹിച്ചി രുന്ന ത്രിവണ്ണപതാകയുടെ ശോഭയ്ക്കു മാററു കൂട്ടി. ഘോഷയാത്രയുടെ പുരോഭാഗത്തു് ദേശീയപതാകയുമേന്തി പോകുന്ന ആ ഖദർധാരി നമ്മുടെ രവിയല്ലാതെ മററാരുമല്ല. എന്തു തേജസ്സ്, എന്തു് ധൈര്യം, എന്തു് ആത്മവിശ്വാസമാണു് ആ മുഖത്തു് കളിയാടുന്നതു്. ഘോഷയാത്രയുടെ പുരോഗതി പെട്ടെന്നു് നിലച്ചു. ഖദർ ധാരികളുടെ മുമ്പിൽ കാക്കീകഞ്ചു കന്മാർ അണി നിരന്നു. സായുധസേന നിരായുധരുടെ മുമ്പിൽ. അടിമ മനസ്ഥിതിക്കാർ സ്വാതന്ത്ര്യേച്ഛുക്കളുടെ മുമ്പിൽ.

"വെടി തുടങ്ങട്ടേ" അസിസ്റ്റൻറ് പോലീസ് ഓഫീസർ ആർഡർ കൊടുത്തു. സാധുക്കളായ ധമ്മഭടരുടെ ഇടയ്ക്കു കൂടി വെടിയുണ്ട ഇരമ്പി പ്പാഞ്ഞുപോയി. ഏതാനും പേർ ഭാരതമാതാവിന്റെ വിശാലമായ മാ റിടത്തിലേക്കു ചാഞ്ഞു. അഹിംസാവ്രതക്കാരാണെങ്കിലും അവരുടെ ക്ഷമ സൂര്യനോടുകൂടിത്തന്നെ അസ്തമിച്ചു. ഭൂദേവി തന്നെ പ്രദാനം ചെയ്ത കല്ലുകൾ അവർ ആയുധങ്ങളായി ഉപയോഗിക്കാൻ തുടങ്ങി. പോലീസ് ഭടന്മാരിൽ പലരും മുറിവേററു വീണു. തോക്കു ദൂരെ തെറിച്ച് പലരും നിരായുധരായി. ശേഷിച്ചവർ പിന്തിരിഞ്ഞോടി.

സംഗതികളുടെ ദയനീയമായ പരിണാമം അറിഞ്ഞു് സ്പെഷ്യൽ ആഫീസർ കൂടുതൽ കുപിതനായി. കത്തവ്യബോധത്താൽ പ്രേരിത നായ അദ്ദേഹം അശ്വാരൂഢനായി ഏതാനും അനുയായികളോടുകൂടി

രംഗസ്ഥലത്തേക്കു പുറപ്പെട്ടു. 'നേതാവിനെ ആദ്യം വീഴിക്കുക' തന്നെ ആശാസ്യം എന്നു് അദ്ദേഹത്തിനു തോന്നി. നിരായുധനായ രവിയുടെ സ്വാതന്ത്ര്യേച്ഛുവായ ആ ധീരഭാരതീയൻെറ മുട്ടിനു താഴെ ലക്ഷ്യമാക്കി ആ പോലീസധികാരി നിഷ്ഠുരണം വെടിയുണ്ട പായിച്ചു. ലക്ഷ്യം പിഴച്ചില്ല.

"അമ്മേ !!!.........വന്ദേമാത......രം..........!!"എന്നു ദയനീയമായി നിലവിളിച്ചുകൊണ്ട് ആ ധർമ്മഭടൻ മാതാവിൻെറ വക്ഷസ്സിൽ പതിച്ചു. ആ വിദൂരസ്ഥലത്തു "അമ്മേ" എന്നു തൻെറ മാതൃഭാഷയിൽ ഉച്ചരിച്ച ആ ധീരനേതാവാരു് എന്നറിയാനുള്ള ഉൽക്കണ്ഠയോടുകൂടി അദ്ദേഹം കുതിരപ്പുറത്തുനിന്നും ഇറങ്ങി രവി കിടന്ന സ്ഥലത്തേക്കു നടന്നു.

രവിയുടെ അനുയായികൾ കല്ലേറി നിർത്തിയിരുന്നില്ല. ആഫീസരുടെ നെററിത്തടത്തിൽതന്നെ ഒരു കല്ലുകൊണ്ടു. നിണമണിഞ്ഞ ഫാലദേശം തനിയേ താങ്ങിക്കൊണ്ടു് അദ്ദേഹം രവിയെ സമീപിച്ചു. പൊടിയണിഞ്ഞ വേഷം രക്തത്തിൽ മുങ്ങി ശരീരത്തോടുപററിച്ചേർന്നിരിക്കുന്നു. നിരാഹാരവ്രതത്താലും മററും ശരീരം പരിക്ഷീണമായിരിക്കുന്നു. അപ്രകാരമാണു് താൻ ആ ധീരനേതാവിനെ അഭിമുഖമായിക്കാണുന്നതു്.

പോലീസ് ആഫീസർ കാൺഗ്രസ്സ് നേതാവിനെ തിരിച്ചറിഞ്ഞു.

"എൻെറ രവീ" മുറിവേററ നെററി താങ്ങിക്കൊണ്ടു് അദ്ദേഹം വേദനയോടെ വിളിച്ചു.

"ജ്യേഷ്ഠാ" ! രവിയും ആളിനെ മനസ്സിലാക്കി.

"എൻെറ രവീ !ഞാൻ പാപിയായിപ്പോയി" അദ്ദേഹം പശ്ചാത്തപിച്ചു. "ജ്യേഷ്ഠൻ സ്വകർത്തവ്യം നിർവ്വഹിച്ചു" രവി ജ്യേഷ്ഠനെ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു.

"രവി, നീതന്നെ ഭാഗ്യവാൻ."

വേദന സഹിക്കാൻ പാടില്ലാതെ അദ്ദേഹവും വീണുപോയി. മാതൃഭൂമിയുടെ വിശാലവക്ഷസ്സ് അദ്ദേഹത്തിനും അഭയം അരുളി.

രണ്ടുപേരും ഒരേ സ്വരത്തിൽ ഉൽഘോഷിച്ചു.

"വ...ന്ദേ...മാ...ത...രം" !

# കാവ്യകാരൻ

(വി. കെ. സ്വാമി, III U. C.)

"വിശപ്പു, വിശപ്പെൻെറ ദൈവമേ ! കിട്ടീട്ടില്ലി-
ന്നശിക്കാനൊന്നും കണ്ണുനീയൊന്നു തുറന്നാകിൽ......!
രാവിൻെറ മൂകാലാപം മുക്കാലും കഴിയാറായ്
കാവ്യകൃത്തുറങ്ങീട്ടില്ലിപ്പൊഴും, കരയുന്നു;
വയറിൽ തീവ്രാക്രോശം കേൾക്കുന്നോ ഇയാൾക്കേററം
ഭയമാകുന്നു ചിത്തമയ്യയ്യോ ! നകരുന്നു:
അന്തിയാവോളം കാവ്യദേവിയെ പ്രീണിപ്പിച്ചു-
തെന്തിനോ വയററിൻെറ അപ്രീതിമാത്രം കിട്ടാൻ.
പട്ടിണിപ്പുരക്കുള്ളിൽ പാക്കുവാനെന്നാലൊട്ടും
പററുകില്ലെന്നുംചൊല്ലി കണ്ണുനീർ നിലയ്ക്കുവേ
പാവമപ്പൊഴ് മേശക്കു മേലായിട്ടണഞ്ഞീടാൻ
ഭാവിക്കും വിളക്കിൻെറ മുമ്പിലായ് തലചായ്ച്ചു.
വിശ്രമിച്ചീടു കാവ്യകാരനാം സഖാവേ നിൻ
വിശ്രുതമാകുംശക്തി സഹിക്കുന്നതു തന്നെ.
കാഞ്ചനമുഴക്കാപ്പു ചാത്തുവാനെത്തും കാല്യ-
കാന്തിയെ പ്രതീക്ഷിക്ക സങ്കടമാകെത്തീരാൻ.
പൂങ്കോഴിമോദംപൂണ്ടു കൂകുന്നു കേൾക്കുന്നീലേ,
വാഞ്ഛിതമെല്ലാം കിട്ടും വിശപ്പും മാറും നാളെ.
പാരവശ്യത്താൽ കോടികോടിയായ് പതറുന്ന
പാവങ്ങൾ തൻ സന്ദേഹം പകത്തിപ്പാടും കവേ!
നാളത്തെട്ടിന മങ്ങേക്കുള്ളതാണാത്ത്രാണ
ശീലത്താലല്ലോ, കാവ്യകാരനായ്തീർന്നു, ഭവാൻ.

ചെറുകഥ

# സ്നേഹത്തിൻെറ വിജയം

കമുകറ, എൽ, ലീലാംബായി ജൂനിയർ ബി, എ. ക്ലാസ്സ്,

പട്ടണത്തിലായിരുന്നെങ്കിലും ആഡംബരപ്പുധികമില്ലാത്ത പ്രദേശത്തു് നിർമ്മിക്കപ്പെട്ട ഒരു ചെറിയ ഭവനം. ഒരു വിധം നല്ല ഉദ്യോഗം; സ്നേഹമയിയായ ഒരു ഭാര്യയും. ഞാനതിൽ സംതൃപ്തനാണു്. പക്ഷെ എൻെറ ഭാര്യ രൂപവതിയല്ല. കറുത്തനിറം. ഭംഗിയില്ലാത്ത മങ്ങിയ കണ്ണുകൾ... വണ്ണമുള്ള ശരീരം......അതെ...അവൾ ഒരു വിരൂപതന്നെ...എങ്കിലും ഞാനവളെ വെറുത്തില്ല. ദുഷിച്ചുമില്ല. എൻെറ ഭാഗ്യം അത്രവരെ എത്തിയതേയുള്ളുവെന്നു വിചാരിച്ചു സമാധാനപ്പെട്ടു. അവൾ കറുത്തിരുന്നാൽ തന്നെയെന്തു്? എനിക്കു...എൻെറ കണ്ണിനു മുമ്പിൽ അവൾ രതിതന്നെയാണു്...ബാഹ്യസൗന്ദര്യം ക്ഷണികമാണു്...എനിക്കതിൽ വിശ്വാസവുമില്ല. എന്നെ ആകർഷിച്ചതും സന്തുഷ്ടനാക്കിയതും കേശിനിയുടെ വിശ്വം നിറഞ്ഞ പ്രേമമാണു്...

അഞ്ചുമണിയാവുമ്പോഴേക്കും ഞാൻ വീട്ടിലെത്തിക്കഴിയും; ആഫീസിൽ നിന്നും തിരിച്ചു വരാനുള്ള എൻെറ സമയമാണതു്. കേശിനിയ്ക്കു മതറിയാം. വൈകുന്നേരമാവുമ്പോൾ സ്നേഹം നിറഞ്ഞ രണ്ടു് നയനങ്ങൾ എൻെറ വരവു് പ്രതീക്ഷിച്ചു്, ജന്നലിനരികിൽ അക്ഷമയോടെ കാത്തു നില്ക്കും. ഞങ്ങൾ തമ്മിലധികം സംസാരിക്കാറില്ല...ഹൃദയവികാരങ്ങൾ വീക്ഷണം കൊണ്ടാണു് പരസ്പരമറിയിക്കാറുള്ളതു്. വന്ന ഉടൻ ഞാനവളെ നോക്കി നിശ്ശബ്ദനായി നില്ക്കും. "മുല്ലപ്പൂവണിഞ്ഞ തലമുടിക്കെട്ടു്. പുളിയിലക്കരനേര്യതു്...മൽമൽപ്പുടക, തുടങ്ങിയവേഷം...പ്രേമം പ്രകാശിച്ചു നില്ക്കുന്ന കണ്ണുകൾ...അല്പം ലജ്ജകലന്ന മന്ദഹാസം!!! എന്നെ വശീകരിക്കാനത്രയും മതി...ഞാൻ സർവ്വവും മറന്നങ്ങനെ നോക്കിനില്ക്കും..."അയ്യൊ...കാപ്പി ആറിത്തണുത്തിരിക്കും വരണം"—സ്നേഹംകലന്ന ആ വാക്കുകളാണെന്നെ എൻെറ സങ്കല്പത്തിൽ നിന്നുമുണർത്താറുള്ളതു്.

ഞാനൊരു സാഹിത്യകാരൻ കൂടിയാണു്..എൻെറ ചെറുകഥകളൊന്നും തന്നെ അവൾ വായിക്കാതിരിക്കുകയില്ല. അവൾക്കു വിദ്യാഭ്യാസമില്ല; അഭിപ്രായം പറയാനുമറിഞ്ഞുകൂട...എങ്കിലും അവ വായിച്ചുകേൾക്കണമെന്നവൾക്കു നിർബ്ബന്ധമുണ്ടു്. വായിച്ചു തീന്നാലുടനവൾ പറയും "നന്നായിരിയ്ക്കുന്നു. അയയ്ക്കണം"—ഞാനതുകൊണ്ടു് തൃപ്തനാകുകയില്ല. "എതിനയച്ചുകൊടുക്കണം. പറയൂ"—

"മലയാളരാജ്യത്തിന്" —അവൾക്കവിടെ വരുന്ന പത്രങ്ങളെല്ലാം സുപരിചിതമാണ്. സാഹിത്യാഭിരുചികൊണ്ടല്ല അവളവ വായിച്ചു മനസ്സിലാക്കുന്നതു്. ഭർത്താവിൻെറ ചെറുകഥ പ്രസിദ്ധീകരിയ്ക്കുവാനുള്ള യോഗ്യത ഏതു പത്രത്തിനാണെന്നു് നിർണ്ണയിക്കാൻ !!!

കേശിനിയുടെ അനുവാദം കിട്ടിയശേഷമേ എൻെറ ചെറുകഥകൾ പത്രപംക്തികളിൽ പ്രതിഫലിക്കാറുള്ളൂ.

എൻെറ ചിന്താശുകത്തെ പിടച്ചടക്കാനവൾ ശ്രമിച്ചിട്ടേയില്ല. ചിലപ്പോൾ ഞാനെൻെറ കഥകളിൽ വരുത്തേണ്ട വ്യതിയാനങ്ങളെ എടുത്തു കാണിച്ചിട്ടു ചോദിക്കും ഏതാണ് സ്വീകാര്യയോഗ്യമെന്നു്. വിനയം കലർന്ന അഭിമാനത്തോടെ അവൾ ഒന്നിനെ പിന്താങ്ങും. അഭ്യസ്തവിദ്യയായ ഒരു പത്നിയാണെൻെറ അരികിലിരുന്നെൻെറ കഥകളെ വിമർശിക്കുന്നതെന്നു് സ്വയം വിചാരിച്ചു് ഞാൻ സന്തോഷിയ്ക്കാറുമുണ്ടു്.

അവൾക്കു പാട്ടറിഞ്ഞുകൂട...എങ്കിലും എൻെറ പാട്ടവൾ സശ്രദ്ധം കേൾക്കും. എനിക്കറിയാവുന്ന പാട്ടുകളെല്ലാമവൾക്കു കാണാപ്പാഠമാണ്. കേശിനി ചിലപ്പോൾ എന്നോടാവശ്യപ്പെടും ഒരു പാട്ടു് പാടാൻ...അങ്ങനെ അവൾ പറയുന്നതു് പാട്ടിനോടുള്ള പ്രീതികൊണ്ടല്ല; എന്നെ രസിപ്പിക്കാൻ വേണ്ടിമാത്രം! അതുമെനിക്കറിയാം. എങ്കിലും ഞാൻ അകം നിറഞ്ഞ സന്തോഷത്തോടെ എന്നാൽ കഴിയുന്നിടത്തോളം ഭംഗിയായി പാടും...അവളതിൽ ലയിക്കും...ആ ലയത്തിൽ ഞാനെന്നെ മറക്കും...

ഇതൊക്കെ ആയിരുന്നെങ്കിലും കേശിനിക്കൊരു കുറവുണ്ടെന്നവൾ വിശ്വസിച്ചിരുന്നു...തനിക്കു സൗന്ദര്യമില്ലെന്ന് !!! പക്ഷെ അതുമറയ്ക്കാനുമവൾ ശ്രമിച്ചിരുന്നു. വിധംവിധങ്ങളായ വേഷഭൂഷാദികൾ അണിഞ്ഞുകൊണ്ടവളെൻെറ മുമ്പിൽ വന്നു് നില്ക്കും. എന്നെ മയക്കാൻ! ഒരുപക്ഷെ അവൾക്കു സൗന്ദര്യമില്ലെന്നു പറഞ്ഞു് ഞാനുപേക്ഷിച്ചു കളഞ്ഞാലോ? പാവം. സാധുപ്പെൺകുട്ടി! എൻെറ മുഖമൊന്നു മങ്ങിക്കണ്ടാൽ മതി, അവളന്നു മുഴുവൻ കരയും...സൗന്ദര്യത്തെപ്പററി ഒന്നു സൂചിപ്പിച്ചാൽ മതി, ആ മുഖം വാടിക്കഴിയും...ഞാനതുകണ്ടു്...അവളെ ചിരിപ്പിക്കാൻ ശ്രമിക്കും...ഒരു മഴവില്ലാമുഖത്തു് പരക്കും...അടുത്ത നിമിഷം ഞാനവളെ എൻെറ ഹൃദയത്തോടടുപ്പിച്ചു് പിടിക്കും......

അങ്ങനെ ഞങ്ങളുടെ ദാമ്പത്യം അല്ലലെന്തെന്നറിയാതെ സുഖവും തൃപ്തിയും നിറച്ചുകൊണ്ടു് മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു.

*  *  *  *  *  *

അന്ന് വീട്ടിലെത്തി കാഫികുടിച്ചു കൊണ്ടിരുന്നപ്പോഠം കേശിനി ചോദിച്ചു...“കഥയെവിടെവരെയായി?”—“ഏകദേശം തീരാറായി! ഒ... നാശം വല്ലവിധേനയും തീൎന്നെങ്കിൽ മതിയായിരുന്നു. സൈ്വരമായിരു ന്നൊന്നു സംസാരിക്കാൻപോലും ഇതു സമയം തരുന്നില്ല.”—

കേശിനി എൻെറ തലമുടി കോതി ഒതുക്കിക്കൊണ്ടിരുന്നതല്ലാതെ മറുപടി ഒന്നും പറഞ്ഞില്ല.

“തങ്കം...എന്താ അങ്ങനെ ചോദിച്ചതു്?—ഞാൻ ചോദിച്ചു.

അയൽ വീട്ടിനെ ചൂണ്ടിക്കാണിച്ചുകൊണ്ടവഠം മന്ദസ്വരത്തിൽ പറ ഞ്ഞു.

“ആ ഭിത്തികളുടെ മറവിൽ നടക്കുന്ന സംഭവങ്ങഠം...അന്ന് ചിത്രീ കരിച്ചതുപോലെയല്ല...”—

“എന്തുവച്ചാൽ”?—

“അവിടെ നിന്നുമെന്നുമുയൎന്നെഴുന്നേൽക്കാറുള്ള ആ വിശ്വവശ്യമായ ഗാനത്തിന്റെ പുറകിൽ...അങ്ങ് ഒരു ത്രിലോകസുന്ദരിയെ സങ്കല്പിച്ചു”...

“അതെ...അതിനെന്തു്? നാമിവിടെത്താമസമാക്കിയിട്ടഞ്ചുവൎഷമാ യി. കടന്ന കൊല്ലങ്ങളെന്നെ പഠിപ്പിച്ചതതാണ്......”

“അതാണ് പറഞ്ഞതങ്ങേക്കു തെററിപ്പോയെന്ന്...ഉത്തരമില്ലാ ത്ത ഒരു ചോദ്യമാണ് ആ മറയുടെ പിന്നിലെ രഹസ്യങ്ങഠം...ഈ അ ഞ്ചു വൎഷക്കാലമായിട്ടാ സ്ത്രീയുടെ നിഴൽപോലും നമുക്കു കാണാൻ സാധി ച്ചിട്ടില്ല.”

“കണ്ടാലെന്തു്? ഇല്ലെങ്കിലെന്തു്? അവളൊരു വിശ്വമോഹിനി തന്നെയായിരിക്കണം. എല്ലാം മി. പിള്ളയുടെ ഭാഗ്യം...എന്നിട്ടും ചില പ്പോളയാഠം ആ ദേവതയെ ശകാരിച്ച് വേദനപ്പെടുത്താറുണ്ടല്ലോ...ഹൃദയ മില്ലാത്ത മനുഷ്യൻ! കഷ്ടം...അല്ലേ തങ്കം?—”

“എന്നൊക്കെയായിരുന്നു ഞാനും വിചാരിച്ചിരുന്നതു്...പക്ഷെ ഇപ്പോഠം തോന്നുന്നു അയാഠം കുററപ്പെടുത്തുന്നതിലും അത്ഭുതമില്ലെന്ന്...”

“അതെന്തു്?” സാത്ഭുതം ഞാൻ ചോദിച്ചു.

“ഇന്നുച്ചയ്ക്കു ഞാനവളെ കാണുകയുണ്ടായി.”

“ഉൗവ്വോ? എങ്ങനെയിരിക്കുന്നു” ഔത്സുക്യത്തോടെ ഞാൻ ചോ ദിച്ചു.

“അയ്യൊ...ഭയങ്കരം...അവളൊരു പ്രേതംതന്നെയാണ്! അയാളെ ങ്ങനെതന്നെ ഈ അവലക്ഷണത്തെ വിവാഹം കഴിച്ചൊ എന്തൊ...

കഷ്ടം...അങ്ങയുടെ കഥയിലേ മനോഹരി ഇങ്ങനെ പിശാചായി മാറിപ്പോയല്ലൊ..."—സാനുകമ്പം കേശിനി പറഞ്ഞു.

എനിക്കൊന്നും മനസ്സിലായില്ല...കേശിനിയെ ഞാൻ അടിമുടി സൂക്ഷിച്ചുനോക്കി...അവരം സനിശ്വാസം അയൽ വീട്ട നോക്കി നിന്നു. ഞാനെഴുതിക്കൊണ്ടിരുന്ന കഥ മേശപ്പുറത്തുനിന്നും പറന്നു താഴെ വീണു. എൻെറ തല കറങ്ങിത്തുടങ്ങി. അത്രയും നാളത്തെ ശ്രമം വെറുമൊരു പാഴ്‌വേലയോ?—അയൽ വീട്ടിലെ രഹസ്യങ്ങളുടെ ചിത്രീകരണത്തിന്റെ അവസാന മീവിധത്തിലോ?—വേദനയോടെ ഞാൻ സോഫയിലേയ്ക്കു ചാഞ്ഞു......

* * * * * *

ആഴ്ചകരം നാലഞ്ചു് എന്നെ നിരാശനാക്കിക്കൊണ്ടു് കടന്നുപോയി അർദ്ധരാത്രി...കേശിനി സുഖനിദ്രയിൽ ലയിച്ചു കിടക്കുകയാണു്. ആകാശത്തു നിന്നുകൊണ്ടു് പൂർണ്ണചന്ദ്രൻ ജന്നലിൽക്കൂടെ ഞങ്ങളെ നോക്കി ചിരിച്ചുകൊണ്ടിരുന്നു. എനിക്കുറക്കം വന്നതേയില്ല...ചന്ദ്രൻെറ ശീതകിരണങ്ങളെൻെറ ഹൃദയമോഹിനിയുടെ കളങ്കരഹിതമായ മുഖത്തുണ്ടാക്കിയ അത്ഭുതമാററങ്ങളെ നോക്കിക്കൊണ്ടു് നിശ്ശബ്ദനായി ഞാൻ വളരെ നേരമിരുന്നു. അതു കഴിഞ്ഞു് സാവധാനമെഴുന്നേററു വരാന്തയിൽ ചെന്നു് നിന്നു. പൂർത്തിയാക്കാതെ കിടന്ന കഥയുടെ സ്മരണ എന്നെ അപ്പോഴും നൊമ്പരപ്പെടുത്തിക്കൊണ്ടിരുന്നു.

അവിചാരിതമായി അയൽ വീട്ടിലെ ജന്നൽ തുറന്നു കിടക്കുന്നതു കണ്ടു് ഞാനത്ഭുതത്തോടെ നോക്കി. അയ്യൊ...ഞാനാമുറിക്കുള്ളിൽ കണ്ട രൂപം......ഒരിക്കൽക്കൂടി എനിക്കു നോക്കാൻ ധൈര്യമില്ലായിരുന്നു. ഞാൻ തിരിഞ്ഞു നടന്നു.

"സാർ" ഒരു ശബ്ദം. ഞാൻ സ്തംഭിച്ചു നിന്നുപോയി. മി. പിള്ള എൻെറ അരികിലേക്കു വന്നുകൊണ്ടിരുന്നു "സാർ...എനിക്കുവേണ്ടി ഒരു സഹായം ചെയ്യുമോ? എൻെറ ഭാര്യയ്ക്കു് തീരെ സുഖമില്ല...വളരെ വർദ്ധിച്ചിരിക്കുകയാണു്...എനിക്കു തനിച്ചാക്കിയിട്ടു വെളിയിൽ പോകുവാനും നിവൃത്തിയില്ല...ദയവു...ചെയ്തു...ഡാക്ടറെ ഒന്നു വിളിച്ചുകൊണ്ടു വരുമോ? അയ്യൊ...എൻെറ വേദന ആരറിയുന്നു!"—

ഞാനാ പ്രേമസമ്പന്നനെ നോക്കി അല്പനേരം നിന്നുപോയി. ഒരു ഘോരരൂപിണിയെ ഹൃദയംഗമമായാരാധിക്കുന്ന ഭർത്താവാണദ്ദേഹം....... എന്തൊരു വിശാലഹൃദയം!!! ഞാനുടൻ തന്നെ ഡാക്ടറെ വിളിക്കാൻ പുറപ്പെട്ടു. അരമണിക്കൂറിനകം ഞാൻ ഡാക്ടറുമൊന്നിച്ചയൽ വീട്ടിലെത്തി. ആ സാധു യുവാവിൻെറ മുഖം എന്നെ പരിഭ്രാന്തനാക്കി.

"എങ്ങനെയിരിക്കുന്നു?"—

"ഇതുവരെയും ഒന്നും സംസാരിച്ചിട്ടില്ല...ഉണന്നിട്ടുപോലുമില്ല"—

ആ വാക്കുകൾ ഒരു തകന്ന ഹൃദയത്തിൽ നിന്നും പുറപ്പെട്ടതാണെന്നനിക്കു തോന്നി.

ഡാക്ടർ വേഗം രോഗിണിയുടെ അരികിലെത്തി പരിശോധിച്ചു. ഒന്നുരണ്ടു് ഇൻജക്ഷൻ നൽകിയശേഷമദ്ദേഹം പറഞ്ഞു. "പേടിക്കാനൊന്നുമില്ല.. ഓവർ എക്സാഷ്നാണിതിന്നു് കാരണം. അരമണിക്കൂറിനകം നാർമലായിപ്പോവും...ഷാക്കുണ്ടാക്കുന്ന വത്തമാനമൊന്നും പറയാതെ സൂക്ഷിക്കണം. അല്ലെങ്കിലാപത്തായിത്തീരും. ഞാൻ പോകട്ടെ... നാളെ വന്നു കണ്ടുകൊള്ളാം Good night"—

ഡാക്ടർ പോയശേഷം ഞാൻ മി. പിള്ളയോടു് ചോദിച്ചു "ഇതു മാതിരി പലപ്പോഴും വരാറുണ്ടോ?"—

"ഇല്ല...ഇതാദ്യമായിട്ടാണു്...ഇതിന്നു് കാരണം ഞാൻ തന്നെയാണു് സാർ! ആഫീസിൽ നിന്നും ഞാനിന്നു് വരാനല്പം താമസിച്ചുപോയി. അവളതിൽ പരിഭവിച്ചു. ക്ഷീണവും മററും കൊണ്ടന്ധനായിത്തീന്ന ഞാൻ അവളുടെ ക്ഷീണിച്ച ദേഹസ്ഥിതിപോലും ഗൗനിക്കാതെ എന്തോ ചിലതു പരുഷമായി പറഞ്ഞു. അവളുടെ ഭീകരരൂപത്തെ ഞാൻ ശപിച്ചു...ഞാനും മനുഷ്യനല്ലെ സാർ...നിയന്ത്രണശക്തി എപ്പോഴുമുണ്ടായിരുന്നെന്നു വരുമോ? —പക്ഷെ അവളെ അതു വല്ലാതെ സ്പൃശിച്ചു...ഒരു നിലവിളിയോടെ അവരം ബോധഹീനയായി താഴെ വീണു...ഞാനങ്ങനെ പറഞ്ഞുകൂടാത്തതായിരുന്നു സാർ...ഒരു കാലത്തിവളും അതി സുന്ദരിയായിരുന്നു. ഞങ്ങളുടെ വിവാഹം നിഷ്കളങ്കമായ പ്രേമത്തിൻെറ വിജയചിഹ്നമായിരുന്നു. പക്ഷെ നശിച്ച ഒരു വ്യാധി വന്നതോടെ എൻെറ മാധവി ആളാകെ മാറിപ്പോയി. എന്നാലും സാർ ഞാനവളെ വെറുത്തിട്ടില്ല. എൻെറ സ്നേഹത്തിനൊരിക്കലും വാട്ടം തട്ടുകയുമില്ല. ഒരു കുരങ്ങിനേപ്പോലെയിരുന്നാലും അവളെൻെറ ഭാഗ്യമാണു്...എൻെറ കണ്ണിന്നു് മുമ്പിൽ സുന്ദരിയുമാണവരം...ദൈവമേ...എൻെറ ഓമന രക്ഷപ്പെട്ടെങ്കിൽ..."—!!!

ഹൃദയവേദനയോടെ ആ സാധു കരഞ്ഞുകൊണ്ടു് പറഞ്ഞു. ഞാനൊന്നും മിണ്ടിയില്ല. അല്പനേരത്തേക്കവിടെയെങ്ങുമൊരു നിശ്ശബ്ദത വ്യാപിച്ചു. അതു കഴിഞ്ഞു പിള്ള തുടന്നു "സാർ; അവളുടെ രൂപത്തിലവരംക്കു തന്നെയുണ്ടതിയായ മനോവേദന. അതിൻെറ കൂടെ ഞാനവളെ നിരാകരിച്ചേയ്ക്കുമോ എന്ന ഭയവും. എൻെറ സ്നേഹം നിറഞ്ഞ പ്രവൃത്തി

കളിലും വാക്കുകളിലുമാണ് അവളുടെ ജീവിതം കിടന്നു പന്താടുന്നതു്. പാവം!!! അവളെൻെറ ജീവനിൽ ജീവനാണെന്നിനിയുമവൾക്കു വിശ്വാസമായിട്ടില്ലാ".

"ങ്ങ്"......അകത്തു നിന്നും പുറപ്പെട്ട ഒരു ദീനശബ്ദം! മി. പിള്ള അകത്തേയ്ക്കോടി. അവൾ കണ്ണു തുറന്നു കിടക്കുകയായിരുന്നു. ഭർത്താവിനെ കണ്ടു് സന്തോഷത്തോടെ സ്വകരങ്ങളെ അവളദ്ദേഹത്തിൻെറ നേക്കു നീട്ടി. "ഓമനേ" മൂന്നാമതൊരാളവിടെയുണ്ടെന്നുള്ളതുപോലും മറന്ന് ആ ഭർത്താവു് ബലഹീനങ്ങളായ കൈകളെ വാരി അണച്ചു ചുംബിച്ചു.

"എന്നെ...ഇനിയും വേദിനിപ്പിയ്ക്കല്ലെ" തളർന്ന സ്വരത്തിലവൾ ഭർത്താവിനോടു് യാചിച്ചു. അപ്പോഴാണവളെന്നെക്കണ്ടതു്. ഒരു വേദന നിറഞ്ഞ ചിരി എനിക്കവൾ കാഴ്ചവച്ചു. തിരമറവിൽ നടന്ന നാകടടത്തിൻെറ അവസാന രംഗവും കണ്ട ഞാൻ "പോയിവരട്ടെ" എന്നു പറഞ്ഞുകൊണ്ടകന്നു.

അന്നവിടെ നടന്ന സംഭവങ്ങൾ ഒരു പുതിയ ലോകം എനിക്കു തുറന്നുകാണിച്ചു. മാംസത്തിൻെറ വിളിയിൽ നിന്നു മതി വിദൂരത്തിൽ നില്ക്കുന്ന ഒരു പാവനലോകം! വികാരങ്ങളുടെ അലതല്ലലിൽ അതു സ്തംഭിക്കാറില്ല. ഞാൻ വീണ്ടും അയൽ വീട്ടിലെ ജന്നലിലേയ്ക്കു നോക്കി. അതു തുറന്നുതന്നെ കിടന്നിരുന്നു. അവിടെ ഇനി ഒരു രഹസ്യവുമില്ല. എല്ലാം... നിഷ്കളങ്കമായ പ്രേമത്തിൽ പണിഞ്ഞ രണ്ടു ഹൃദയങ്ങളുടെ സമ്മേളിപ്പു മാത്രം.

* * * * * *

കേശിനി അപ്പോഴും നിദ്രാധീനയായിത്തന്നെ കാണപ്പെട്ടു...ഞാനവളെ സൂക്ഷിച്ചു നോക്കി. എന്നെ പരിപൂർണ്ണമായി വിശ്വസിച്ചു കഴിയുന്നവളല്ലേ? യാതൊരു വിധത്തിലുള്ള ചാഞ്ചല്യവും ഞാനെൻെറ ഓമനയിൽ കണ്ടില്ല. കളങ്കമററ ആ മുഖത്തെത്രയെത്ര പൊൻകിനാക്കളാണു് ഞാൻ കണ്ടതും കാണുന്നതും? അതെല്ലാം വെറും ശാരീരികമായിട്ടുള്ളതാണോ? അതോ ദൈവീകമായ ഒരു ശക്തിയിൽ നിന്നും പ്രവഹിക്കുന്നതോ?—

ഞാൻ വീണ്ടും കേശിനിയെ അടിമുടി ഒന്നു സൂക്ഷിച്ചു പരിശോധിച്ചു. അയൽ വീട്ടിലെ "മാധവി"യുമായി താരതമ്യപ്പെടുത്തി നോക്കിയതിൽ എൻെറ കേശിനി ഒരു ഭൂലോകരംഭയാണെന്നെനിക്കു തോന്നി...... സംതൃപ്തിയുടെ അകമ്പടിയുള്ള ആനന്ദത്തിൻെറ അലതല്ലലിൽ ഞാൻ മതി മറന്നു. പനിമതി പടർന്നു കളിച്ചിരുന്ന ആ പൂങ്കവിളിൽ ഞാൻ മൃദുവായി സ്പർശിച്ചു.

കേശിനി ഞെട്ടിയുണന്നു. അവളുടെ മുഖം മലന്നു. പ്രേമം നിറഞ്ഞ ഒരു പുഞ്ചിരിയുമവിടെ ഉദയം ചെയ്തു. "കൊള്ളാം...കൊച്ചുകള്ളൻ!!!— പെട്ടെന്നു്...ഇതെന്തൊരക്രമമാണു്?—"—കണ്ണുകൾ വേഗം വേഗം അടച്ചുകൊണ്ടവൾ ചോദിച്ചു.

"തങ്കം...നിന്നോടുള്ള എന്റെ സ്നേഹത്തിന്റെ പരിധി നിർണ്ണയിക്കാനാൎക്കു കഴിയും?"——

"ങാ...ഹ...പ്രസംഗിക്കാൻ തുടങ്ങിക്കഴിഞ്ഞോ? നല്ല സമയം..." ചിരിച്ചുകൊണ്ടവളെന്നെ നോക്കി!—സ്നേഹത്തിന്റെ വിജയ ചിഹ്നമായ ഒരു കടാക്ഷം!!!—പ്രേമത്തിനു് കണ്ണില്ലതന്നെ——

---

# കവിത

By

എൻ. ഹേമചന്ദ്രൻ. I. U. C.

പുലരി തൻ മഞ്ജുളകിരണങ്ങളൂഴിയി-
ലലതല്ലിയൊളി ചിന്നിയുതിരുന്നെങ്ങും.
കിളികുലം കൂജന കളഗീതിയുതിവിൺ-
തളിമന്നിൽ മുദിതരായാടീടുന്നു.
ഇരുളിന്റെ മറവാലേ കമിതാവിൻ കിരണങ്ങൾ
പുണരുവാനരുതാഞ്ഞോരംബുജങ്ങൾ,
വിരഹജ വിധുരതാലഹരിയിൽ വിഹരിച്ചു
വിവശരായ്, തൊഴുകയ്യുമേന്തിനില്പ്പോ;
അരുണിമ പൂശിയ ദിനകരൻ മന്ദമാ-
യുയരുന്നു നെടുവാനിൻ ചരുവിൽനിന്നും.
വിടരുന്നു കൂപ്പുകൈ വിടരുന്നു മെല്ലവേ
മൃദുഹാസം നിറയുന്നു, കമലിനിയിൽ.
സുരഭില കുസുമങ്ങൾ തഴുകി, സുഗന്ധത്തിൽ
മുഴുകിയപ്പവനനുമണയുന്നെങ്ങും.
നിരുപമരുചിരത നിറയുമിപ്പുലരിതൻ
വിരവതിൽ നിഴലിപ്പു 'കവിതാദേവി'

---

# അവൾ

By

മണിമംഗലാലയം കുട്ടികൃഷ്ണൻനായർ, കെ. ജൂനിയർ ബി. എ.

അവൾ ഏവക്കും അനപേക്ഷണീയയാണ്. അവളുടെ അനുഗ്രഹമില്ലെങ്കിൽ ലോകം പാടേ മാറിപ്പോയേനെ. അവൾ ഒരു സോഷ്യലിസ്റ്റാണ്. പണ്ഡിതനെന്നും, പാമരനെന്നും, ധനവാനെന്നും, നിർധനനെന്നുമുള്ള വ്യത്യാസം അവൾക്കില്ല. കുടിലിലും, കൊട്ടാരത്തിലും, മരപ്പൊത്തിലും, ഗുഹയിലും അവളുടെ അനുഗ്രഹഹസ്തം എത്താറുണ്ട്. പക്ഷെ ധനത്തെ ഭയമാണ്. കോടീശ്വരന്മാരുടെ വെണ്മേടകളിൽ അവൾ സങ്കോചത്തോടെ മാത്രമേ അകത്തു പ്രവേശിക്കുകയുള്ളു. ദുഷ്ടന്മാരെ അവൾക്ക് ഭയമാണ്. എന്നാൽ ദുഷ്ടവിചാരങ്ങളെയാണ് കൂടുതൽ ഭയം. മലിനവിചാരത്തിൻെറ ഒരംശം മതി അവളെ നമ്മിൽനിന്നും വേർതിരിക്കാൻ. അവൾ അത്രകണ്ടു് നിർമ്മലയാണ്.

ജീവലക്ഷങ്ങളുടെ അമ്മയാണവൾ. അവളുടെ താലോലിപ്പിൽ നാമെന്തെന്നില്ലാത്ത ആനന്ദം അനുഭവിക്കുന്നു. അവളുടെ മടിത്തട്ടിൽ തലചായ്ക്കുമ്പോൾ നാകലോകം നമ്മുടേതാകും. യാതനകൾക്കും, ക്ലേശങ്ങൾക്കും അവളുടെ സമീപത്തിൽ സ്ഥാനമില്ല. ആദ്യമായി ലോകം കാണുന്ന പിഞ്ചുപൈതലും, ചോരത്തിളപ്പുകൊണ്ട് ലോകത്തെ അഹങ്കാരപൂർവം അവലോകനം ചെയ്യുന്ന യുവാവും, സംസാരസിന്ധുവിൽ മുങ്ങാൻ പോകുന്ന പടുവൃദ്ധനും അവളിൽ അനശ്വരത്വം കാണുന്നു.

ആശ്വാസവും, ആഹ്ലാദവും, പ്രദാനംചെയ്യുന്ന ഒരു മരുന്നു കച്ചവടക്കാരിയാണവൾ. ജീവിതായോധനത്തിൽ തളൎന്നുവശായ പടയാളിയും, രാഷ്ട്രത്തിനുവേണ്ടി അശ്രാന്തയത്നം ചെയ്യുന്ന രാജ്യസ്നേഹിയും, അഭിനവങ്ങളായ അനവധി ചട്ടങ്ങളും, നിയമങ്ങളുംകൊണ്ട് രാജ്യത്തെ ശ്വാസംമുട്ടിക്കുന്ന നിയമപണ്ഡിതനും, ചെങ്കോലും, പൊൻ കിരീടവും ധരിക്കുന്ന രാജാധിരാജനും, വിവേചനാശക്തിയില്ലാത്ത ശിശുവും, അവളുടെ സമീപത്തിൽ വെറും പാവകളാണ്. അവളുടെ ഒരവജ്ഞാവലോകനം മതി ഇവരെ വഴിതെററിക്കാൻ. ഒരു ഗുളികയ്ക്കുവേണ്ടി ആ ഭിഷഗ്വയുടെ മുൻപിൽ എത്രയെത്ര കോടീശ്വരന്മാർ മുട്ടുകുത്തുന്നില്ല? രോഗികളെ തിരിച്ചറിഞ്ഞു ചികിത്സിക്കാൻ അവൾക്കുള്ള പാടവം അന്യാദൃശമാണ്. വിലമതിക്കാൻകഴിയാത്ത അവളുടെ മരുന്നുകൾ കരുതലോടുകൂടിമാത്രമേ അവൾ ചിലവഴിക്കു. പക്ഷെ, ചില രോഗങ്ങൾക്ക് അവളുടെ കയ്യിൽ മരുന്നില്ല.

പണത്തിന്റെ ഉന്മാദത്തള്ളലിൽ തൃപ്തനാകുന്നവനും പാവങ്ങളുടെ രക്ത മൂററിക്കുടിച്ചുദരം വീർത്തവനും യുവതചത്തിൻെറ കോളിളക്കത്തിൽ കുതിച്ചു ചാട്ടുന്ന അഭിമാനേച്ഛുവും തൊഴിലാളിയെ തൊഴിച്ചതുകൊണ്ടു പാദം വേദനിക്കുന്ന മുതലാളിയും, അവളെ സമീപിച്ചാൽ വൃഥാ പോകേണ്ടി വരും. അവളുടെ മരുന്നിനൊരു വിശേഷമുണ്ടു്. അതു് ഒററ മൂലിയാണു്. നിസൎഗ്ഗസുന്ദരമായ ഒരു ഭാവനാചിത്രം ആ മരുന്നു സേവിച്ചാൽ നമുക്കു് കാണാൻ കഴിയും. ഭിഷഗചൎയ്യ......അവളാരാണു്?......

അവൾ ഒരു കുഞ്ഞാണു്. സൂക്ഷ്മതയെന്നുള്ളതവളുടെ നിഘണ്ടു വിൽ ഇല്ല. തത്തചബോധവും, നന്മതിന്മ വ്യത്യാസവും, അവൾക്കറിഞ്ഞു കൂടാ. അവളുടെ ലീലയിലാകൃഷ്ടരാകാത്ത മനുഷ്യവൎഗ്ഗങ്ങളും, നിശ്ചലരാ കാത്ത പക്ഷിവൃക്ഷമൃഗാദികളും കാണുകയില്ല. എന്നാൽ, വാവലിനെ പ്പോലെയുള്ളവൎക്കു് അവളുടെ കളിയിൽ സന്തോഷിക്കാൻ ഹൃദയമില്ല. ലോകംവെല്ലാൻ വെമ്പുന്ന സമരനായകനും, സമാരംഭങ്ങളെ സമാപി പ്പിക്കാൻ വെമ്പുന്ന കൃത്യജ്ഞനും, കാളസൎപ്പത്തെ ജയിക്കുന്ന ഭയങ്കരസംഭ വനും കലയെന്തെന്നറിയാത്ത അജ്ഞനും, അവളുടെ ക്രീഡയിൽ നിർവൃതി കാണുന്നു. കുഞ്ഞാണെങ്കിലുമവളുടെ കളിയ്ക്കു് ഒരു പ്രത്യേകതയുണ്ടു്. ഒരു പുതുമയുണ്ടു്. അതിലൊരു സൌകുമാര്യം ഉണ്ടു്. സൎവ്വഹൃദയാഹ്ലാദക മായ ലീലകൊണ്ടു് മൎത്ത്യരെ തിൎയ്യക്കാക്കുന്ന ആ ഓമനക്കുഞ്ഞാരാണെന്നു് നിങ്ങൾക്കറിയാമോ?.........

അവൾ അനശ്ചരവും, അഭികാമ്യവും, അഗോചരവുമായ ഒരു സുന്ദര ഭാവനാസാമ്രാജ്യമാണു്. സമുദായ സംഘട്ടനത്തിനും, രാഷ്ട്രീയവാദത്തി നും, ഏകഛത്രാധിപത്യത്തിനും, ലക്ഷപ്രഭുക്കളുടെ വാഴ്ച്ചക്കും, അവിടെ സ്ഥാനമില്ല. ഐക്യത്തിൽ ആ അനന്തവിശാലമായ സാമ്രാജ്യം ഒരുദാഹ രണമാണു്. ദൈനംദിനജീവിതത്തിലുള്ള വൈഷമ്യങ്ങളോ, വിഷാദ ങ്ങളോ, പശ്ചാത്താപങ്ങളോ, ആ ലോകത്തിൽ കേറക്കാനില്ല. ജീവിത വുമായുള്ള ദചന്ദചയുദ്ധത്തിൽ തളൎന്നവൎക്കും, അവശൎക്കും, ആൎത്തൎക്കും, ഈ മോഹനലോകം ഒരു അഭയകേന്ദ്രമത്രെ. വ്യക്തികൾക്കു് ഇടംവലംതിരി യാൻ കഴിയാത്ത നിയമങ്ങളോ, അധികാരങ്ങളോകൊണ്ടല്ലാ ആ അജ്ഞാ തമായ സുന്ദരലോകം ഭരിക്കപ്പെടുന്നതു്. സചർഗ്ഗതുല്യമായ ആ സാമ്രാ ജ്യം...അവൾ...ഏതാണു്?

രണ്ടു മരുഭൂമികളുടെ നടുവിലുള്ള ഒരു പുൽപ്പാടമാണവൾ. മണലാ രണ്യത്തിൽ നടന്നുവലഞ്ഞവൎക്കു് അവളുടെ പുൽത്തറ ആഹ്ലാദത്തോടെ സചാഗതമരുളും. പ്രചോദനപരാഗംപുരണ്ട കുളിർതെന്നൽകൊണ്ടു് ആ

പാന്ഥന്മാരെ അവരം ആശ്ലേഷിക്കും. ചൂടുകൊണ്ടു് പഴുത്ത പരുപരുത്ത മണലിൽ ചവുട്ടിയ അവരുടെ പാദങ്ങരം അവളുടെ ആശ്ലേഷത്തിൽ വിശ്രാന്തി നേടും. കഴിഞ്ഞയാത്രകളിലുള്ള ക്ഷീണവും, ഇനി കടക്കേണ്ട വഴിയെക്കുറിച്ചുള്ള വിചാരവും, അവരം അവരിൽനിന്നും നിശ്ശേഷം നീക്കം ചെയ്യും. എന്നാൽ അവളിൽ വിശ്രാന്തരായ അധ്വഗന്മാർ അവളിൽ പുതിയ യാത്രയ്ക്കുള്ള നവോന്മേഷം കാണും. നേരെമറിച്ച്, വായുവിമാനത്തിൽ ആതപ്തമരുഭൂമി തരണം ചെയ്യുന്നവർക്ക് വിദൂരത്തിൽനിന്നും അവളെ കാണുകയല്ലാതെ, അവളെ സ്പൃശിക്കാനോ, അവളിൽ അകമഴിയുവാനോ കഴിയുന്നില്ല. പുൽപ്പാടം......അവരം......എന്താണ്?......

അലോകസുന്ദരമായ ഒരു സ്വതന്ത്രരാജ്യത്തിലെ അവിഭാജ്യഘടകമാണവരം. ജുഗുപ്സാവഹങ്ങളായ നിന്ദനങ്ങളോ, മർദ്ദനങ്ങളോ, ഏററിട്ടില്ലാത്ത ഒരു വീരവനിതയാണവരം. കൈ നീട്ടിയിൽ വഴുതിപ്പോകുന്ന ഒരോമന സ്വപ്നമാണവരം. മരീചിക, ചലനാത്മകമായ ജീവിതത്തിന്റെ സുന്ദരമായ ഒരു നിഷേധമാണ് അവരം, പ്രപഞ്ചംമുഴുവൻ താറുമാറാക്കാൻ കെൽപ്പുള്ള ഒരാററംബോംബാണവരം. അവളുടെ ഒരു അശ്രദ്ധ മതി ഇന്നത്തെ സംഭവബഹുലമായ സാമ്രാജ്യം നാളത്തെ നിശ്ചലലോകമായി പരിണമിക്കാൻ. അത്രകണ്ടു് മാസ്മരവിദ്യയിൽ നിപുണയാണവരം. അവരം......അവളാരാണ്?

അവളാരാണെന്നിനിയും നിങ്ങരംക്കു മനസ്സിലായില്ലേ? കഷ്ടം. വിശേഷിച്ചാരുമല്ല അവരം. നിങ്ങളുടെ സഹചാരിണിയാണവരം. നിങ്ങരം ക്ഷീണിച്ചിരിക്കുമ്പോഴും, അധ്യാപനപടുക്കളായ പ്രഫസറന്മാരുടെ ക്ലാസ്സുകരം ശ്രദ്ധിക്കുമ്പോഴും, സമയം പോക്കാൻ പഴുതുകാണാതെ പരുങ്ങുമ്പോഴും, അവളുടെ വിശാലമായ വക്ഷസ്സാണ് നിങ്ങരംക്കു് അഭയമരുളുന്നതു്. ആരാണെന്നിനിയും മനസ്സിലായില്ലേ? ഇല്ലെങ്കിൽ അവരം സ്ത്രീരൂപം ധരിച്ച ഒരു ജാലവിദ്യയാണ്. അവളുടെ കൺകെട്ടുവേലയിൽ നാം മായാലോകം കാണും, ഒരേകാന്തമായമൂകലോകം. ഇപ്പോഴെങ്കിലും അവളെപ്പററി വല്ലതുമൂഹിച്ചുവോ ? ഇനിയും അവളാരാണെന്നു പറയുന്നില്ലെങ്കിൽ അതൊരു സാഹസമാണ്. ഞാൻതന്നെ പറയാം. അവരം കുഞ്ഞല്ല, അമ്മയല്ല, മരുന്നുകച്ചവടക്കാരിയല്ല, പുൽപ്പാടമല്ല, സാമ്രാജ്യവുമല്ല, ആരുമല്ല............നിദ്രാദേവി.........

> "The innocent sleep,
> Sleep that knits up the ravell'd sleave of care
> The death of each days life, Sore labour's bath
> Balm of hurt minds, great nature's second course,
> Chief nourisher in life's feast."

---

# ടാജ്മഹാൾ

By

(എം. കെ. ഭാസി. I. U. C.)

'ലതിക'—മാമകഹല്ല പ്രതീക്ഷതൻ
ലതിക പൂവിട്ട മോഹന കുഡ്മളം-
ഇവിടെയാണഹോ! നിത്യസുഷുപ്തിയി-
ലമരുമേകാന്ത ശാന്തി കുടീരകം.
അലയടിച്ചടിച്ചെത്തും വികാരമെൻ
ഹൃദയതീരം കരന്നു പിന്മാറവേ,
ഇവിടെ, യിച്ചെറു കല്ലറ മുന്നിലെൻ
കദനഭാരമിറക്കി വയ്ക്കട്ടെ ഞാൻ.
സുദൃഢ രാഗവികാര വിവശമാം
ഹൃദയരക്തത്താലിീനട വേദിയിൽ
അവനതാസ്യനായ് നിന്നു ഞാനിങ്ങനെ
ലിഖിതമാക്കട്ടെന്നന്ത്യ സംഗീതകം.
മധുരമാകുമൊരായിരമാശകൾ
ജല കണികപോൽ പൊട്ടിത്തകർന്നഹോ!
ഇവിടെ, യെൻ ചെറു 'ടാജ്മഹാൾ'ക്കുള്ളിലാ-
യമരുന്നുണ്ടൊരു രാഗാർദ്ര മാനസം.
അനഘമാകുമെൻ ബാഷ്പോപഹാരമി-
പ്രണയ കോവിലിലർപ്പിപ്പൂ ഞാനിതാ.
ഇവിടമാണെൻെറ ശാന്തിനികേതനം
ഇവിടെയാണെൻെറ പ്രേമതീർത്ഥാടനം.

———

## "സ്വപ്നപ്പുരയിൽ"

By

R. Rabindranadh Class III

i

"നില്ല നില്ല നീയാരു ജീവിതം
ഫല്ലമാക്കുന്ന യാമിനീ?
മാമക ഹൃദന്തത്തിലെപ്പൊഴും
മാമഴ വില്ല വീശി നീ;
കോകില കള കൂജിതസ്വപ്നം
തൂകി, ശാന്ത മധുരമായ്
മഞ്ജരികളുമൊത്തു മഞ്ജുള
കുഞ്ജകത്തിൽ വസിപ്പൂ നീ.
ആരു നീ നവ നിർവൃതിയിലി-
ന്നാരെയും മഗ്നമാക്കുവാൻ!
പുഞ്ചിരിക്കവേ ലോകമൊക്കെയും
സഞ്ചിതാഭമായ്ത്തീർക്കുവാൻ;
ആരു നീ നിൻെറ യാഗമത്തിലീ
ക്കോരകങ്ങളം വിരിയുവാൻ!
ഇക്കിളിക്കൂട്ട മെന്മനത്തിലു-
മക്കനെകാംഗുലികളാൽ
ഉൽക്കട പ്രഭാകേന്ദ്രമായി നി-
ന്നംകളത്തിൽ വിലസുവാൻ
ദേവി! ആരുനീ, ദാസനാണുഞാൻ
പാവനേ! മനോ മോഹനേ!"

II

ചെഞ്ചൊടി വിട്ടേത്താതിയോമലാം
പുഞ്ചിരിച്ചു മധുരമായ്
"ഇത്രയെല്ലാമടുത്തറിഞ്ഞിട്ടു-
മിത്രമേൽ ശങ്ക വന്നിതോ?
നീരജത്തെ മറന്നിടുന്നോ സുര-
നാരു ഞാൻ, അറിവില്ലയോ?
ഭക്തിപൂർവ്വം ഭജിപ്പൂ നീയൊരാ-
സക്തിയാലജ്ഞതമൊന്നിനെ!

ലോകമെല്ലാം പുകഴെഴുന്നൊരു
നാകമെൻ ജന്മഭൂമിയാം.
കാവ്യലോകത്തിലെങ്ങുമേ പരി-
സേവ്യയായ് ഞാൻ വിലസവേ,
നവ്യഭാവനാജാലമെൻ മനോ-
രമ്യചിത്രം വരയ്ക്കവേ,
നീയറിയാതെ നിൻ ഹൃദയത്തി-
ലായിതെൻെറ സിംഹാസനം !!
ദിവ്യമാം "പ്രേമ" മാണു ഞാൻ, മോദ-
ഹവ്യ, മാത്മസംതൃപ്തിദം."

III

കമ്പിതനായി നിന്നു പോ, യനു-
കമ്പയോടവളോതവേ ;
ശാന്തയായോമലാം മൊഴിയവേ
താന്തമായ്ത്തീർന്നിതെൻ മനം.
"എന്തിതെന്തു നീ പ്രേമമോ, ജഗ-
ദന്തകമന്ത്രമൂർത്തിയോ ?
വെന്തിടുന്നു നിൻ കാന്തിയിൽ മതി-
ഭ്രാന്തിയാൽ മൂഢ മാനസം.
നീററിടുന്ന നിരാശനീ നിൻെറ
യുററ ഭക്തക്കു നൽകിടും.
പ്രാണവേദന കേട്ടിടുന്നു നീ
വീണവായനയായ്മുദാ.
തപ്തബാഷ്പ, മസ്വാസ്ഥ്യവും പരി-
ശപ്തയാം നിൻെറ മുദ്രകൾ !
ഇല്ല, ഞാൻ നിന്നെയല്ല പൂജിപ്പ-
തല്ലലിൻ നല്ല രൂപമേ !"

IV

മങ്ങലേലാതെ മന്ദഹാസാർദ്ര
മഞ്ജുളാനനാ സ്നിഗ്ദ്ധയായ് ;
വാടിയതില്ല പുഞ്ചിരിസ്സുമ-
വാടി ഭർത്സന വെയ്ലിലും.
വേണുനാദം പണിഞ്ഞിടും മധു-
വാണി ഞാനും ശ്രവിക്കയായ്:-

"അജ്ഞഭാഷണം കേട്ടു ഞാൻ ഗത-
പ്രജ്ഞയാകുകില്ലല്പവും.
തെററിയെന്നൊന്ധരിച്ചു ജല്പിപ്പു
കുററവാളിയായ് കേവലം.
കാമമല്ല, സന്ത്യാഗമെന്നുമ-
ന്നാമ മത്ഥമാക്കീടവേ
എന്തുമേയനുഷ്ഠിപ്പു മാനുഷ-
രെൻെറ പേരിൻ മറവിലായ്.
അഗ്നിഭോജ്യമെന്നോർത്തണഞ്ഞതിൽ
ഭഗ്നമാമീയൽ പോലവേ
നൊന്തിടുന്നറിവെന്നിയേ, സ്വയം
ചിന്തിടുന്നു തൻ വാളിനാൽ
ജീവിതം മധുരിപ്പു മാമക
ശ്രീവിലാസ വിശുദ്ധിയിൽ.
നാകവുമിപ്രപഞ്ചവും തമ്മി-
ലാകെ ബന്ധിപ്പു ഞാൻ മുദാ.
ത്യാഗശീതള സാനുവി, ലനു-
രാഗ വാഹിനിയാണു ഞാൻ."

---

188

# கடமை

BY

SARADA BAI WILLIAMS, CLASS IV.

ஆகஸ்டு 1943. மாலைப்பொழுது. கதிரவன் தன் முகத்தினின்றும் பிரகாசம் நீங்கக் கடலுள் மூழ்கி விட்டான். இரவும் "இதோ நான் வருகிறேன்" என்று சொல்லிக்கொண்டே கிளம்பிற்று. தென்றல் ஜிலு ஜிலு என்று வீசத்தொடங்கியது. தண்மதியும் தன் வெண்ணிலாவைப் பரப்பினான்.

நாலைந்துபேர் ஒரு வீட்டின் முற்றத்திலிருந்து ஏதோ ஒன்றைப் பற்றி மிகவும் ஆழ்ந்த ஆலோசனையில் ஈடுபட்டிருந்தார்கள். இவர்களை எழிலே உருவெடுத்தாற் போன்ற ஒரு மங்கை நல்லாள் பலகணி வழியாக உற்றுக் கவனித்துக் கொண்டிருந்தாள். நீண்டு சுருண்ட கூந்தல், பிறைச் சந்திரன் வருந்தும் நுதல், கயலைப்பழிக்கும் கண்கள் முதலியவைகளை ஒன்றுசேர்த்துப் பிரமன் தனது கைத்திறனைக் காட்டும்படி புனைந்த ஒரு பாவைபோல் தோற்றமளித்தாள். அவளுடைய கண்களில் நீர் நிறைந்திருந்தது. கொஞ்ச நேரம் நின்றுவிட்டு முடிவில் துக்கம் பொறுக்கமுடியாமல் படுக்கையில் போய்க் குப்புற விழுந்தாள்.

மணி ஒன்பது இருக்கும். கூட்டம் கலைந்தது. ஜெயராஜன் 'லளிதா லளிதா' என்று கூப்பிட்டுக் கொண்டே உள்ளே சென்றான். அவளுடைய முகவிகாரத்தைக் கண்டு அவன் சிரித்துக்கொண்டு "அம்மா வீட்டுக்குப் போக ஆசை வந்து விட்டதா" என்று கேட்டான். அவள் "இந்த ஆடவர்கள் எவ்வளவு அழகாகத் தங்கள் எண்ணங்களை மறைத்துக் கொள்ளுகிறார்கள்" என்று நினைத்துக்கொண்டு "சரி நீங்க போஸின் சேனையில்போய் சேருங்களேன்" என்று சொல்லிவிட்டுத் துக்கம் தாங்க முடியாமல் அழுது விட்டாள்.

ஜெயராஜனுக்குத் தூக்கம் வரவில்லை. அவன் படுக்கையில் அங்கும் இங்குமாகப் புரண்டுகொண்டிருந்தான். லளிதா தூக்கத்தில் "நீங்கள் போக வேண்டாம் போக வேண்டாம்" என்று சத்தம் இட்டது அவன் மனதில் ஊடுருவிப் பாய்ந்தது. அவனது நான்கு வயதான குழந்தை சீனுவின் முகம் "அப்பா நீங்க அம்மாவை விட்டு எங்கே போறீங்க" என்று அவனிடம் கேட்பதுபோல் அவனுக்குத் தோன்றினது.

பழைய நினைவுகள் அவனது மனதில் உதித்தன. அவன் வாழ்க்கையில் இதுவரை ஒரு புயலும் அடித்தது கிடையாது. இருவரது கப்பல்களும் வாழ்க்கைக் கடலில் இதுவரைச்சேர்ந்தே போயின. ஆனால் இன்றோ கொந்தளிப்பினால் அவனுடைய கப்பல் அவளுடைய கப்பலை விட்டு வே

ஞெரு திசையாக ஓடப்போகின்றது. இனி அவளுடைய கதியென்ன? அன்று புரோகிதரிடமிருந்து அவளுடைய கையை அவன் பற்றியபோது அவள் அவனைக் கடைக்கண்ணால் பார்த்த பார்வை, அப்பொழுது அவன் மனத்தில் தோன்றிய உணர்ச்சிகள் முதலியவை அவன் மனத்தில் எழுந்தன. என்ன தீர்மானத்தோடு பற்றினன்? அவளை அவனுடைய உயிருள்ள காலம் வரை காப்பாற்றுவான் என்றல்லவோ? அடுத்த நிமிடமே நாட்டின் பொருளாதாரநிலை, அரசியல்நிலை, மதங்களின் திருவிளையாடல்கள், ஜாதிப் பேயின் கொடுமைகள் முதலியன அவன் முன்னே தோன்றின. புலன் இச்சைகளுக்குள்ளாகிச் சிற்றின்பங்களில் ஆழ்ந்து கிடக்கின்ற மக்களுக்கும் கேவலம் மிருகங்களுக்கும் என்ன வேற்றுமை? குடும்பம் என்றால் என்ன? ஆழ்ந்து ஆலோசிக்கப்போனல் உலகம் ஒரு குடும்பம்தானே என்ற உண்மைத்தத்துவம் அவன் மனத்தில் எழுந்தது. இனித் தாமதிப்பதில் பயனில்லை என்றுன்னி அவனது அருமை மனைவிக்கும் ஆருயிர்க் குழந்தைக்கும் ஒவ்வொரு முத்தம் கொடுத்துவிட்டுச் சந்தடியின்றி வெளியே சென்றான்.

காலச் சக்கரம் சுழன்றுகொண்டே சென்றது. ஆரம்பத்தில் லளிதாவுக்கு அவளுடைய கணவனிடமிருந்து கடிதங்கள வந்தன. பின்னர் கடிதங்கள் இல்லை. போஸின் சேனை தோற்றுப்போனதாக ஒரு செய்தி கிடைத்தது. இதற்குள் வீட்டிலும் வறுமைப்பிணி குடிகொண்டது. அவளது பையனின் புத்திசாதுரியத்திலும் அழகிய பேச்சிலும் லயித்திருந்தவள், திடீரென்று நோய் வாய்ப்பட்டாள். வைத்தியர்கள் காசநோய் என்றார்கள். ஒரு வேலையும் செய்ய முடியாது. ஆனல் பக்கத்து வீட்டில் ஒரு கணவனும் மனைவியும் இல்லறம் இனிது நடத்தி வந்தார்கள். ஆனல் காதற் கனியாகிய குழந்தைப் பாக்கியம் அவர்களுக்கில்லை. அந்த வீட்டு எஜமாட்டி ஜானகி லளிதாவின் குழந்தைக்கு வேண்டிய உதவி செய்து வந்தாள்.

ஒரு நாள் இரவு. சந்திரன் வெள்ளிக்கிண்ணத்திலிருந்து பாலைக் கொட்டினாற்போல் தனது வெண்ணிலாவைப் பரப்பிக்கொண்டிருந்தான், சீனு நெருப்பில்லாத ஒரு சிகரெட்டை எடுத்து ஊதிப் பார்த்துக்கொண்டிருந்தான். புகை வராததைப் பார்த்து தாயிடம் சென்று "அம்மா நான் ஊதுகிறபோது இதில் புகை வருகிறதில்லையே. ஆனல் அடுத்தாத்திலிருந்து கலாசாலையில் வாசிக்கிறனல்லவா மனோகரன் அண்ணன், அவன் ஊதுகிற போது புகை வருகிறதே? அது ஏன்? அவன்தான் எனக்கு இதை நான் கேட்டபோது தந்தான்" என்றான். லளிதாவுக்குக் கோபம் பொங்கியெழுந்தது. பின்னர் அதை அடக்கிக்கொண்டு சீனுவிடம் அதை எறிந்துவிடச் சொன்னாள். நாட்டுக்கு முன்மாதிரியாக இருக்கவேண்டிய கலாசாலை மாணக்கர் பின் மாதிரியாக இருப்பதை நினைத்து வருந்தினாள். சிகரெட் அவர்களுடைய நாகரிகத்தின் சின்னமாயிருப்பதை மறந்து விட்டனள் போலும். "இனி கள் குடித்துவிட்டு உருளுவதும் நாகரிகத்தின் சின்னமென்று சொல்கின்ற நாட்கள் வாராமலிருந்தால் போதும்."

